സീറോ മലബാർ സഭയുടെ റാസക്രമം

പഠനത്തിനു്

സബ് കമ്മറ്റി തയ്യാറാക്കിയതു്

നവംബർ, 1984.

220

സീറോ മലബാർ ലിറ്റർജി

റാസക്രമം

അഭിപ്രായത്തിനു് സമർപ്പിക്കുന്നതു്

1984

Printed at the Catholic Mission Press
Kottayam I

പ്രസ്താവന

സീറോ മലബാർ റാസക്രമം തയ്യാർ ചെയ്യാൻ നിയുക്തമായ കമ്മീ റ്റിയിലെ അംഗങ്ങളായ ഫാ. ജെയിംസ് ചാവേലി, ഫാ. ജേക്കബ് ഏറനാട്ട്, ഫാ. സീലാസ് C.M.I., ഫാ. തോമസ് മണ്ണൂരാംപറമ്പിൽ, ഫാ. ജേക്കബ് വെള്ളിയാൻ എന്നിവർ ചേർന്ന് തയ്യാറാക്കിയതാണ് ഈ ടെക്സ്റ്റ്. കമ്മിറ്റിയുടെ മീറ്റിംഗ്രകളിലെല്ലാംതന്നെ ലിറ്റർജി കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി ഫാ. ആൻറണി നരിക്കളം സംബന്ധി ച്ചിരുന്നു.

A വ്യതിയാന വിധേയമായ ഭാഗങ്ങൾ

കുരിശടയാളം

P. 5 ആരംഭത്തിൽ കുരിശിൻെറ അടയാളം വരയ്ക്കുന്നത്, മൂലത്തിലിലെല്ലെങ്കിലും, കുർബാനയ്ക്കു മുൻപ് സപ്രായും, റംശായും ചൊല്ലാത്തപ്പോഴും സ്വീകാര്യമാണെന്നായിരുന്നു പൊതു അഭിപ്രായം. എന്നാൽ 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' എന്ന ഫോർമുലകൂട്ടി കുരിശുവരയ്ക്കുന്നതിനെപ്പറ്റി ഭിന്ന അഭിപ്രായമുണ്ടായിരുന്നു.

P. 5 ''ഭൂമിയിൽ ദൈവ പ്രീതി ലഭിച്ചവർക്ക് സമാധാനം.''
(better exegesis? but psita text).

P. 6 തിന്മയിൽ നിന്നും രക്ഷിക്കണെ.
(better exegesis?)

ഞങ്ങളുടെ പിതാവായ ദൈവമെ

p. 7 'ഞങ്ങളുടെ കർത്താവായ ദൈവമേ' എന്നതാണു നമ്മുടെ സാധാരണ അഭിസംബോധനയെങ്കിലും പിതാവിനെ വിളിച്ചാണ് പ്രാർത്ഥിക്കുന്നതെന്നു അനുമാനിക്കാമെങ്കിൽ അതു വ്യക്തമാക്കാൻ ''ഞങ്ങളുടെ പിതാവായ ദൈവമേ'' എന്നു സംബോധനയാക്കിയിട്ടുണ്ട്.

P.8:11 റാസയിൽ മൂന്നു സങ്കീർത്തനങ്ങളും ഉണ്ടെങ്കിലും സമയ ദൈർഘ്യത്തെ പരിഗണിച്ചു ഏതെങ്കിലും ഒരു സങ്കീർത്തനം മതിയെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

P. 13 പണ്ടു റാസയിൽ ഉണ്ടായിരുന്നതുപോലെയും വ്യാഖ്യാനങ്ങളിൽ കാണുന്നതുപോലെയും സങ്കീർത്തനങ്ങളുടെ അവസാനം ''മഹാസഭയിൽ ഞാൻ അങ്ങയെ ഏറ്റുപറയും ജനസമൂഹത്തിൽ ഞാനങ്ങയെ സ്തുതിക്കയും ചെയ്യും.'' എന്നതു കൂട്ടിചേർത്തിട്ടുണ്ട് (സങ്കീ.84).

P. 7 മുടി ചൂടി നില്ക്കുന്ന സഭയിൽ എന്നതു് 'മഹത്വപൂർണ്ണമായ സ്വർഗ്ഗീയ സഭയിൽ' എന്നാക്കി. (Intelligibility?)

P. 20 പഴയനിയമ വായനക്കാരിൽ ഒന്നാമനുമാത്രം നല്കിയിരുന്ന ആശീർവാദവാക്യം രണ്ടാം വായനക്കാരനെ കൂടി ഉൾപ്പെടുത്തണമെന്നു നിർദ്ദേശിച്ചു. ഈ ആശിർവാദത്തിനു പകരം ''മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ'' എന്നു് ഒരു ചെറുവാക്യം ചേർത്തിട്ടുണ്ടു്. (''ദൈവം നിങ്ങളെ..... '' എന്നുമാകാം.)

P. 21 പഴയനിയമ വായനകൾക്കും മറുപടി വേണമെന്ന ഉദ്ദേശ്യത്തോടെ ''ദൈവമായ കർത്താവിനു സ്തുതി'' എന്നു് കൂട്ടിച്ചേർത്തിട്ടുണ്ടു്.

P. 22 വായനകൾക്കു മുമ്പുള്ള പ്രാർത്ഥനകളിൽ ഒന്നാമത്തേതു് ഏറ്റവും അനുയോജ്യമെന്നു തോന്നിയതിനാൽ ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും എന്ന പരിമിതി മാറ്റി അതു് പൊതുവായ രണ്ടു പ്രാർത്ഥനകളിൽ ഒന്നാക്കിയിട്ടുണ്ടു്.

P. 24 ലേഖനം വായിക്കുന്ന ഡീക്കനു് നല്കുന്ന ആശീർവാദത്തോടൊപ്പം ''മിശിഹാ നിന്നെ അനുഗ്രഹിക്കട്ടെ'' എന്ന ചെറിയ ഫോർമുല കൂട്ടിചേർത്തിട്ടുണ്ടു്.

P. 35 ''അങ്ങയുടെ സ്വന്തമായ ഈ ജനത്തെയും സമൃദ്ധമായി അനുഗ്രഹിക്കണമെ'' എന്നതു് (1968–ൽ കൂട്ടിച്ചേർത്തതു്) ഇതിൽ ഉപേക്ഷിച്ചിട്ടില്ല.

P. 36 1983–ലെ നിർദ്ദേശമനുസരിച്ചു് അയോഗ്യരെ പിരിച്ചു വിടുന്നതിനു് ക്രിയാത്മകമായ ഒരു ഫോർമുലകൂടി കൂട്ടിച്ചേർത്തിട്ടുണ്ടു്.

P. 42 നമ്മുടെ കർത്താവീശോമിശിഹായുടെ 'തിരുരക്തം' 'തിരുശരീരം' ഈ പ്രയോഗങ്ങളും പൗരസ്ത്യാരാധന ക്രമങ്ങളിൽ അനാഫൊറയ്ക്കു മുൻപുതന്നെ ഉപയോഗിക്കാറുണ്ടെങ്കിലും അർത്ഥം വ്യക്തമാകുന്നതിനു് അപ്പവും വീഞ്ഞും ഒരുക്കുമ്പോഴും, ''തിരുശരീരമാകാനുള്ള അപ്പം'' തിരുരക്തമാകാനുള്ള വീഞ്ഞു'' എന്നു് ആദ്യത്തെ ഘടനയിൽ ആക്കിയിട്ടുണ്ടു്. ഇതിനുപകരം ''ശരീരത്തിന്റെ പ്രതീകമായ അപ്പം'' എന്നിങ്ങനെയാകാമെന്നും അഭിപ്രായമുണ്ടായി. രണ്ടാം ഘടനയിൽ (കളർ പേജുകൾ) മൂലവും 1983–ലെ നിർദ്ദേശവും അനുസരിച്ചു് ''തിരുശ്ശരീരവും തിരുരക്തവും'' എന്നതന്നെ ഉപയോഗിക്കാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

P. 44 ഓനീസാ ദ്റാസേയിൽ നെസ്കാറെവു് എന്നതിനു് 'സമീപിക്കാം' എന്ന അർത്ഥമുള്ളതിനാൽ (സമർപ്പിക്കാം എന്നതിനുപകരം) സമീപിക്കാം എന്നു് കൊടുത്തിട്ടുണ്ടു്.

P. 47 ഒന്നാം ഡീക്കൻ നല്കുന്ന ഡിപ്റിക്കിൽ ചില പേരുകൾ കൂട്ടിച്ചേർത്തിട്ടുണ്ടു്.

P. 52 സ്ഥാപന വാക്യങ്ങളുടെ ഘടനയും അർത്ഥവും വ്യക്തമാക്കാൻ ഈശോ എന്ന വാക്കു് ഇടയ്ക്കു് കൂട്ടിച്ചേർത്തു. ''അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന'' എന്നതിനു് ''എല്ലാവർക്കും വേണ്ടി'' എന്നാക്കണമെന്നു് അഭിപ്രായമുണ്ടായി.

''വാഴ്ത്തി'' എന്നതിനു് ദുശ്ശകുനമെന്നല്ല അർത്ഥമെന്നതിനാൽ കുരിശടയാളം വരക്കണമെന്നു് അഭിപ്രായമുണ്ടായെങ്കിലും മരണത്തെ പ്രതീകാത്മകമായി കാണിക്കുന്നതിനാലും 1983–ൽ റോമിൽ നിന്നു വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നതിനാലും കുരിശടയാളം ✠ ✠ ✠ ഉംപ്പെടുത്തിയിട്ടുണ്ടു്.

P. 53 ''സജീവവും പരിശുദ്ധവും ജീവദായകവും'' എന്ന സ്തുതിപ്പും രൂഹാക്ഷണത്തിനുശേഷമുള്ള 'അങ്ങു ഞങ്ങൾക്കു നൽകിയ എല്ലാ സഹായങ്ങൾക്കും' എന്ന സ്തുതിപ്പും (P.57) പരസ്പരം സ്ഥാനവ്യത്യാസം സ്വീകരിക്കുന്നതു് അർത്ഥം കൊണ്ടു് കൂടുതൽ അനുയോജ്യമാണെന്ന ഒരു ചിന്താഗതി പൊന്തിവന്നു.

P. 54 ''കർത്താവേ ശക്തനായ ദൈവമേ'' എന്ന 'മദ്ധ്യസ്ഥ' പ്രാർത്ഥനയിൽ ''വേണ്ടിയും'' (ഹലാപ്) എന്നതു് on behalf of എന്ന അർത്ഥം വരത്തക്കവിധം തർജ്ജമ ചെയ്യണമെന്നു് ശക്തമായ അഭിപ്രായമുണ്ടായി. ഈ അർത്ഥത്തിൽ അനുസ്മരണത്തിനു് പുതിയ ഒരു മാനം (dimension) ലഭിക്കുന്നുവെന്നതാണു് കാരണം.

P. 56 രൂഹാക്ഷണപ്രാർത്ഥനയ്ക്കു് 'നിങ്ങൾ ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ..' എന്ന ഡീക്കന്റെ ആഹ്വാനം, 'നിന്റെ പരിശുദ്ധാത്മാവു് എഴുന്നെള്ളിവരട്ടെ' എന്നതിനുശേഷമാണു് വരേണ്ടതെങ്കിലും ഈ ടെക്സ്റ്റിൽ അതു് ആരംഭത്തിൽ ചേർത്തിരിക്കുന്നു. ആശയ തുടർച്ച നഷ്ടപ്പെടാതിരിക്കാനാണു് ഇതു് ചെയ്തിരിക്കുന്നതു്. വിവിധ ജീവിതാവസ്ഥയിലുള്ളവരുടെ വിശുദ്ധിയെപ്പറ്റി പ്രതിപാദിച്ചശേഷം അതിന്റെ സമാപന പ്രവൃത്തി എന്ന നിലയിൽ (Sacramental act) രൂഹാക്കുദിശായെ വിളിച്ചപേക്ഷിക്കുന്നു. ഈ അപേക്ഷ മുമ്പോട്ടും പിമ്പോട്ടും ഉള്ളവയെ പരാമർശിക്കുന്നുവെന്നതിനാൽ ഡീക്കന്റെ ആഹ്വാനത്തിന്റെ സ്ഥാനം മാറേണ്ടതില്ലെന്നും അഭിപ്രായമുണ്ടായി.

P. 57 സ്വർഗ്ഗവാസികളുടെ 'സമാധാനം' എന്നതിനുപകരം ആനന്ദം എന്നാക്കി.

P. 61 ''ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ'' എന്നതു് ഓരോ വേദവാക്യത്തെ തുടർന്നുള്ള മൂന്നു പാദങ്ങളുടെ ഒരു ഓനീസാ ആണെന്നും അതു് അപ്രകാരം വേർതിരിച്ചു് തർജ്ജമ ചെയ്യണമെന്നും അഭിപ്രായമുണ്ടായി.

1 ''ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ
ജീവനുള്ള അപ്പമാകുന്നു''
ഉന്നത.....

2 അവിടുത്തെ തിരുവിഷ്ടം
നിറവേറുന്ന ശുശ്രൂഷികളം
ക്രോവേന്മാരും.....

3 നീതിയുടെ വാതിൽ
എനിക്കായി തുറക്കണമേ
അനുതാപികളംക്കായി.....

ശ്രദ്ധേയമായവ

കമ്മറിയിൽ വ്യക്തമായി ഭിന്നാഭിപ്രായമുണ്ടായിരുന്ന രണ്ടു കാര്യങ്ങളം:

I വിശ്വാസപ്രമാണത്തിന്റെ സ്ഥാനം

1962-ലെ കുർബാനക്രമത്തിലേതു (മൂലത്തിലേതു) പോലെ 'കാഴ്ച വയ്പി'നു ശേഷമാണു് വിശ്വാസപ്രമാണം വരേണ്ടതെന്നും അതല്ല 1968-ലെ ക്രമത്തിലേതുപോലെ ''കാഴ്ചവയ്പിനു'' മുൻപാണു് വേണ്ടതെന്നും രണ്ടഭിപ്രായങ്ങളം കമ്മിറിയിൽ ഉന്നയിക്കപ്പെട്ടു. അതുകൊണ്ടു് ആ ഭാഗത്തിനു് രണ്ടു ഘടന കൊടുത്തിട്ടുണ്ടു്. (p.p. 39-45, കളർ പേജു കളം i-vii) ഒന്നാമത്തേതു് 1968-ലെ തകുസായും, രണ്ടാമത്തേതു് 1958 ലെ Ordo യും 1983-ലെ നിർദ്ദേശങ്ങളും അനുസരിച്ചുള്ളവയാണു്. ഓരോന്നിന്റെയും വാദമുഖങ്ങളം താഴെപ്പറയുംവിധമാണു്.

കാഴ്ചവയ്പിനുശേഷം വിശ്വാസപ്രമാണം

a കുർബാന ആദ്യമായി പുനരുദ്ധരിക്കപ്പെട്ടപ്പോഴത്തെ ക്രമം ഇതായിരുന്നു.

b 1983-ൽ റോമിൽ നിന്നു ലഭിച്ച നിർദ്ദേശത്തിൽ ഇതു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്.

c പൗരസ്ത്യസഭകളിലെ പതിവു്.

d വിശ്വാസപ്രമാണം അനാഫൊറയുള്ള ആദ്ധ്യാത്മികമായ തയ്യാറെടുക്കലിന്റെ ഭാഗമാണു്. അതുകൊണ്ടു് അതു് മദ്ബഹായിലേക്കുള്ള ഔപചാരിക പ്രവേശനത്തിനു് തൊട്ടുമുൻപു് ചൊല്ലുന്നു.

കാഴ്ചവയ്പിനു മുൻപു വിശ്വാസപ്രമാണം

a വചനശുശ്രൂഷയെ തുടർന്നു് ന്യായമായി (logical) വരേണ്ടതാണു്.

b വിശ്വാസ സത്യങ്ങളും സമാഹരിച്ചുള്ള വിശ്വാസപ്രമാണം പൊല്ലിയശേഷം ഈശോയുടെ പെസഹാരഹസ്യം അനുസ്മരിക്കുന്ന ''കാഴ്ചവയ്പു്'' നടത്തുന്നതു് നന്നു്.

c ''കാഴ്ചവയ്പു് അനാഫൊറയുള്ള അടുത്ത ഒരുക്കമാണു്. ഇവയ്ക്കു രണ്ടിനുമിടയ്ക്കു വിശ്വാസപ്രമാണം വരുമ്പോൾ ഈ ബന്ധം അവ്യക്തമാകും.

II 'ശ്ലൂമ്മാ അമകോൻ' എന്നതിന്റെ തർജ്ജമ

P.24 സമാധാനം നിങ്ങളോടുകൂടെ എന്നും നിങ്ങൾക്കു് സമാധാനം എന്നും ഭിന്നമായ തർജ്ജമകളും ഉണ്ടു്.

സമാധാനം നിങ്ങളോടുകൂടെ
അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ

1 1962–ലെ ടെക്സ്റ്റിൽ

2 1983–ലെ റോമിൽ നിന്നുള്ള നിർദ്ദേശം.

3 പുരോഹിതനു വ്യക്തിപരമായി മാത്രമല്ല പുരോഹിത കർത്തവ്യ നിർവ്വഹണത്തിൽ അദ്ദേഹത്തിന്റെ പൗരോഹിത്യാത്മാവിയോടും കൂടി സമാധാനം ഉണ്ടാകണമെന്ന ആശംസയാണിതു്.

4 നർസായി തുടങ്ങിയ കർബാന വ്യാഖ്യാതാക്കളുടെ കാലം (5–ാം നൂറ്റാണ്ടു്) മുതലുള്ള വ്യക്തമായ ധാരണയാണിതു്.

5 ഈശോമിശിഹായാണു് നമ്മുടെ സമാധാനം (Ep.3). സമാധാനം കൊണ്ടുദ്ദേശിക്കുന്നതു് ഈശോ ആണെങ്കിൽ, നിങ്ങൾക്കു് സമാധാനം എന്നതിനേക്കാളും സമാധാനം നിങ്ങളോടുകൂടെ എന്നു പറയുകയായിരിക്കും ഉത്തമം.

നിങ്ങൾക്കു് സമാധാനം
അങ്ങേയ്ക്കും സമാധാനം

1 ഉയിർത്തു് എഴുന്നേറ്റ കർത്താവിന്റെ ആശംസതന്നെയാണു് ''നിങ്ങൾക്കു് സമാധാനം''.
''അങ്ങയുടെ ആത്മാവോടും കൂടെ'' എന്നതു് ഒരു സെമറിക് (semetic) പ്രയോഗമാണു്. മലയാളത്തിൽ അതിനു് ആശയക്ലിഷ്ടതയുണ്ടു്.

2 മാണികത്തനാരുടെ തജ്ജമയിൽ ''നിങ്ങൾക്ക് സമാധാനം''

3 പുതിയ ലത്തീൻ കുർബാനയിൽ ''അങ്ങയുടെ ആത്മാവോടുകൂടെ'' എന്നതിനു് പകരം ''അങ്ങയോടുകൂടെ'' എന്നാക്കിയിരിക്കുന്നു.

N.B.

1 ഗദ്യരൂപത്തിൽ ക്ലിഷ്ടമായ ഈ ആശംസയും മറുപടിയും പദ്യരൂപത്തിൽ ആക്കുമ്പോൾ വ്യാപകമായ അർത്ഥം ഉൾക്കൊള്ളിക്കാമോ എന്നു് ചിന്തിക്കുന്നതു് നന്നായിരിക്കും.

2 മലയാള തക്കായിൽ കൊടുത്തിട്ടുള്ള സുറിയാനി വാക്കുകളും ഉപേക്ഷിക്കണമെന്നും, അതല്ല അവ ഉൾക്കൊള്ളിക്കുന്നതു് ഉപകാരപ്രദമാണെന്നും കമ്മിറ്റിയിൽ അഭിപ്രായങ്ങളുണ്ടായി. ഭാവിപഠനത്തിനു് ഉതകത്തക്കവിധം റാസയുടെ ആദ്യത്തെ പതിപ്പിൽ (editio typica) സുറിയാനി ടെക്സ്റ്റ് മുഴുവനായി നല്കണമെന്നുള്ള അഭിപ്രായം ഉന്നയിക്കപ്പെട്ടു.

ഫാ. ജേക്കബ് വെള്ളിയാൻ
(സബ് കമ്മിറ്റി ചെയർമാൻ)

സീറോ മലബാർ സഭയുടെ

ആഘോഷപൂർവമായ

റാസക്രമം

പൊതുനിർദ്ദേശങ്ങൾ

1. (a) ദേവാലയം പടിഞ്ഞാറോട്ട് ദർശനമായി പണി കഴിപ്പിച്ചിട്ടുള്ളതാണെന്ന സങ്കല്പത്തിലാണ് മദ്ബഹായുടെ അല്ലെങ്കിൽ ബലിപീഠത്തിന്റെ വടക്കുവശം, തെക്കുവശം എന്നൊക്കെ പറഞ്ഞിരിക്കുന്നത്. മറേതെങ്കിലും ദിക്കിലേയ്ക്കാണ ദർശനമെങ്കിൽത്തന്നെയും വലതുവശം വടക്കുവശമായും, ഇടതുവശം തെക്കുവശമായും പരിഗണിക്കണം.

(b) ദേവാലയത്തിനു ഹൈക്കലാ, കെസ്ത്രോമ്മ, മദ്ബഹാ എന്നു മൂന്നു ഭാഗങ്ങളുണ്ട്. കെസ്ത്രോമ്മ ഹൈക്കലായിൽനിന്ന് ഒരു പടിയും, മദ്ബഹാ കെസ്ത്രോമ്മയിൽനിന്നു മൂന്നു പടിയും ഉയർന്നു സ്ഥിതിചെയ്യുന്നു. മദ്ബഹായ്ക്കും കെസ്ത്രോമ്മയ്ക്കുമിടയ്ക്കു വിരിയുണ്ടായിരിക്കണം.

(c) മദ്ബഹായുടെ കിഴക്കുവശത്താണ് ബലിപീഠം. ബലിപീഠത്തിന്റെ വലത്തുവശത്തു സുവിശേഷഗ്രന്ഥം വയ്ക്കുന്നു. ബലിയർപ്പണത്തിനു അത്യാവശ്യമായ വസ്തുക്കൾ മാത്രമേ അൾത്താരമേശയിൽ വയ്ക്കുന്നുള്ളൂ.

(d) മദ്ബഹായുടെ തെക്കുവശത്തുള്ള ബേസ്ഗസായിലാണ് കാസ ഒരുക്കുന്നത്. വീഞ്ഞും വെള്ളവും അവിടെ സൂക്ഷിക്കുന്നു. വടക്കുവശത്തുള്ള ബേസ്ഗസായിൽ അപ്പം തയ്യാറാക്കുന്നു. അവിടെ കൈ കഴുകുവാനുള്ള വെള്ളവും തുടയ്ക്കാനുള്ള തുവാലയും വച്ചിരിക്കുന്നു.

2. റാസയ്ക്കു മൂന്നു ഉപകാർമ്മികന്മാരുണ്ടായിരിക്കണമെന്നാണു നിയമം. ഒരാൾ ആർച്ചുഡീക്കനും മറ്റു രണ്ടുപേർ ഡീക്കൻ

ന്മാരും. ആർച്ചുഡീക്കൻ വൈദികനായിരിക്കണം, കാർമ്മികന്റെ തിരുവസ്ത്രങ്ങളും തന്നെയാണ്. ആർച്ചുഡീക്കന്റേതും. കാർമ്മികൻ കൊത്തീനാ, സൂനാറ, ഊറാറ, സന്ദേ, പൈന എന്നിവയും ഡീക്കന്മാർ കൊത്തീനായും സൂനാറായും ഊറാറയും ധരിക്കുന്നു. ഡീക്കന്മാരില്ലെങ്കിൽ താഴ്ന്ന പട്ടങ്ങളുള്ളവർക്കും അവരുടെ അഭാവത്തിൽ പട്ടമില്ലാത്തവർക്കും റാസയിൽ കാമ്മികനെ സഹായിക്കാവുന്നതാണ്.

3. നമ്മുടെ കർത്താവിന്റെ തിരുനാളുകൾക്കും രക്ഷാകര ചരിത്രത്തോട് ബന്ധപ്പെട്ടവരുന്ന പ്രധാന തിരുനാളുകൾക്കും ('ഹദറ') മാറാനായ തിരുനാളുകളെന്നും, വിശുദ്ധരുടെ ഓർമ്മ സാധാരണ രീതിയിൽ കൊണ്ടാടുന്ന ദിവസങ്ങൾക്ക് 'ദുക്റാനകൾ' എന്നും, ആഡംബരപൂർവ്വം ആചരിക്കപ്പെടുന്ന ദിവസങ്ങൾക്ക് ''ഏദേ'' അഥവാ തിരുനാളുകൾ (ഗസ്സ) എന്നും പറയുന്നു. മറ്റു ദിവസങ്ങൾ സാധാരണ ദിവസങ്ങൾ (കശ്കോൽ) എന്നറിയപ്പെടുന്നു.

4. കാമ്മികൻ തന്റെമേൽ കുരിശുവരയ്ക്കുമ്പോൾ വലതുകൈ ആദ്യം നെറ്റിയിലും പിന്നീട് നെഞ്ചിലും വയ്ക്കുകയും തുടർന്ന് വലത്തേ തോളിലേക്കും അവിടെനിന്ന ഇടത്തേ തോളിലേക്കും കൊണ്ടുവരുകയും ചെയ്യുന്നു.

5. ബലിപീഠം ചുംബിക്കുന്നു എന്നു കാണിച്ചിരിക്കുന്ന അവസരങ്ങളിൽ ബലിപീഠത്തോടുള്ള ബഹുമാനം പ്രകടിപ്പിക്കുന്നതു് ബലിപീഠം ചുംബിച്ചുകൊണ്ടോ, നെറ്റി അതിൽ തൊട്ടുവിച്ചുകൊണ്ടോ, ബലിപീഠത്തിൽ കൈകൾ തൊട്ടുവിച്ചു് നെറ്റിയിൽ വച്ചുകൊണ്ടോ ആകാവുന്നതാണ്.

6. പരസ്പരം സമാധാനം നല്കുന്നതു് കൊടുക്കുന്ന ആളിന്റെ കൂപ്പുകൈ സ്വീകരിക്കുന്ന ആളിന്റെ കൈപ്പത്തികൾക്കകത്തു് വച്ചുകൊണ്ടാണ്. കൂപ്പുകൈകളോടെ മുഖാമുഖം നോക്കി ശിരസ്സുനമിച്ചുകൊണ്ടും ആകാവുന്നതാണ്.

7. കരങ്ങൾ വിടർത്തിപ്പിടിക്കുക, അല്ലെങ്കിൽ വിരിച്ചു പിടിക്കുക എന്നു പറഞ്ഞിരിക്കുന്നിടത്തു് കാർമ്മികൻ കൈകൾ രണ്ടും ശിരസ്സിനു മുകളിൽ വരാതെയും, കൈമുട്ടുകൾ ദേഹത്തോടു തൊട്ടുനില്ക്കാതെയും, ഉള്ളംകൈകൾ മുകളിലേക്കു തുറന്നും പിടിക്കേണ്ടതാണ്.

8. 'ഗ്ഹന്ത' പ്രാർത്ഥനകൾ ചൊല്ലേണ്ടതു് കാർമ്മികൻ അല്പം കുനിഞ്ഞു്, കരങ്ങൾ രണ്ടും ഉയർത്താതെ, നേരെ മുമ്പോട്ട

നീട്ടി ഉള്ളംകൈകൊ പകതി അടച്ചുപിടിച്ച്, താഴ്ന്ന സ്വര ത്തിലും, അതേസമയം സമൂഹം കേൾക്കത്തക്ക വിധത്തിലുമാ യിരിക്കണം.

9. മദ്ബഹായിലുള്ളവരും ഗായകസംഘവും മാറിമാറി പാ ടുന്ന അവസരങ്ങളിൽ സമൂഹവും ഗായകസംഘത്തോട് ചേർന്ന പാടുന്നു. ഗായകസംഘം ഇല്ലാത്തപ്പോൾ സമൂഹവും ഗായക സംഘവും മാറിമാറി പാടേണ്ട ഭാഗങ്ങൾ സമൂഹം രണ്ടുഗണ മായി പാടുന്നു.

N. B. തിരുക്കർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ സാധിക്കത്തക്കവിധം ഗാനാലാപത്തിൽ സമൂഹത്തെ സഹാ യിക്കുകയെന്നതാണ് ഗായകസംഘത്തിന്റെ ധർമ്മം.

10. ദൈവവചന ശുശ്രൂഷയ്ക്കായി അൾത്താരയിൽനിന്നു വ്യത്യ സ്തമായ ഒരു പ്രത്യേകപീഠം – ബേമാ – ആവശ്യമാണ്. ഹൈക്ക ലായുടെ മദ്ധ്യത്തിൽ ഉണ്ടായിരിക്കേണ്ട ഉയർന്ന പീഠമാണ് ബേമാ. ഇന്നത്തെ സാഹചര്യത്തിൽ മദ്ബഹായുടെ തൊട്ട താഴെ, ഹൈക്കലായുടെ മുൻവശത്തായി ഈ പീഠം സജ്ജമാ ക്കാവുന്നതാണ്. (ജനങ്ങൾ നില്ക്കുന്ന നിരപ്പിൽനിന്നു കാമ്മി കൻ നില്ക്കുന്ന സ്ഥലം ഉയർന്നിരിക്കണം.) ബേമായുടെ ഇരു വശങ്ങളിലായി കാർമ്മികരുടെ ഇരിപ്പിടങ്ങൾ സജ്ജമാക്കി യിരിക്കണം. വടക്കുവശത്തു കാർമ്മികനും ആർച്ചുഡീക്കനും, തെക്കുവശത്തു ഡീക്കന്മാരും മറ്റു ശുശ്രൂഷകരും ഇരിക്കുന്നു.

11. ജ്ഞാനസ്നാനാർത്ഥികളെ സംബന്ധിച്ചു നല്കിയിരിക്കു ന്ന രണ്ടാമത്തെ ആഹ്വാനം (സാഷ്ടാംഗപ്രമാണത്തിനു മുമ്പു) ജ്ഞാനസ്നാനാർത്ഥികൾ ഇല്ലാത്തപ്പോഴും, ഉണ്ടെങ്കിൽത്തന്നെ ആദ്യത്തെ ആഹ്വാനം യുക്തമെന്നു തോന്നുമ്പോഴും, ഉപയോഗി ക്കാവുന്നതാണ്.

റാസക്രമം

കാർമ്മികൻ കൈകഴുകി തിരുവസ്ത്രങ്ങൾ അണിഞ്ഞു്, ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളണിഞ്ഞ ആർച്ചുഡീക്കൻ, ഡീക്കന്മാർ, സഹായികൾ എന്നിവരോടൊപ്പം പ്രദക്ഷിണമായി മദ്ബഹയിൽ പ്രവേശിക്കുന്നു.

പ്രദക്ഷിണത്തിൽ ധൂപക്കുറ്റി, കുരിശു്, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവയുണ്ടായിരിക്കണം. എല്ലാവരും മദ്ബഹയിൽ പ്രവേശിക്കുന്നു. കാർമ്മികൻ മദ്ധ്യത്തിലും ആർച്ചുഡീക്കൻ അദ്ദേഹത്തിന്റെ ഇടത്തുവശത്തും, ഒന്നാംഡീക്കൻ കാർമ്മികന്റെ പിറകിലും, രണ്ടാം ഡീക്കൻ ആർച്ചുഡീക്കന്റെ പിറകിലുമായി നിൽക്കുന്നു.

സുവിശേഷഗ്രന്ഥം വഹിക്കുന്ന ഒന്നാംഡീക്കൻ അതു് അംശത്താരയിൽ വയ്ക്കുന്നു.

എല്ലാവരും അംശത്താരയ്ക്കു ആചാരം ചെയ്തതിനുശേഷം ബേമായിലേക്കു വരുന്നു. കുരിശു സംവഹിക്കുന്ന രണ്ടാംഡീക്കൻ അതു് ബേമായിൽ തിരികളുടെ മദ്ധ്യേ വയ്ക്കുന്നു. തുടർന്നു് എല്ലാവരും ജനങ്ങൾക്കഭിമുഖമായി നില്ക്കുന്നു. സഹായികൾ ഡീക്കന്മാരുടെ ഇരുവശങ്ങളിലായി നിലയുറപ്പിക്കുന്നു.

കാർമ്മികൻ പ്രദക്ഷിണമായി മദ്ബഹയിലേക്കു വരുമ്പോൾ ഗായകസംഘം ''പുഖ്ദാനകോൻ'' എന്ന സംജ്ഞയുടെ അർത്ഥം വിശദമാക്കുന്ന ഒരു ഗീതം ആലപിക്കുന്നു.

റാസക്രമം

[കാർമ്മി: പിതാവിന്റേയും പുത്രന്റേയും ✠
പരിശുദ്ധാത്മാവിന്റേയും നാമത്തിൽ

സമൂ ആമ്മേൻ.]

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ: ആമ്മേൻ (മൂന്നുപ്രാവശ്യം).

കാർമ്മി: ഭൂമിയിൽ ദൈവപ്രീതി ലഭിച്ചവർക്കു സമാധാനം
എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹവും ചേർന്നു)
അങ്ങയുടെ നാമം പൂജിതമാകണമേ
അങ്ങയുടെ രാജ്യം വരണമേ
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ സ്തുതിയുടെ മഹത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു ഉൽഘോഷിക്കുന്നു.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാജം പൂജിതമാകണമേ
അങ്ങയുടെ രാജ്യം വരണമേ
അങ്ങയുടെ തിരുമനസ്സു
സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണമേ.
ഞങ്ങൾക്കു ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു നല്കണമേ.
ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു
ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടു ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനങ്ങളിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ,രാജ്യവും ശക്തിയും മഹത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ: ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹവും ചേർന്ന്)
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ
അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നുൽഘോഷിക്കുന്നു.

ഗാനരൂപം

കാർമ്മി: അത്യുന്നതങ്ങളിൽ
സർവ്വേശ്വരനു സ്തുതിയും (3)

സമൂ: ആമ്മേൽ — ആമ്മേൻ — ആമ്മേൻ

കാർമ്മി: ഭൂവിൽ ദൈവത്തിൻ പ്രസാദകാന്തി
കൈവന്ന നല്ല നരർക്കു ശാന്തി

OR

(ഭൂവിൽ ദൈവത്തിൻ പ്രസാദദാനം
കൈവന്ന നരർക്കു സമാധാനം)
എപ്പോഴും — എന്നേയ്ക്കും

സമൂ: ആമ്മേൻ.....

കാർമ്മി: നാകത്തിൽ വാണരുളും താത
നിൻനാമം പൂജിതമാക!

OR

(സ്വർഗ്ഗത്തിൽ വാണരുളും താത
സംപൂജ്യമാവുക നിൻനാമം)
നിന്നുടെ പരിപാവനമാം രാജ്യം
മന്നിടമിതിൽ വന്നീടേണം
പരമപിതാവാം നീ പരിശുദ്ധൻ

പരിശുദ്ധൻ, പരിശുദ്ധൻ നീ
പാരിടമങ്ങേ സ്തുതിഗീതികളാൽ
പൂരിതമല്ലോ സ്വർഗ്ഗംപോൽ
വാനവർ, മാനവരെല്ലാമങ്ങേ
വാഴ്ത്തുന്നു പാവനനെന്നായ്
വിണ്ണിൽ നിൻ തിരുവിഷ്ടമതെങ്ങനെ
മണ്ണിലുമങ്ങനെയാകേണം
ഞങ്ങൾക്കാവശ്യമാ മന്നം
ഭംഗമെഴാതേകണമിന്നും
ഞങ്ങടെ കടക്കാരോട് കടങ്ങൾ
ഞങ്ങൾ പൊറുക്കുന്നതുപോലെ
ഞങ്ങടെ പാപം കടങ്ങളുമെല്ലാം
അങ്ങു പൊറുത്തീടുക വേണം
ആഴമെഴുന്ന പരീക്ഷയിൽ ഞങ്ങൾ
വീഴാതങ്ങു തുണയ്ക്കേണം
സാത്താനാകിയ ദുഷ്ടനിൽ നിന്നും
കാത്തീടുക ഞങ്ങളെയെന്നും
രാജ്യം, ശക്തി, മഹത്വവുമെല്ലാം
പൂജ്യനാമങ്ങയുടേതല്ലോ

ശുശ്രൂ: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: ഞങ്ങളുടെ പിതാവായ ദൈവമേ,
മനുഷ്യവർഗ്ഗത്തിന്റെ
നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി
അങ്ങേ പ്രിയപുത്രൻ കാരുണ്യപൂർവ്വം നല്കിയ
ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനു
ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ.
സകലത്തിന്റെയും നാഥാ എന്നേക്കും

സമൂ: ആമ്മേൻ.

കർത്താവിന്റെ തിരുനാളുകളിലും
മറ്റു പ്രധാന തിരുനാളുകളിലും

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങയുടെ തിരുനാമത്തിൽ
ഞങ്ങൾ ഉറച്ചു വിശ്വസിക്കയും
ആ വിശ്വാസം ആത്മാർത്ഥതയോടെ
ഏറ്റുപറയുകയും ചെയ്യുന്നു.

ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന
ഈ പരിഹാരബലി
വിശ്രുദ്ധിയോടെ അർപ്പിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കേണമേ.
നിർമ്മലഹൃദയത്തോടും
വിശ്രുദ്ധവിചാരങ്ങളോടും കൂടെ
അങ്ങേയ്ക്കു പുരോഹിതശ്രുശ്രൂഷ ചെയ്യുവാനും
അങ്ങു കാരുണ്യപൂർവ്വം നല്കിയ രക്ഷയെപ്രതി
നിരന്തരം അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ ശക്തരാക്കണമേ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മറ്റു ദിവസങ്ങളിൽ

കാർമ്മി: പിതാവും പുത്രനും പരിശ്രുദ്ധാത്മാവുമായ ദൈവമേ,
അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിന്റെ
മഹനീയമായ നാമത്തിനു
സ്വർഗ്ഗത്തിലും ഭൂമിയിലും
എപ്പോഴും സ്തുതിയും സ്തോത്രവും
പുകഴ്ചയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

കാർമ്മികൻ മർമ്മീസ ആരംഭിക്കുന്നു. ഇരുഗണമായി തുടരുന്നു.

സങ്കീർത്തനം 144

എന്റെ ദൈവമാ, മെന്റെ രാജാവാം
അങ്ങേ ഞാനെന്നും വാഴ്ത്തീടും
കർത്താവേറ്റം വലിയവനല്ലോ
ശക്തനും സ്തുതിക്കപ്പെടും

ഓരുവാൻ പണിതനമഹിമകൾ
പാരം ശക്തം തൻ കർമ്മങ്ങൾ
കീർത്തിച്ചീടും കുലപരമ്പര
ശക്തിയുമങ്ങേത്തേജസ്സും

നിൻപ്രതാപ മഹിമയെയോർത്തും
അത്ഭുതങ്ങളെയോർത്തും ഞാൻ
ധ്യാനിച്ചീടും, മനുഷ്യരൊക്കെയും
മാനിച്ചേറവും ഘോഷിക്കും

നിൻമഹത്വവും നിൻസമൃദ്ധമാം
നന്മയും ഞാൻ പ്രകീർത്തിക്കും
കർത്താവെത്ര മഹാൻ കൃപാകരൻ
എത്ര സ്നേഹത്തിൻ സാഗരം

എല്ലാവർക്കുമേ നല്ലവൻ, കൃപ—
യെല്ലാർക്കും മേൽ ചൊരിയുവോൻ
സൃഷ്ടികളെല്ലാം നന്ദിയർപ്പിക്കും
തൃഷ്ണിയോടങ്ങെസ്സെപ്പോഴും

പൂജ്യരാം പുണ്യവാന്മാരങ്ങുതൻ
രാജ്യത്തിൻ മേന്മഘോഷിക്കും
ശക്തമാം തൻ കർമ്മങ്ങളും മാനുഷ—
മക്കളെയറിയിച്ചിടും

ശാശ്വതമാകുമങ്ങേ രാജത്വം
വംശാന്തത്തോളം നിന്നിടും
നേരുള്ളോരാനങ്ങു വാഗ്ദാനങ്ങളിൽ
കാരുണ്യശീലൻ കർമ്മത്തിൽ

വീഴുവോരെ നീ താങ്ങിടും, വീണു
താഴുവോരെയുയർത്തീടും
സൃഷ്ടികളെല്ലാമങ്ങയിൽത്തന്നെ
ദൃഷ്ടിചേർക്കും പ്രത്യാശയാൽ

ഭക്ഷണം തക്കകാലത്തേകി നീ
രക്ഷണം ചെയ്യുമാരെയും
കൈ തുറന്നങ്ങു നൽകുമ്പോളവർ
കൈവരിക്കുന്നു സംതൃപ്തി

നീതിപൂർണ്ണം കർത്താവിൻ മാർഗ്ഗങ്ങൾ
ചെയ്തിയെല്ലാം കൃപാമയം
ഉള്ളലിഞ്ഞപേക്ഷിച്ചവർക്കു നീ
യെല്ലായ്പ്പോഴും സമീപസ്ഥൻ

ഭക്തന്മാർക്കിഷ്ടമേകിടും, കേണു
പ്രാർത്ഥിക്കുന്നോർക്കു രക്ഷയും
ദുഷ്ടരെയെല്ലാം നീതിമാനങ്ങു
ശിക്ഷ നൽകി നശിപ്പിക്കും

കൂടും ഭക്തിയോടെന്റെ നാവെന്നും
പാടും കർത്താവിൻ കീർത്തനം
ജീവജാലങ്ങളൊക്കെയുമങ്ങേ
ദിവ്യനാമത്തെ വാഴ്ത്തട്ടെ!

(അല്ലെങ്കിൽ)

സങ്കീർത്തനം 146

കർത്താവിനെ സ്തുതിക്കുവിൻ
നിത്യനീശനെ വാഴ്ത്തുവിൻ
ഭക്തിയോടെന്റെയാത്മാവേ,
കർത്താവിനെ സ്തുതിക്കുക.

ആയുരന്തംവരെയ്ക്കും ഞാൻ
മായമെന്യേ സ്തുതിച്ചീടും
സ്തോത്രങ്ങളാലെൻ ദൈവത്തെ
വാഴ്ത്തും ജീവിതമൊക്കെയും

മഹാരാജാക്കളായാലും
സഹായിപ്പാനശക്തരാം
നരർതൻ മക്കളിൽത്തെല്ലും
ശരണം നിങ്ങൾ വയ്ക്കൊലാ

മനുഷ്യമക്കളുള്ളോർ
മണ്ണിലേക്കു മടങ്ങീടും
സ്വന്തം പദ്ധതികൾക്കൊപ്പ-
മന്തംപൂകി നശിച്ചീടും

യാക്കോബിൻ ദൈവമാരെത്താൻ
കാക്കുന്നുണ്ടു സഹായനായ്
ആരു കർത്താവിലർപ്പിക്കും
ശരണം, ഭാഗ്യവാനവൻ

അവിടുന്നാണു സൃഷ്ടിച്ച-
താകാശം, കടൽ, ഭൂമിയും
അവറിലുള്ളതെപ്പേരും;
അങ്ങു വിശ്വസ്തനെത്രയും

കർത്താവു നീതിയെത്തിപ്പൂ
മർദ്ദിതർക്കർഹമാം വിധം
ഭോജനം പശിയുള്ളോർക്കു;
മോചനം ബന്ധികൾക്കുമേ

കാഴ്ചയന്ധർക്കു നൽകുന്നു
താഴ്ചയാണ്ടോർക്കുയർച്ചയും
അഭയം പരദേശിക്കും
നീതിമാന്മാർക്കു സ്നേഹവും

അനാഥനും വിധവയ്ക്കും
അവിടുന്നൊറ രക്ഷകൻ
ദുഷ്ടന്റെ വഴികളെല്ലാം
കഷ്ടനഷ്ടത്തിലാക്കിടും

സീയോനേ, കേൾക്കുന്നിൻദൈവ–
മായീടും സകലേശനെ
വംശാന്തം വരെയും വാഴും
വിശ്വനാഥനെ വാഴ്ത്തുക!

(അല്ലെങ്കിൽ)

സങ്കീർത്തനം 147

നമ്മുടെ ദൈവമാം കർത്താവിനെ
നന്മനസ്സോടെ സ്തുതിച്ചീടുവിൻ
കാരുണ്യവാനങ്ങേ സ്തോത്രങ്ങളാ–
ലാരാധിക്കുന്നതുചിതമല്ലോ.

ഓർശ്ലേമിനെപ്പണി ചെയ്യു ദൈവം
ഇസ്രായേലിൻ ചിതറിപ്പോയോരാം
ഇഷ്ടജനത്തെയൊരേദേശത്തിൽ
കൂട്ടുന്നു മക്കളിൽ കുറെഴന്നോൻ

ഉള്ളുതകർന്നു നരരെയെല്ലാം
തള്ളാതവർക്കു സുഖമേകുന്നു.
മെച്ചമോടവരുടെ മുറിവും മറവും
വെച്ചുകെട്ടുന്നു കാരുണ്യശീലൻ

നിണ്ണയിക്കുന്നു നക്ഷത്രങ്ങളംത–
ന്നെണ്ണമവിടുന്നു സൂക്ഷ്മമായി
ഓരോന്നിനും മുറപോലെയങ്ങു
പേരു നല്കുന്നു വെവ്വേറെയായി

കിന്നരം മീട്ടി സ്തുതിച്ചീടുവിൻ
വന്ദനക്കർഹനാം കർത്താവിനെ
വല്ലഭനീശനെ വാഴ്ത്തീടുവിൻ
നല്ല കൃതജ്ഞതാ ഗാനങ്ങളാൽ

വാനിടം മൂടുന്ന മേഘങ്ങളാൽ
വാരി വർഷിപ്പു നീ പാരിനായി
നല്ലപോലെല്ലാ മലകളിലും
പുല്ലുമുളപ്പിച്ചിടുന്നു മുറ്റും

അലറും മൃഗങ്ങൾക്കാഹാരമെന്നും
കരയുന്ന കാകസ്സമങ്ങേകുന്നു
കുതിരയുടെ ശക്തിയിലോട്ടക്കാർതൻ
ഗതിവേഗത്തിലുമങ്ങു തൃഷ്ടനല്ല

ആരു ഭയപ്പെടുന്നങ്ങയെ, യാർ
ആശയർപ്പിച്ച നിൻകാരുണ്യത്തിൽ
ഉത്തമവിശ്വാസിയാമവനി–
ലത്രേ പ്രസാദിപ്പതങ്ങു നൂനം

വാഴ്ത്തുകോർശ്ശേമേ നിൻ കർത്താവിനെ
വാഴ്ത്തുക സീയോനേ, നിൻറെ ദൈവത്തെ
നിൻ കവാടത്തിൻറെ സാക്ഷകൾ നീ
വൻ കരുത്തുള്ളതാക്കീടുന്നല്ലോ

നിൻ കോട്ടയ്ക്കുള്ളിലെ മക്കൾക്കെല്ലാം
തൻകരത്താലാശിസ്സേകിടുന്നു
നിൻറെയതിർത്തികളെല്ലാറ്റിലും
നിത്യസമാധാനം സ്ഥാപിക്കുന്നു

ഏറ്റം മികച്ച ഗോതമ്പിനാലേ–
യേറ്റം സംതൃപ്തിയണച്ചീടുന്നു
പാരിലേക്കാജ്ഞയയച്ചീടുന്നു;
പാഞ്ഞുവരുന്നു നിൻ തിരുവചനം

മഞ്ഞുള്ളമാമാട്ടിൻ രോമംപോലെ
മഞ്ഞുപെയ്യിക്കുന്നിതങ്ങു ഭൂവിൽ
ചാരംപോൽ വിതറുന്നു മഞ്ഞുതുള്ളി
പൂപംപോൽ പൊഴിക്കുന്നിതാലിപ്പഴം

അങ്ങയച്ചീടും തണുപ്പുതല്ലും
താങ്ങുവാനിങ്ങാർക്കു സാദ്ധ്യമാകും
കല്പനയാലുരുക്കും ശീതത്തെ
കാറ്റയച്ചങ്ങു ജലമൊഴുക്കും

യാക്കോബിനാജ്ഞ വെളിപ്പെടുത്തി
ചട്ടങ്ങളിസ്രയേൽ ജാതിക്കുമായ്
ചെയ്തില്ലിങ്ങനെ മറേറതൊരു
ജാതിക്കുവേണ്ടിയും നീതിമാൻ നീ

നിന്നുടെയാജ്ഞയജ്ഞാതമല്ലോ
മന്നിലെ മറവുള്ള ജാതിക്കെല്ലാം

(കൂട്ടിച്ചേർക്കുന്നു. സങ്കീ: 84:)

മഹാസഭയിൽ ഞാൻ അങ്ങയെ ഏറ്റുപറയും
ജനസമൂഹത്തിൽ ഞാനങ്ങയെ
സ്തുതിക്കുകയും ചെയ്യും
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

ശുശൂ: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങയുടെ സ്തുത്യർഹമായ സിംഹാസനത്തിൻറെയും
മഹോന്നതവും ബഹുമാന്യവുമായ
ഇരിപ്പിടത്തിൻറെയും
അങ്ങയുടെ സ്നേഹപാരമ്യം കുടികൊള്ളുന്ന
സംപൂജ്യമായ പീഠത്തിൻറെയും മുമ്പാകെ
അങ്ങയുടെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ
അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.
കർത്താവേ, അങ്ങു സ്ഥാപിച്ച
പാപമോചകമായ മണ്ഡലിയുടെ മുമ്പാകെയും
ദിവ്യമഹത്വം അധിവസിക്കുന്ന
തിരുസ്സന്നിധാനത്തിങ്കലും
നിരന്തരം ഹല്ലേലൂയ്യ പാടി അങ്ങയെ സ്തുതിക്കുന്ന
ക്രോവേന്മാരുടെ ആയിരങ്ങളോടും
പരിശുദ്ധൻ പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്ന
സ്രാപ്പേന്മാരുടെയും മുഖ്യഭൂതന്മാരുടെയും
പതിനായിരങ്ങളോടും ചേർന്നു്

അങ്ങയുടെ അജഗണമായ ഞങ്ങൾ
നിരന്തരം അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

കർത്താവിന്റെ തിരുനാളുകളിലും
മറ്റു പ്രധാന തിരുനാളുകളിലും

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ
അങ്ങയുടെ സംപൂജ്യമായ പീഠത്തിന്റെയും
ഉന്നതമായ ത്രോണോസിന്റെയും
അലംകൃതവും ബഹുമാന്യവുമായ
ആസ്ഥാനത്തിന്റെയും
നാഥനായ അങ്ങയുടെ മഹനീയമായ
സിംഹാസനത്തിന്റെയും മുമ്പാകെ
അങ്ങയെ ശുശ്രൂഷിക്കുന്നവരായ ക്രോവേന്മാർ
നിരന്തരം ഹല്ലേലൂയ്യ പാടി,
അങ്ങയെ സ്തുതിക്കുകയും
അങ്ങയെ പ്രകീർത്തിക്കുന്ന സ്രാപ്പേന്മാർ
പരിശുദ്ധൻ, പരിശുദ്ധൻ എന്നു
നിരന്തരം ഉൽഘോഷിക്കുകയും ചെയ്യുന്നു.
എളിയവരും ബലഹീനരുമായ ഞങ്ങളും
അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും സമർപ്പിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങയുടെ മഹനീയമായ ത്രിത്വത്തിന്റെ
സംപൂജ്യവും പരിശുദ്ധവും
സ്തുത്യർഹവും അഗ്രാഹ്യവുമായ നാമത്തെയും
മനുഷ്യവംശത്തോടു അങ്ങു
പ്രദർശിപ്പിച്ച കൃപയേയും
നിരന്തരം സ്തുതിക്കുവാനും ആരാധിക്കുവാനും

പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

അനന്തരം ഒന്നാം ഡീക്കൻ കുരിശെടുത്ത കാർമ്മികനെ ഏല്പിക്കുന്നു. അദ്ദേഹം അതു സ്വീകരിച്ചു ചുംബിച്ചശേഷം ആർച്ചു ഡീക്കനെയും ഡീക്കന്മാരെയും തുടർന്നു സഹായികളെയും വിശ്വാസികളെയും മുത്തിക്കുന്നു. തദവസരത്തിൽ ഗായകസംഘം 'ഓനീസാദ്കാൻകേ' പാടുന്നു.

കാർമ്മി: **നമ്മുടെ ഹൃദയം കർത്താവിൽ**
മേന്മേലാനന്ദിക്കട്ടെ!

മനുഷ്യവർഗ്ഗത്തിനു കുരിശെന്നും
അനുഗ്രഹങ്ങൾക്കുറവിടമാം
കുരിശാലല്ലോ മർത്യഗണം കൈ-
വരിച്ചിതനശ്വരമാംരക്ഷ
കർത്താവേ, യീക്കുരിശിഹ ഞങ്ങൾ-
ക്കത്താണിയും കോട്ടയുമാക!
കുരിശാലേ സാത്താനെയുമവനുടെ
കെണികളെയും വെന്നീടുക നാം!

ഗായക സംഘം I **അങ്ങേത്തിരുനാമത്തിൽ ഞങ്ങൾ**
ആശ്രയമർപ്പിച്ചിടുന്നു
മനുഷ്യവർഗ്ഗ.....

ഗായക സംഘം II **സ്തോത്രം പിതാവാം ദൈവത്തിനും**
പുത്രനും പാവനാത്മാവിനും സ്തോത്രം

ഞങ്ങടെ രക്ഷകനാം മിശിഹായേ,
അങ്ങു ചൊരിഞ്ഞീടും കൃപയാൽ
സത്യത്തിൻ രക്ഷികയാം സഭയെ
ശുദ്ധീകരിച്ചീടുക നാഥ!
അങ്ങേ ബഹുമാനത്തിന്നായി
ഭംഗിയോടിങ്ങു പ്രതിഷ്ഠിതമാം

ദേവാലയമതിൽ നിൻകാരുണ്യം
മേവീടാൻ കനിവിയലണമേ
അതിലവിടത്തെ ബലിപീഠത്തെ
അതിദ്ധമാക്കിത്തീർക്കണമേ!
ആയതിലങ്ങേ ദേഹരക്തങ്ങാം
ആഘോഷത്തോടർപ്പിക്കുന്നു.

ഗായക സംഘം I — ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

''കൈവരും ചോദിക്കുവോർക്കെല്ലാം
കണ്ടെത്തുമന്വേഷിപ്പോരെല്ലാം''
ഈവണ്ണമങ്ങു കൃപയോടെ നിൻ
സേവകരോട് കല്പിച്ചുവല്ലോ
ജീവിതവൃത്തികളെല്ലാറ്റിലും
ദൈവത്തിനിഷ്ടം നിറവേറ്റുവാൻ
ശക്തിയും തുണയും ലഭിച്ചീടാനായ്
ഭക്തിയോടെ ഞങ്ങളർത്ഥിക്കുന്നു

ഗായക സംഘം II — ഉൽഘോഷിക്കട്ടെ ജനങ്ങളെല്ലാം
ഉത്തരം ആമ്മനെ, നാമ്മേനെന്നായ്

മനുഷ്യവർഗ്ഗം.....

കുരിശുമുത്തൽ കുഴിയുമ്പോഴും പാട്ട് അവസാനിപ്പിക്കുന്നു.

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കുരിശു മുത്തിച്ചതിനു ശേഷം 1–ാം ഡീക്കൻ കുരിശു തൽസ്ഥാനത്തു തിരിയെ വയ്ക്കുന്നു. സഹായികയും ധൂപകലശവും കന്തുരുക്കവും കാർമ്മികന്റെ വലത്തുവശത്തു കൊണ്ടുവരുന്നു. കാർമ്മികൻ കന്തുരുക്കം ധൂപകലശത്തിലിട്ട് താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങയുടെ പ്രസാദത്തിനും
മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനുമായി
ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം
അങ്ങയുടെ ആരാധ്യമായ
ത്രിത്വത്തിന്റെ നാമത്തിൽ ✠
ആശീർവ്വദിക്കപ്പെടട്ടെ. എന്നേയ്ക്കും ആമ്മേൻ

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: ഞങ്ങളുടെ പിതാവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ
സ്വർഗ്ഗത്തിൽ നിന്നെഴുന്നള്ളി വരുമ്പോൾ
അങ്ങയുടെ സ്നേഹത്താൽ
സുരഭിലമായ ഹൃദയത്തോടും
അങ്ങയുടെ ജ്ഞാനത്താൽ പ്രകാശിതമായ
ആത്മാക്കളും ശരീരങ്ങളോടുകൂടെ
ആനന്ദപൂർവ്വം അവിടുത്തെ എതിരേല്ക്കുവാൻ
ഞങ്ങളെ യോഗ്യരാക്കണമെ.
സകല സഹായങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞു
മഹത്വപൂർണ്ണമായ സ്വർഗ്ഗീയ സഭയിൽ
നിരന്തരം അങ്ങയെ സ്തുതിക്കുവാൻ
ഞങ്ങളെ കാരുണ്യപൂർവ്വം അർഹരാക്കണമേ,
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

മറ്റു ദിവസങ്ങളിൽ

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങു ഞങ്ങൾക്കു ചെയ്തിട്ടുള്ള
സഹായങ്ങൾക്കും, അനുഗ്രഹങ്ങൾക്കും
യഥായോഗ്യം നന്ദിപ്രകാശിപ്പിക്കുവാൻ
ഞങ്ങൾ അശക്തരെങ്കിലും
അങ്ങയുടെ മഹത്വപൂർണ്ണമായ സഭയിൽ

ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും
നിരന്തരം പുകഴ്ത്തുകയും ചെയ്യുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

താഴെവരുന്ന ഗാനമാലപിക്കുമ്പോൾ മദ്ബഹായുടെ വിരിയുറക്കുന്നു. സഹായി മദ്ബഹായിൽ പ്രവേശിച്ച് ബലിപീഠത്തിന്റെ തെക്കുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹായേയും ജനങ്ങളേയും ധൂപിച്ചുകൊണ്ട് വടക്കുവശത്തേക്കു പോകുന്നു.

സമൂ: അഖിലലോക നായകാ,
വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോ നാഥാ,
പുകഴ്ത്തിടുന്നു ഞങ്ങൾ.
നീയല്ലോ ശരീരങ്ങൾ—
ക്കുയിർപ്പേകുന്നു;
നീതന്നെയാത്മാവിനു
രക്ഷയേകുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും

ഡീക്കന്മാർ അത്യുന്നതനായ കർത്താവേ,
അങ്ങയെ സ്തുതിക്കുന്നതും
അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും ഉത്തമമാകുന്നു
അഖിലലോക നായകാ .....

സമൂ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
അഖിലലോക നായകാ.....

മറ്റു ദിവസങ്ങളിൽ

ഡീക്കന്മാർ കർത്താവേ, ഞാൻ കൈകൾ കഴുകി
നിർമ്മലമാക്കുകയും നിന്റെ ബലിപീഠത്തിനു
പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു.
അഖിലലോക നായകാ.....

സമൂ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
അഖിലലോക നായകാ.....

ശുശ്രൂ: പ്രാത്ഥിക്കാം. നമുക്കു സമാധാനം.

കാർമ്മി: ഞങ്ങളുടെ കർത്താവായ മിശിഹായേ,
അങ്ങു് സത്യമായും ഞങ്ങളുടെ ശരീരങ്ങളെ
ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനും
ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു.
അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും
ഞങ്ങളും എന്നും കടപ്പെട്ടവരാകുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

സമൂ: ആമ്മേൻ.

ശുശ്രൂ: ദൈവജനമേ,
നിങ്ങളെല്ലാവരും സ്വരമുയർത്തി
സജീവനായ ദൈവത്തെ പ്രകീർത്തിക്കുവിൻ

സമൂ: സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

ഡീക്കന്മാർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
സർവ്വേശാ, നീ .....

സമൂ: ആദിമുതൽ എന്നേക്കും ആമ്മേൻ.
സർവ്വേശാ, നീ.....

ശുശ്രൂ: പ്രാത്ഥിക്കാം, നമുക്കു സമാധാനം.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന
പരിശുദ്ധനും സ്തുത്യർഹനും അമർത്യനും
ബലവാനുമായ കർത്താവേ,
അങ്ങേക്കു സഹജമായ വിധം

എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും
അനുഗ്രഹിക്കുകയും ചെയ്യണമെന്നു്
അങ്ങയോടു ഞങ്ങളം പ്രാത്ഥിക്കുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

പഴയനിയമവായന

ഒന്നാം വായനക്കാരൻ പഴയനിയമ ഗ്രന്ഥമെടുത്തു് രണ്ടാംവായനക്കാരനോടുകൂടി കാമ്മികന്റെ പക്കൽ വന്നു ആചാരം ചെയ്തശേഷം ഇടതുവശത്തു ജനങ്ങളുടെ നേരേ തിരിഞ്ഞു നിന്നു് പറയുന്നു.

നിങ്ങളം ഇരുന്നു ശ്രദ്ധാപൂർവ്വം ശ്രവിക്കുവിൻ.

കാർമ്മികന്റെ നേരേ തിരിഞ്ഞു്.

ഗുരോ ആശീർവദിച്ചാലും.

കാമ്മികൻ താഴെ വരുന്ന പ്രാത്ഥന ചൊല്ലിക്കൊണ്ടു് വായനക്കാരെ ആശീർവ്വദിക്കുന്നു.

കാർമ്മി: പരിശുദ്ധമായ പ്രബോധനത്താൽ
നമ്മെ വിജ്ഞാനികളാക്കുന്ന
സകലത്തിന്റെയും നാഥനായ ദൈവം
വഴുത്തപ്പെട്ടവനാകട്ടെ.
അവിടുന്നു നിങ്ങളിലും
തിരുവചനം കേൾക്കുന്നവരിലും
തന്റെ കൃപ നിരന്തരം വർഷിക്കട്ടെ. എന്നേയ്ക്കും.

വായന: ആമ്മേൻ.

അല്ലെങ്കിൽ

കാർമ്മി: മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ

വായന: ആമ്മേൻ.

കാർമ്മികനും സഹകാർമ്മികരും യഥാസ്ഥാനത്തു് ഇരിക്കുന്നു. ഒന്നാം വായനക്കാരൻ ജനങ്ങളുടെ നേരെ തിരിഞ്ഞു വായിക്കുന്നു.

1–ാം വാ: സഹോദരരേ.....

പുസ്തകത്തിൽ നിന്നുള്ള വായന.

(വായന കഴിയുമ്പോൾ)

സമൂ: ദൈവമായ കർത്താവിനു സ്തുതി.

ഒന്നാം വായന കഴിയുമ്പോൾ രണ്ടാം വായന ക്കാരൻ ഒന്നാം വായന നടത്തിയ സ്ഥലത്തു വന്നു് ജനങ്ങളുടെ നേർക്കു തിരിഞ്ഞുനിന്നു വായിക്കുന്നു

2–ാം വാ: സഹോദരരേ,.....
പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന

(വായന കഴിയുമ്പോൾ)

സമൂ: ദൈവമായ കർത്താവിനു സ്തുതി.

1–ാം വാ: സഹോദരരേ, നിങ്ങൾ പ്രാരംഭ (ശ്രുതായ)
കീർത്തനത്തിനായി എഴുന്നേല്ക്കുവിൻ.

എല്ലാവരും എഴുന്നേല്ക്കുന്നു. തുടർന്നു കാന്തി കൻ ജനങ്ങൾക്കഭിമുഖമായി നില്ക്കുന്നു. ദിവസത്തിന്റെ ശ്രുതായ പാടുന്നു.

കാർമ്മി: ദൈവമഹത്വത്തെയാകാശമണ്ഡലം
പാവനാത്മാവിന്റെ ഗീതികളാൽ
കീർത്തിച്ചിടുന്നു, നമുക്കാചരിച്ചിടാം
(മാർത്തോമ്മാ ശ്ലീഹാതൻ സ്മരണയിപ്പോൾ
വല്ലഭനീശോതൻ ജനനം സ്മരിക്കാം)
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

2–ാം ഡീ: വാനവിതാനം വിളംബരം ചെയ്യുന്നു
സാനന്ദമവിടത്തെ കരകൗശലം
കല്യൻ പരിശുദ്ധാത്മാവിന്റെ ഗീതികളാൽ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

1–ാം ഡീ: ഉല്ലാസമോടെ പകലിതാപകലോടു
സല്ലപിക്കുന്നു വിരാമമെന്യേ
കല്യൻ പരിശുദ്ധാത്മാവിന്റെ ഗീതികളാൽ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

കാർമ്മി: സ്തോത്രം പിതാവിനും പുത്രനുമെന്നേയ്ക്കും
സ്തോത്രം പരിശുദ്ധാത്മാവിനും
കല്യൻ പരിശുദ്ധാത്മാവിന്റെ ഗീതികളാൽ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

2–ാം ഡീ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

സമൂഹവും ചേർന്നു

കല്യൻ പരിശുദ്ധാത്മാ.....

ശുശ്രൂ: പ്രാത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ.
ജീവദായകവും ദൈവികവുമായ
അങ്ങയുടെ കല്പനകൾ
ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും
ഞങ്ങളുടെ മനസ്സിനെയും ബുദ്ധിയേയും
പ്രകാശിപ്പിക്കണമെ.
അവ വഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന
സ്നേഹത്തിന്റെയും ശരണത്തിന്റെയും
രക്ഷയുടെയും ഫലം പ്രാപിക്കുന്നതിനും
അങ്ങയെ നിരന്തരം സ്തുതിക്കുന്നതിനും
അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും
ഞങ്ങളെ സഹായിക്കണമെ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

അല്ലെങ്കിൽ

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
അങ്ങേ ജനത്തിന്റെ സർവ്വജ്ഞാനിയായ നായകനും
വിസ്മയനീയനായ പരിപാലകനും
സകല സഹായങ്ങളുടെയും സൗഭാഗ്യങ്ങളുടെയും
വറ്റാത്ത ഉറവിടവുമായ കർത്താവേ,
അങ്ങേക്കു സഹജമായവിധം
ഞങ്ങളെ കരുണാപൂർവ്വം കടാക്ഷിക്കുകയും
തിരുവചനങ്ങൾക്കൊത്തു ജീവിക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

ഡീക്കന്മാർ രണ്ടുപേരും ജനങ്ങൾക്കഭിമുഖമായി നിന്നുകൊണ്ട് വ്യാഖ്യാനഗീതം അഥവാ ധർമ്മോക്തി ('തുർഗാമ') പാടുന്നു. ഈ സമയത്തു് കാന്ത്രികനും, ആർച്ചുഡീക്കനും മദ്ബഹയിൽ നിലകൊള്ളുകയോ ഇരിപ്പിടങ്ങളിൽ ഇരിക്കുകയോ ചെയ്യുന്നു.

ധർമ്മോക്തി

1 സ്വർഗ്ഗത്തിനും ഭൂമിക്കും രാജാവാം
സ്വർഗ്ഗകർത്താവിൻ മഹിതമാം
സൽക്കാരത്തിനായ് അവിടുത്തെ മഹാ
ശക്തിയാൽ ക്ഷണം ലഭിച്ചവരേ,

2 സുവിശേഷത്തിൻ വെളിച്ചത്താൽ നിങ്ങൾ
സ്വയമാത്മാവെ ശ്രോധന ചെയ്വിൻ
ലൗകികങ്ങളാം ചിന്തകളെല്ലാം
അകമേ എന്നുമകറ്റുവിൻ
ദൈവികാഗ്നിയാൽ ത്തങ്ങളെത്തന്നെ
പാവിതമാക്കിച്ചെയ്യുവിൻ

3 അൻപൊടെ നാഥൻ യാചിക്കുന്നോർക്കു
മുൻപിലായ് തുറന്നീടുന്ന
സർവ്വനന്മയും സഞ്ചയിച്ചുള്ള
സൗഭാഗ്യത്തിൻ ഭണ്ഡാഗാരം

അങ്ങുരയ്ക്കുന്ന 'പാപികളേ, നിങ്ങളം
ഇങ്ങടുത്തു വന്നീടുവിൻ
വാങ്ങിക്കൊൾവിൻ തിരിയെയേവരും
നിങ്ങടെ കടപ്പത്രങ്ങളം

4 നിങ്ങളം സ്വർഗ്ഗീയ സാമ്രാജ്യത്തിന്റെ
അംഗങ്ങളം, അവകാശികളം
പാവിതങ്ങളാക്കീടുവിൻ നിങ്ങളം
പൈതങ്ങൾക്കൊപ്പം ഹൃദയങ്ങളം

5 പാവനാത്മാവുതൻ സ്വരങ്ങളാൽ
ദൈവരാജ്യപ്രഭാഷണം
നിങ്ങൾകേൾക്കും, പഠിപ്പിക്കുമതു
നിത്യാനന്ദത്തിൻ മാർഗ്ഗത്തെ

6 നിഴലിനൊത്തുള്ള നിയമങ്ങളിൽനിന്നു
പിഴയെഴാത്ത കല്പനയുടെ
വഴിയിലേയ്ക്കു പൗലോസിനെപ്പോലെ
വരുവിനായതാവശ്യമാം

7 ഇസ്രായേൽക്കാരിൽ തീക്ഷ്ണബുദ്ധിയായ്
വിശ്രുതധീരചിത്തനായ്
കർത്താവുകണ്ട സാവൂളിനെത്തന്നെ
ക്രൈസ്തവസമൂഹത്തിനായ്
തീക്ഷ്ണനാക്കുവാനായ് വിളിച്ചല്ലോ
സൂക്ഷ്മദർശകൻ രക്ഷകൻ

8 പണ്ടു യൂദർതൻ നിയമത്താലെയും
പാരമ്പര്യത്താലുമന്ധനായ്
ക്രൈസ്തവശത്രുവായിരുന്നവൻ
ക്രിസ്തുവിൻ നിയമശക്തിയാൽ
നേത്രം രണ്ടും തുറന്നു സഭയുടെ
മിത്രമായ് ധർമ്മയോദ്ധാവായ്

9 മഹിമയാർന്നതൻ സത്യവചനങ്ങൾ
മതിയിലോർപ്പതുമുചിതമാം
(തെസലോണിയക്കുള്ള) ലിഖിതത്തിലിതു
തെളിവായവനേകുന്നുപദേശം

അനന്തരം ഒന്നാം ഡീക്കൻ ലേഖന ഗ്രന്ഥമെടുത്തു കാർമ്മികന്റെ നേരെ തിരിഞ്ഞു തലകനിച്ചു ആശീർവ്വാദം യാചിക്കുന്നു

1-ാം ഡീ: ഗുരോ ആശീർവ്വദിച്ചാലും

കാർമ്മി: മിശിഹാ തന്റെ വിശുദ്ധമായ വചസ്സുകളാൽ
നിന്നെ ജ്ഞാനിയാക്കട്ടെ.
നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന
പ്രബോധന വചനം ശ്രവിക്കുന്ന ഏവർക്കും
നിർമ്മല ദർപ്പണമായി ഭവിക്കുവാൻ
അവിടുന്നു നിന്നെ ✠ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

(അല്ലെങ്കിൽ)

മിശിഹാ നിന്നെ അനുഗ്രഹിക്കട്ടെ.

തുടർന്നു ഒന്നാം ഡീക്കൻ ജനങ്ങൾക്കഭിമുഖമായി നിൽക്കുന്നു. മറ്റൊരു ശുശ്രൂഷി സമീപത്തു കത്തിച്ച തിരിയുമായി നിൽക്കുന്നു.

1–ാം ഡീ: സഹോദരരേ,..... ശ്ലീഹാ.....
എഴുതിയ ലേഖനം

തുടർന്നു ലേഖനം വായിക്കുന്നു. ലേഖനത്തിന്റെ അവസാനം:

സമൂ: നമ്മുടെ കർത്താവായ മിശിഹായുടെ സ്തുതി.

തുടർന്ന് കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ധൂപകലശം കുന്തുരുക്കമിട്ട് ആശീർവ്വദിക്കുന്നു.

കാർമ്മി: കർത്താവേ, അങ്ങയുടെ സ്തുതിക്കും
ഞങ്ങളുടെ പാപമോചനത്തിനുമായി
ഈ സുഗന്ധദ്രവ്യം ഞങ്ങൾ സമർപ്പിക്കുന്നു.
പാപിനിയായ മറിയം അങ്ങയുടെ ശിരസിൽ
പൂശിയ
സുഗന്ധതൈലത്തിന്റെ പരിമളം
ഇതിൽ ✠ കലരട്ടെ,
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

ശ്രോ: ആമ്മേൻ.

1–ാം ഡീ: ഹല്ലേലൂയ്യാ, (3 പ്രാവശ്യം)

തുടർന്ന് രണ്ടു ഗണമായി സൂമാറാ പാടുന്നു.

1-ാംഗണം നല്ലൊരാശയമെൻ കരംനിറ–
ഞ്ഞുല്ലസിച്ചുമരുവുന്നു
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

2-ാംഗണം ലോലകീർത്തനമായ് തിരുമുമ്പി–
ലാലപിക്കട്ടെ ഞാനതു്
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

1-ാംഗണം ദൈവാനുഗ്രഹമാസ്വ കവിയുടെ
നാവുപോലാണെൻ തൂലിക
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

2-ാംഗണം സ്തോത്രം പിതാവാം ദൈവത്തിനും പുത്രനും
സ്തോത്രം പരിശുദ്ധാത്മാവിനും
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

1-ാംഗണം ആദിമുതൽ എന്നേയ്ക്കും ആമ്മേൻ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ

അനന്തരം കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: പിതാവിന്റെ മഹത്വത്തിന്റെ തേജസും
സത്തയുടെ പ്രതിഛായയുമായ മിശിഹായെ,
അങ്ങു് ഞങ്ങളുടെ മനുഷ്യശരീരത്തിൽ
പ്രത്യക്ഷപ്പെടുകയും
ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ
സുവിശേഷ വെളിച്ചത്താൽ
പ്രകാശിപ്പിക്കുകയും ചെയ്തു.
അങ്ങയെ ഞങ്ങൾ എപ്പോഴും സ്തുതിക്കുകയും
ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും. ആമ്മേൻ.

തുടന്നു് കാർമ്മികൻ ആർച്ചുഡീക്കനോടുകൂടി അംശത്താരയെ സമീപിച്ചു് താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് സുവിശേഷഗ്രന്ഥമെടുക്കുന്നു.

കാർമ്മി: ലോകത്തിന്റെ പ്രകാശവും
സകലത്തിന്റെയും ജീവനുമായ മിശിഹായെ,
അങ്ങയെ ഞങ്ങളുടെ പക്കലേക്കയച്ച
അനന്ത കാരുണ്യത്തിനു എന്നേയ്ക്കും സ്തുതി.
ആമ്മേൻ.

അനന്തരം ഒന്നാം ഡീക്കൻ താഴെ വരുന്ന ഓനീസാ ആരംഭിക്കുന്നു.

ഈ സമയത്തു കാർമ്മികൻ സുവിശേഷഗ്രന്ഥം ചുംബിച്ച ശേഷം സഹകാർമ്മികരെ മുത്തിക്കുന്നു.

1-ാം ഡീ: പഴയ വിശുദ്ധ നിയമഗ്രന്ഥമാദിയി-
ലെഴുതിയിരിക്കുന്നെന്നെപ്പറ്റി
പരിശുദ്ധാത്മാവിന്റെ നിയോഗാൽ
പരമാത്ഭുതജന്മമെഴും ലേഖകർ
നാലുവിശുദ്ധർ ചമച്ചു, നമ്മുടെ
പാലകനാം, നമ്മുടെ രാജാവാം

പുത്രൻ മിശിഹായുടെ സുവിശേഷം
പ്രത്യാശ നരക്കുള്ളം ഗ്രന്ഥം

(മട്ട മാറി)

മത്തായി യൂദയിലെ വിശ്വാസികൾക്കും
മർക്കോസു റോമിലെ സഭാംഗങ്ങൾക്കും
ശ്ലീഹാ ലൂക്കാ ഈജിപ്പിലുള്ളോർക്കും
യോഹന്നാനെഫേസിലെ സഭയ്ക്കും
സുവിശേഷത്തിൻ ലിഖിതങ്ങളാലേ
സുവിശേഷം വിശ്വാസമുയർത്തി
ഇക്കാലത്തവിടത്തെയത്ഭുതശക്തികൾ
ളൊക്കെ പ്രകീർത്തിച്ചു വിശ്വാസികൾ
നാനാദിക്കിലും സുവിശേഷ ഗ്രന്ഥങ്ങൾ
ധ്യാനത്തിൻ വിഷയമാക്കീടുന്നല്ലോ.

ഡീക്കന്മാർ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി പുഴയ വിശുദ്ധ .....

അനന്തരം പുസ്തകം അൾത്താരയിൽ വച്ചിട്ട കാഞ്ഞികനും ആർച്ച ഡീക്കനും സ്വസ്ഥാനങ്ങളിൽ ഇരിക്കുന്നു. ഡീക്കന്മാർ അഴിക്കാലുകൾ പെന്നു ജനങ്ങൾക്കഭിമുഖമായി നിന്നു കൊണ്ട് വ്യാഖ്യാനഗീതം (തുർഗാമ) പാടുന്നു.

ധർമ്മോക്തി

1 പിതാവിലും പുത്രനിലും
പവിത്രാത്മാവിലും സദാ
വിശ്വസിപ്പവരേ, നിങ്ങൾ
വരുവിൻ ശരണത്തോടേ

അരോഗത ശരീരത്തി–
ന്നാത്മാവിന്നുജീവനും
നൽകിടും വചനം നിങ്ങൾ
നന്ദിയോടെ ശ്രവിക്കുവിൻ

2 സത്യദൈവസുതൻ വന്നു
മർത്യർക്കിടയിൽ മർത്യനായ്
മോചിച്ചു പാപത്തിൽനിന്നും
മർത്യരെ നിയമത്തിനാൽ

3 വലുതാം നിധി നിങ്ങൾക്കീ
വചനം കാട്ടിടുന്നതേ
ഏവനും നൽകുമീഗ്രന്ഥം
ജീവനും സൗഖ്യവുംപരം

4 ജീവൻ നൽകും സജീവമാ–
മീവചസു ശ്രവിക്കവേ
ഞെട്ടിയോടുന്ന സാത്താനും
ദുഷ്ടാത്മാക്കളശേഷവും

5 പ്രകാശമീവചസ്സോർപ്പിൻ
പ്രദീപമിതു ജീവനും
വിധികർത്താവിനെറ വാത്ത–
യിതുകീർത്തിടുമെങ്ങുമേ

6 എല്ലാജനതയും തന്നാ–
ലല്ലോപാപവിമോചനം
രക്ഷയും നേടിയിടുന്നു
വീക്ഷിപ്പിൻ, വിശ്വസിക്കുവിൻ

7 വിത്താക്കി വചനംകാലേ
വിതക്കാരൻ ഗമിക്കയായ്
അൻപോടർപ്പിക്കുവിൻ തനെറ
മുൻപിൽ ഹൃദയമാം വയൽ

8 ജീവനാണോർക്കുക തൻശബ്ദ–
മാനന്ദം, കൃപ, നന്മയും,
അയുസ്സു, ദയ, കാരുണ്യം,
പ്രത്യാശയുമൊരേവിധം

9 അവനിൽ ശരണം വയ്ക്ക–
ന്നെവൻ, തൻ വചനങ്ങളിൽ
എവനർപ്പിച്ചു വിശ്വാസ–
മവനത്യന്ത ഭാഗ്യവാൻ.

മരിച്ചാലുമവൻ ജീവൻ
ധരിക്കും വീണ്ടുമോർക്കുവിൻ
ഇരിക്കിലോ താൻ പാപത്തിൽ
മരിക്കില്ലയൊരിക്കലും

10 ആവിർഭവിച്ചു ഭൂലോകേ
ദൈവത്തിന്നേക നന്ദനൻ
ജാതനായ് കന്യയിൽ ദേവ—
ദൂതർക്കും മേൽപ്രഭാവവാൻ

11 ആതുരർക്കേകി താൻ സൗഖ്യം
മൃതർക്കു നവജീവനും
തുരത്തിനാൻ പിശാചരെ
മരണത്തെജ്ജയിച്ചുതേ

മൃതരിൽനിന്നുയത്തീശ—
സുതൻ സ്വർഗ്ഗം ഗമിച്ചുതേ
പിതൃദക്ഷിണ പാർശ്വത്തിൽ
പ്രശോഭിച്ചരുളുന്നു കേഠം

12 ഇപ്പോളീ യോഹന്നാനെന്ന
അപ്പോസ്തലൻ ശ്രവിച്ചതും
കണ്ടതും വർണ്ണിച്ചിട്ടുന്ന
കേഠംക്കട്ടേ ചെവിയുള്ളവൻ

13 ഇതാണു സ്വർഗ്ഗത്തേക്കുള്ള
വാതിൽ മർത്യനു കേറുവാൻ
ഇതാണു വഴി കുണ്ടിൽകാൽ
പതിക്കാതെ ഗമിക്കുവാൻ

14 മൃതർ കേഠംക്കുകിലീശബ്ദം
ദ്രുതം ജീവിച്ചു വന്നിട്ടും
ജീവിപ്പോർ നിരസിച്ചീടിൽ
ജീവനാശം ഫലം ദൃഢം

അനന്തരം കാമ്മികൻ അംത്താരയെ സമീപിച്ച് സുവിശേഷ ഗ്രന്ഥമെടുത്ത് നെറ്റിവരെ ഉയത്തിപ്പിടിക്കുന്നു. ധൂപികയും കുരിശും, തിരികം എന്നിവ വഹിക്കുന്നവർ മുമ്പേയും ആർച്ച ഡീക്കനാൽ അനുഗതനായി കാമ്മികൻ പിമ്പെയും പ്രദിക്ഷണമായി ബേമായിലേക്കു പോകുന്നു. തത്സമയം കാമ്മികൻ താഴ്ന്ന സ്വരത്തിൽ താഴെ വരുന്ന പ്രാത്ഥന ചൊല്ലുന്നു.

കാർമ്മി: കത്താവായ മിശിഹായെ,
അങ്ങയുടെ സുവിശേഷത്താൽ
ഞങ്ങളെ വിജ്ഞാനികളാക്കണമേ.
അങ്ങയുടെ ജ്ഞാനത്താൽ
ഞങ്ങളുടെ ആന്തരിക ശക്തികളെ
ജ്വലിപ്പിക്കണമേ:
അങ്ങയുടെ സത്യത്താൽ
ഞങ്ങളുടെ ആത്മാക്കളെ
വിശുദ്ധീകരിക്കണമേ.
ഞങ്ങളും എപ്പോഴും അങ്ങയുടെ
വചനങ്ങളും അനുസരിക്കുന്നവരും
കല്പനകളും പാലിക്കുന്നവരുമാകട്ടെ.
സകലത്തിനേറെയും നാഥാ, എന്നേയ്ക്കും ആമ്മേൻ.

1-ാം ഡീ: നമുക്കു ശ്രദ്ധാപൂർവ്വം നിന്നു
വിശുദ്ധ സുവിശേഷം ശ്രവിക്കാം.

സുവിശേഷഗ്രന്ഥം കൊണ്ടു കാമ്മികൻ ജനങ്ങളെ ആശീർവ്വദിക്കുന്നു;

കാർമ്മി: നിങ്ങൾക്കു സമാധാനം.

സമൂ: അങ്ങേയ്ക്കും സമാധാനം.

കാർമ്മി: വിശുദ്ധ ..... എഴുതിയ
നമ്മുടെ കത്താവീശോമിശിഹായുടെ സുവിശേഷം.

സമൂ: നമ്മുടെ കത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മി സുവിശേഷം വായിക്കുമ്പോൾ രണ്ടു ശുശ്രൂഷികളും കത്തിച്ച തിരികളുമായി രണ്ടു വശത്തും നിൽക്കുന്നു. ഒരു ശുശ്രൂഷി മുമ്പിൽ നിന്നു ധൂപാർച്ചന നടത്തുന്നു. സുവിശേഷത്തിന്റെ അവസാനം

സമൂ: നമ്മുടെ കത്താവായ മിശിഹായ്ക്കു സ്തുതി.

കാമ്മികൻ പുസ്തകമടച്ചു് അതിന്മേൽ ചുംബിച്ചു് ഒന്നാം ഡീക്കനെ ഏല്പിക്കുന്നു. പുസ്തകം, കുരിശു്, തിരികളും എന്നിവ യഥാസ്ഥാനം വയ്ക്കുന്നു. മദ്ബഹായുടെ വിരിയിടുന്നു. രണ്ടാം ഡീക്കൻ കാറോസൂസാ ആരംഭിക്കുന്നു.

കാറോസൂസാ

2–ാം ഡീ: നമുക്കെല്ലാവക്കും
സന്തോഷത്തോട്ടും ആനന്ദത്തോട്ടുംകൂടെ
(സാധാരണ ദിവസങ്ങളിൽ)
അനുതാപത്തോട്ടുംകൂടെ ഉചിതമായിനിന്നു
കർത്താവേ, ഞങ്ങളോട്ട കൃപചെയ്യണമേ
എന്നു പ്രാർത്ഥിക്കാം.

സമൂ: കർത്താവേ, ...

1–ാം ഡീ: കാരുണ്യവാനായ പിതാവേ. ആശ്വാസദായകനായ ദൈവമേ, അങ്ങയോട്ട ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

2–ാം ഡീ: ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിന്റെയും ദാതാവുമായ അങ്ങയോട്ട ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

1–ാം ഡീ: ലോകം മുഴുവന്റെയും എല്ലാ സഭകളുടെയും സമാധാനത്തിനും, ഐക്യത്തിനും നിലനില്പിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

2–ാം ഡീ: ഞങ്ങളുടെ മാതൃരാജ്യത്തിനും മറ്റു് എല്ലാ രാജ്യങ്ങൾക്കും, വിശിഷ്യ, അവയിൽ അധിവസിക്കുന്ന വിശ്വാസികൾക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

1–ാം ഡീ: അനുകൂലമായ കാലാവസ്ഥയ്ക്കും, ഫലസമൃദ്ധമായ വത്സരത്തിനും,
വിളവുകളുടെ സമൃദ്ധിയ്ക്കും ലോകം മുഴുവന്റെയും ഐശ്വര്യത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

2—ാം ഡീ: മിശിഹായുടെ സഭ മുഴുവന്റെയും തലവനായ മാർ.....പാപ്പായുടെയും ഞങ്ങളുടെ പിതാവ് മാർ...മെത്രാപ്പോലീത്തായുടെയും(മെത്രാന്റെയും) അവരുടെ സഹശുശ്രൂഷകരുടെയും ക്ഷേമത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

(ഇവിടംവരെയുള്ള കാറോസൂസാ ഉപേക്ഷിക്കാവുന്നതല്ല. താഴെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നേ കാറോസൂസായോ, അവസരോചിതമായ മറ്റു കാറോസൂസായോ ചേർത്തു ചൊല്ലാവുന്നതാണ്)

1—ാം ഡീ: [എല്ലാറ്റിനെയും കൃപാപൂർവ്വം ഭരിക്കുന്ന കാരുണ്യവാനായ ദൈവമേ,
അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

2—ാം ഡീ: അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

1—ാം ഡീ: പ്രകൃത്യാ ഗുണവാനും സകലനന്മകളുടെയും ദാതാവുമായ
അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

2-ാം ഡീ: സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ...

1-ാം ഡീ: പ്രകൃത്യാ മരണമില്ലാത്തവനും
ഉജ്ജ്വലമായ പ്രകാശത്തിൽ വസിക്കുന്നവനുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു].

സമൂ: കർത്താവേ, ...

2-ാം ഡീ: ഞങ്ങളുടെ കർത്താവായ മിശിഹായേ,
അങ്ങയുടെ കൃപയാൽ
ഞങ്ങളെല്ലാവരെയും രക്ഷിക്കണമേ
അങ്ങയുടെ സന്തോഷവും സമാധാനവും
ഞങ്ങളിൽ വർദ്ധിപ്പിക്കുകയും
ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.

സമൂ: കർത്താവേ, ...

തുടർന്നു ചൊല്ലുന്നു.

1–ാം ഡീ: കാരുണ്യവാനായ കർത്താവേ, ഞങ്ങളുടെമേൽ
സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും
മാലാഖയെ അയയ്ക്കണമെന്നു ഞങ്ങൾ യാചിക്കുന്നു

സമൂ: കർത്താവേ, അങ്ങയോട് ഞങ്ങൾ യാചിക്കുന്നു.

2-ാം ഡീ: ഞങ്ങളുടെ ജീവിതകാലം മുഴുവനും
അങ്ങയുടെ സഭയ്ക്കു ശാശ്വതമായ സമാധാനവും
പാപരഹിതമായ ജീവിതവും നല്കണമെന്നു

സമൂ: കർത്താവേ .....

1–ാം ഡീ: പരിശുദ്ധാത്മാവിന്റെ തിരുവിൽ
പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹത്തിന്റെ
ഐക്യം പ്രദാനം ചെയ്യണമെന്നു

സമൂ: കർത്താവേ .....

2-ാം ഡീ: പാപമോചനവും ദൈവേഷ്ടപ്രസാദവും
നിത്യജീവനും പ്രാപിക്കുവാനുള്ള അനുഗ്രഹം
ഞങ്ങൾക്കോരോരുത്തർക്കും നല്കണമെന്നു

സമൂ: കർത്താവേ.....

1–ാം ഡീ: അങ്ങയുടെ പ്രസാദവരവും ശാശ്വതമായ കൃപയും
ഞങ്ങളിൽ നിരന്തരം ചൊരിയണമെന്നു

സമൂ: കർത്താവേ.....

2-ാം ഡീ: പരസ്പരം ത്രീയേകദൈവത്തിനു സമർപ്പിച്ചുകൊണ്ടു
നമ്മെ ഒന്നായി അവിടുത്തെ കരങ്ങളിൽ
ഭരമേല്പിക്കാം.

സമൂ: ദൈവമായ കർത്താവേ,
അങ്ങേയ്ക്കു ഞങ്ങൾ ഭരമേല്പിക്കുന്നു.

കാറോസൂസാ കഴിയുമ്പോൾ വിരിമാറുന്ന കാർമ്മികൻ കൈവിരിച്ചുപിടിച്ച് താഴെ വരുന്ന പ്രാർത്ഥന ചൊല്ലുന്നു.

കാർമ്മി: കർത്താവേ, ബലവാനായ ദൈവമേ,
ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു.
അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ.
അങ്ങയുടെ ദാനങ്ങൾ
ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കണമേ.
അങ്ങയുടെ കാരുണ്യവും അനുഗ്രഹവും
അങ്ങു കൃപാപൂർവ്വം തിരഞ്ഞെടുത്ത
അജഗണം മുഴുവൻറെയും കടങ്ങളുടെ പൊറുതിയ്ക്കും
പാപങ്ങളുടെ മോചനത്തിനും
കാരണമായി ഭവിക്കട്ടെ
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ, ഏന്നേയ്ക്കും.

സമൂ: ആമ്മേൻ.

അനന്തരം ആർച്ച ഡീക്കൻ കുരിശ് എടുത്ത് കാർമ്മികനെ ഏല്പിക്കുന്നു. കാർമ്മികൻ ആ കുരിശ് ഒന്നാമത്തെ ഡീക്കനെ ഏല്പിക്കുന്നു. ആർച്ച ഡീക്കൻ സുവിശേഷഗ്രന്ഥമെടുത്ത് കാർമ്മികനെ ഏല്പിക്കുന്നു. കാർമ്മികൻ അതു എറുവാങ്ങി രണ്ടാം ഡീക്കനെ ഏൽപ്പിക്കുന്നു.

അനന്തരം കാർമ്മികനും ആർച്ചഡീക്കനും ബേമായിൽ നിന്നിറങ്ങി ഹൈക്കലയുടെ മദ്ധ്യത്തിൽ, കുരിശടയാളമുള്ള വിരിപ്പു വിരിച്ചിരിക്കുന്ന സ്ഥലത്തു് ചെന്നു് മദ്ബഹയിലേയ്ക്കു തിരിഞ്ഞു നിൽക്കുന്നു. ബേമായിലുള്ള ഡീക്കന്മാർ അൾത്താരയ്ക്കു സമീപം മുഖാമുഖം നിൽക്കുന്നു.

1-ാം ഡീ: ഗ്രോ, ആശീർവ്വദിച്ചാലും:
ജനങ്ങളേ, നിങ്ങൾ കൈവയ്പിനായി
തലകുനിച്ചു് ആശീർവ്വാദം സ്വീകരിക്കുവിൻ
എല്ലാവരും തലകുനിക്കുന്നു.

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: കർത്താവേ, ശക്തനായ ദൈവമേ,
അങ്ങയുടെ അഭിഷിക്തൻ പീഡകളനുഭവിച്ചു്

വീണ്ടെടുത്ത അജഗണമായ
പരിശുദ്ധ കത്തോലിക്കാ സഭ അങ്ങയുടേതാകുന്നു.
സ്തുത്യർഹമായ ദൈവസ്വഭാവത്തിൽ
അങ്ങയോടൊന്നായിരിക്കുന്ന
പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ
യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികളം
കൈവയ്പു വഴി നൽകപ്പെടുന്നു.
വിശ്വാസികളംകൂടി
അദ്ധ്യാത്മിക സേവനമനുഷ്ഠിക്കുന്നതിനു
പരിശുദ്ധമായ സഭാശരീരത്തിൽ
പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാകുവാൻ
ബലഹീനരായ ഞങ്ങളെ അങ്ങു യോഗ്യരാക്കി.
ആകയാൽ കർത്താവേ,
അങ്ങയുടെ കൃപ ഞങ്ങളിൽ പൂർണ്ണമാക്കുകയും
അങ്ങയുടെ ദാനങ്ങളം ഞങ്ങളുടെ കരങ്ങളം വഴി,
വർഷിക്കുകയും ചെയ്യണമേ,
ഞങ്ങളേയും

(നിവൻനിന്നു കരങ്ങളം ഉയർത്തിപ്പിടിച്ചു)

അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും
സമൃദ്ധമായി അനുഗ്രഹിക്കണമേ.

എല്ലാവരും നിവൻനില്ക്കുന്നു.

വലിയനോമ്പിലും സാധാരണ ദിവസങ്ങളിലും

കാർമ്മി: കർത്താവായ ദൈവമേ.
സാവ്ത്രികവും ഐഹികവുമായ സഭയുടെ മേൽ
അങ്ങയുടെ കരുണയേറിയ വലംകൈ നീട്ടണമേ.
രഹസ്യവും പരസ്യവുമായ
എല്ലാ വിപത്തുകളിലും നിന്നു
സഭയെ സംരക്ഷിക്കണമേ
ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ
അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ
ഞങ്ങളെ ദയാപൂർവ്വം യോഗ്യരാക്കണമേ.
ഞങ്ങളേയും

(നിവൻനിന്നു കരങ്ങളം ഉയർത്തിപ്പിടിച്ചു)

അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും
സമൃദ്ധമായി അനുഗ്രഹിക്കണമേ.

എല്ലാവരും നിവൻനിൽക്കുന്നു.

കാർമ്മി: കർത്താവേ, കരുണാനിധിയായ ദൈവമേ,
അങ്ങയെ പ്രസാദിപ്പിക്കുന്ന സൽപ്രവൃത്തികളാൽ
ഞങ്ങളൊരുമിച്ച ജീവിതകാലം മുഴുവനും
അങ്ങയെ പ്രീതിപ്പെടുത്തുവാൻ
ഞങ്ങളെ അനുഗ്രഹിക്കണമേ.
അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും നിരന്തരം സമർപ്പിക്കുവാൻ
കാരുണ്യപൂർവ്വം ഞങ്ങളെ യോഗ്യരാക്കണമേ.
പിതാവും പുത്രനും
പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും

സമൂ: ആമ്മേൻ.

(ജ്ഞാനസ്നാനാർത്ഥികളെ ഉള്ളിലേയ്ക്കു കൊണ്ടുവരുന്നു)

1-ാം ഡീ: മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.

2-ാം ഡീ: ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്തവർക്കു പോകാം.

1-ാം ഡീ: അതു് സ്വീകരിക്കുന്നില്ലാത്തവർക്കു പോകാം.

2-ാം ഡീ: ശ്രോതാക്കളുമായി വന്നവർക്കു പോകാം.

1-ാം ഡീ: നിങ്ങളും പോയി വാതിലുകളും സൂക്ഷിക്കുവിൻ.

മറവസരങ്ങളിൽ

കാർമ്മി: മാമ്മോദീസാ സ്വീകരിക്കുകയും
ജീവന്റെ അടയാളത്താൽ
മുദ്രിതരാവുകയും ചെയ്തവർ
ഭക്തിയോടും ശ്രദ്ധയോടും കൂടെ നിന്നു്
വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

സാഷ്ടാംഗപ്രണാമം

1-ാം ഡീ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം

കാർമ്മി: അങ്ങേ പുരോഹിതർ നീതിയണിയുന്നു
അങ്ങേ വിശുദ്ധർ മഹത്വമേ

ഗാ. സം. 1 വന്നിടുന്നു ബലിവേദിയിലേക്കിതാ
വന്ദ്യൻ പുരോഹിതൻ ഭക്തിപൂർവ്വം
നാകത്തേക്കുമുഖനായ് പാവനാത്മാവെ–
കൈകളുയർത്തിക്ഷണിച്ചുപേക്ഷിപ്പൂ

ഗാ. സം.2 പാവനാത്മാവത്യുന്നതങ്ങളിൽനിന്നു
ഭുവിലേക്കെഴുന്നള്ളുന്നു

കാർമ്മികൻ മുട്ടുകുത്തി വിരിയിന്മേൽ മുന്നു പ്രാവശ്യം ചുംബിക്കുന്നു. എഴുന്നേറ്റ് കൈ ഉയർത്തി കുരിശടയാളം വരച്ചുകൊണ്ട്

കാർമ്മി: വിധിപോൽ ബലിദ്രവ്യം ഈശോതൻദേഹവും
✠ രുധിരമാക്കി മാറ്റുന്നു

ഡീക്കന്മാർ: അവിടുത്തെ ശിരസ്സിരത്തിൽ നമുക്കു കടന്നിടാം
സവിനയം തൻ പാദപീഠം വണങ്ങാം

ഗാ. സം.1 വന്നിടുന്നു ബലിവേദി.....

ഗാ. സം.2 പാവനാത്മാവത്യു

കാർമ്മികൻ മുട്ടുകുത്തി.....

കാർമ്മി: വിധിപോൽ..... ✠ .....

തുടർന്നു വലത്തു ഭാഗത്തേക്കു പോകുന്നു

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ഗാ. സം.1 വന്നിടുന്നു ബലിവേദി.....

ഗാ. സം.2 പാവനാത്മാവത്യു.....

കാർമ്മികൻ മുട്ടുകുത്തി.....

കാർമ്മി: വിധിപോൽ..... ✠ .....

തുടർന്നു വലത്തുഭാഗത്തേയ്ക്കു പോകുന്നു.

ഡീക്കന്മാർ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ഗാ. സം1 വന്നിടുന്നു ബലിവേദി.....

ഗാ. സം2 പാവനാത്മാവത്യു

കാർമ്മികൻ മുട്ടുകുത്തി.....

കാർമ്മി: വിധിപോൽ..... ✠ .....

തുടർന്നു വലത്തു ഭാഗത്തേയ്ക്കു പോകുന്നു.
കുമ്പിടൽ കഴിയുമ്പോൾ ഡീക്കന്മാർ അൾത്താരയിലേക്കു തിരിഞ്ഞു് തലകുനിച്ചുനിന്നുകൊണ്ടു പാടുന്നു.

ഡീക്കന്മാർ: കർത്താവാം മിശിഹായേ, അങ്ങേ
കാരുണ്യത്തിൻ വലതുകരം
അവിടത്തെ ജനതയുടെ മേലും
അജഗണമെല്ലാറ്റിന്മേലും
പരിചൊട്ട നീട്ടിയവക്കെന്നും
പൈതൃകമാശിസ്സരുളണമേ
അനന്തമല്ലോ കർത്താവേ,നി–
ന്നനർഘമാകും കാരുണ്യം
അങ്ങുപിശാചിനു നിൻകരവിരുത്തും
ഞങ്ങളെയേൽപ്പിച്ചീടൊല്ലേ

കാമ്മികന്റെ പക്കലേയ്ക്കു തിരിഞ്ഞ്

ശിഷ്യന്മാർ പന്ത്രണ്ടാളൊട്ട നീ
ശപഥം ചെയ്തതു പോലിന്നും
അവിടത്തെ വാശ്വാനം ഞങ്ങളിൽ
അവികലമായ് നിറവേറണമേ.

കാർമ്മി: ലോകാന്തംവരെ നിങ്ങളൊത്തുണ്ടാം
ഏകാൻ നിങ്ങൾക്കു സഹായം ഞാൻ

ഡീക്കന്മാർ: ഒപ്പം ശ്ലീഹന്മാരോടെന്നതുപോൽ
തൃപ്പാദങ്ങൾതൻ കാരുണ്യത്താൽ
ഞങ്ങളോടും കൂടിയായിരിക്കേണം
അങ്ങുന്നു ലോകാവസാനംവരേയ്ക്കും

ഈ ഗാനങ്ങൾ (ലോകാന്തംവരെ)
ഒപ്പം ശ്ലീ മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു.
ഓരോ പ്രാവശ്യവും ഡീക്കന്മാർ അല്പാല്പം
നടന്നു കാർമ്മികന്റെ പക്കലേയ്ക്കു വരുന്നു.
അവസാനം എല്ലാവരും വീരിയുടെ അടുത്തു
നിന്നു ഇപ്രകാരം പാടുന്നു.

ഡീക്കന്മാർ: പരിരക്ഷിച്ചീടുക ഞങ്ങളെ നീ
പരിചൊട്ട പരീക്ഷകളിൽ നിന്നും
മഹിമയെഴും നിൻ തിരുനാമത്തെ
മാനിച്ചുനദിന മാരാധിപ്പാൻ
വാഴ്ത്താൻ, സാക്ഷിപ്പാനുമണയ്ക്കുണ–
മൊത്തൊരു കാലമിവക്ഖിലേശ!

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം
നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കട്ടെ.
സ്വവിധ വരദാനങ്ങളും കൊണ്ട്
അവിടുന്നു നിങ്ങളെ സമലംകൃതരാക്കട്ടെ.

എല്ലാവരും മുട്ടുകുത്തി വിരിച്ചുംബിച്ച്
എഴുന്നേല്ക്കുന്നു.

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം
തന്റെ കൃപാതിരേകത്താൽ
നാമെല്ലാവരോടും കൂടെ
എപ്പോഴുമുണ്ടായിരിക്കട്ടെ.

സഹകാർമ്മികർ കാർമ്മികന്റെ തിരുവസ്ത്രം
ചുംബിക്കുന്നു.
തുടർന്നു കാർമ്മികൻ വിശ്വാസപ്രമാണ
ത്തിന്റെ ആദ്യപാദം പാടുന്നു.

കാർമ്മി: വിശ്വസിക്കുന്നു ഞങ്ങളും, വിശ്വസിക്കുന്നു ഞങ്ങളും
ദൃശ്യാദൃശ്യങ്ങളും സ്വർഗ്ഗവും സൃഷ്ടിച്ച താതനാം
ദൈവത്തിൽ
വിശ്വസിക്കുന്നു ഞങ്ങളും

ഗായകസംഘം സമൂഹത്തോട് ചേർന്ന് തുടർന്നു
പാടുന്നു.

താതനാം ദൈവത്തിനേകതനയനാം
ഈശോമിശിഹായിൽ വിശ്വസിക്കുന്നു ഞങ്ങളും
സൃഷ്ടിയല്ലാ, സർവ്വസൃഷ്ടികൾക്കുംമുമ്പ്
താതനിൽനിന്നവൻ ആദിയിൽ ജാതനായി.
വിശ്വസിക്കുന്നു ഞങ്ങളും (2)

ദൈവത്തിൽനിന്നുള്ള ദൈവമാണീസുതൻ
സത്തയിൽ താതനുമായ് ഐക്യത്തിൽ
വാണിടുന്നു.
ലോകവും, ലോകത്തിലുണ്ടായ വസ്തുക്ക—
ളെല്ലാം തീർത്തതീ പുത്രൻമൂലമല്ലോ;
മർത്യകുലത്തിനു രക്ഷയേകീടുവാൻ
സ്വർഗ്ഗത്തിൽ നിന്നവൻ മർത്യനായ് വന്നുഭ്രവിൽ.
വിശ്വസിക്കുന്നു ഞങ്ങളും (2)

പാവനാത്മാവിനാൽ കന്യാസൂനുവായ്
മേരിയിൽനിന്നവൻ ഭൂമിയിൽ ജാതനായി.
പീലാത്തോസിന്റെ കാലത്തുനിസ്സല
പീഡകളേറവൻ ക്ലേശിതനായ് മരിച്ചു;
കല്ലറയിൽനിന്നു മൂന്നാംദിനമവൻ
ഉത്ഥാനംചെയ്ത സ്വർഗ്ഗത്തിലേയ്ക്കുയർന്നു
വിശ്വസിക്കുന്നു ഞങ്ങൾ (2)

നിത്യനാംതാതന്റെ വലത്തുഭാഗത്തവൻ
വിജയപ്രതാപനായ് സിംഹാസനസ്ഥനായ്
ജീവനുള്ളോരെയും മൃതരേയുമന്ത്യത്തിൽ
മുറപോൽ വിധിക്കുവാനായണയും
വിയത്തിൽ വീണ്ടും
ജീവൻ നല്കുന്ന സത്യാത്മാവിലും
പാവനാത്മാവിലും വിശ്വസിക്കുന്നു ഞങ്ങൾ
വിശ്വസിക്കുന്നു ഞങ്ങൾ (2)

സാർവ്വജനീനമായ് പരിശുദ്ധമേകമാം
ശ്ലൈഹികസഭയിലും വിശ്വസിക്കുന്നു ഞങ്ങൾ
പാപത്തിനെല്ലാം മോചനം നൽകുന്ന
മാമ്മോദീസായിൽ വിശ്വസിക്കുന്നു ഞങ്ങൾ
മർത്യകുലത്തിന്റെ അന്തിമോത്ഥാനവും
നിത്യമാം ജീവനും വിശ്വസിക്കുന്നു ഞങ്ങൾ
വിശ്വസിക്കുന്നു.....

വിശ്വസിക്കുന്നു ഞങ്ങൾ..... ഗായകസംഘം ഏറ്റുപാടുമ്പോൾ കാർമ്മികനും സകകാർമ്മികരും വിശ്വാസപ്രമാണത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു. അതുകഴിയുമ്പോൾ കുനിഞ്ഞുനിന്നുകൊണ്ട് താഴെവരുന്ന പ്രാർത്ഥന ചൊല്ലുന്നു.

കാർമ്മി: മനസ്സാക്ഷിയെ നിർമ്മലമാക്കിക്കൊണ്ടും
ഹൃദയത്തെ വെടിപ്പാക്കിക്കൊണ്ടും
വിശുദ്ധസ്ഥലത്തു പ്രവേശിച്ചു് ബലിപീഠത്തിനു മുമ്പിൽ ഭക്തിയോടെ വ്യാപരിക്കുവാൻ
കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ.
ആദ്ധ്യാത്മികവും മനുഷ്യപ്രകൃതിക്കു ചേർന്നതുമായ ബലികർമ്മം യഥാർത്ഥവിശ്വാസത്തോടെ അങ്ങേയ്ക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി
ക്കൊണ്ട് മൂന്നുപ്രാവശ്യം വണ്ടിച്ചു് ബലിപീ
ത്തെ സമീപിക്കുന്നു.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ
പിതാവേ,
അങ്ങയെ ഞാൻ സ്തുതിക്കുന്നു
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ ഈ ബലി അർപ്പിക്കുവാൻ
പാപിയായ എന്നെ കരുണാപൂർവ്വം അങ്ങു
യോഗ്യനാക്കി
ഇതുവഴി കടങ്ങളുടെ പൊറുതിയും
പാപങ്ങളുടെ മോചനവും ആത്മാക്കളുടെ രക്ഷയും
ലോകം മുഴുവനിലും സമാധാനവും
സഭകൾക്കെല്ലാം ശാന്തിയും കൈവരട്ടെ.

1—ാം ഡീ: മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ നമ്മുടെ
പിതാക്കന്മാർക്കുവേണ്ടിയും പുരോഹിതന്മാർ—
മ്ശംശാനാമാർ എന്നിവർക്കുവേണ്ടിയും നമ്മുടെ
മാതാപിതാക്കന്മാർ, സഹോദരീ സഹോദരന്മാർ
ബന്ധുക്കൾ, മിത്രങ്ങൾ, ആദിയായവർക്കുവേണ്ടിയും
നമുക്ക് ഇപ്പോൾ ദൈവത്തോട് പ്രാർത്ഥിക്കാം.
പ്രവാചകന്മാരേയും ശ്ലീഹന്മാരേയും
രക്തസാക്ഷികളേയും വന്ദകരേയും
നമുക്ക് അനുസ്മരിക്കാം. ദൈവം അവസാനം
അവരെ നിത്യകിരീടമണിയിക്കുമ്പോൾ,
അവരോടുകൂടി നമ്മേയും സ്വർഗ്ഗരാജ്യത്തിലേയ്ക്കു
സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

കാർമ്മികൻ അൾത്താരയുടെ മദ്ധ്യത്തിലും
വലത്തുവശത്തും ഇടത്തുവശത്തും ചുംബിക്കുന്നു.
അനന്തരം 1—ാം ഡീക്കൻ പീലാസായും 2—ാം
ഡീക്കൻ കാസയും സജ്ജമാക്കുന്നതിനു
ബേസ്ഗസകളിലേക്കു പോകുന്നു.

പീലാസാ ധൂപിക്കുമ്പോൾ

1-ാം ഡീ: ഞങ്ങളുടെ കർത്താവായ ദൈവമേ,
വാഗ്ദാന പേടകത്തിന്റെ കൂടാരത്തിൽ
പുരോഹിത ശ്രേഷ്ഠനായ അഹറോന്റെ
പീലാസയെ എന്നതുപോലെ
ഈ പീലാസയേയും സുഗന്ധപൂരിതമാക്കണമേ.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട്
അപ്പമെടുത്തു കുരിശാകൃതിയിൽ ദിശ്മാ ചെയ്ത്
പീലാസയിൽ വയ്ക്കുന്നു.

1-ാം ഡീ: നമ്മുടെ കർത്താവീശോമിശിഹായുടെ
തിരുശരീരമാകാനുള്ള അപ്പം
പീലാസയിൽ വയ്ക്കപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

കാസാ ധൂപിക്കുമ്പോൾ

2-ാം ഡീ: ഞങ്ങളുടെ കർത്താവായ ദൈവമേ,
പരിമള സസ്യങ്ങളുടെയും
സുഗന്ധദ്രവ്യങ്ങളുടെയും നാഥാ,
വാഗ്ദാന പേടകത്തിന്റെ കൂടാരത്തിൽ
പുരോഹിത ശ്രേഷ്ഠനായ
അഹറോന്റെ കാസയെന്നതുപോലെ
ഈ കാസയേയും അങ്ങ് സുഗന്ധപൂരിതമാക്കണമേ.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

അനന്തരം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി
ക്കൊണ്ട് കാസായിൽ (കുരിശാകൃതിയിൽ)
വീഞ്ഞ് ഒഴിക്കുന്നു.

2-ാം ഡീ: നമ്മുടെ കർത്താവീശോമിശിഹായുടെ
തിരുരക്തമാകാനുള്ള വീഞ്ഞ്
രക്ഷയുടെ കാസായിൽ ഒഴിക്കപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും

അല്പം വെള്ളം കുരിശാകൃതിയിൽ അതിൽ ഒഴിച്ചുകൊണ്ട്,

2–ാം ഡീ: പടയാളികളിൽ ഒരുവൻ വന്ന്
നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ
കുന്തംകൊണ്ടുകുത്തി
ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.
അതുകണ്ട ആത്മനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു
ആ സാക്ഷ്യം സത്യവുമാകുന്നു
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ: ആമ്മേൻ.

(വീണ്ടും കുരിശാകൃതിയിൽ വിഞ്ഞ് ഒഴിക്കുന്നു. തത്സമയം ചൊല്ലുന്നു:

വീഞ്ഞു വെള്ളത്തോടും, വെള്ളം വീഞ്ഞിനോടും
കലർത്തപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

ഒന്നാം ഡീക്കൻ പീലാസാ ഇരുകരങ്ങൾകൊണ്ടും എടുക്കുന്നു. അതു നെറ്റിവരെ ഉയർത്തിപ്പിടിച്ചുകൊണ്ട് ബലിപീഠത്തിന്റെ മദ്ധ്യത്തിലേക്കു വരുന്നു. രണ്ടാം ഡീക്കൻ കാസ മേൽപറഞ്ഞവിധം എടുത്തു ബലിപീഠത്തിങ്കലേയ്ക്കു കൊണ്ടുവരുന്നു. കാസായും പീലാസായും അവർ ബലിപീഠത്തിങ്കൽ നില്ക്കുന്ന ആർച്ചുഡീക്കനെ ഏല്പിക്കുന്നു. ഈ അവസരത്തിൽ കാർമ്മികൻ കൈകൾ കഴുകുന്നു.

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുന്നു

സമൂ: കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും
നമ്മുടെ പാപങ്ങളുടെ മാലിന്യം
തുടച്ചു നീക്കുകയും ചെയ്യട്ടെ.

ഓനീസാ ദ്റാസേ

കാർമ്മി: കത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ട.

സമൂ: വിശുദ്ധ ബലിപീഠത്തിന്മേൽ മിശിഹായുടെ
ശരീരവും, അമൂല്യമായ രക്തവും
നമുക്കെല്ലാവർക്കും ഭയഭക്തികളോടെ
സ്നേഹപൂർവ്വം അവിടുത്തേയ്ക്കു സമർപ്പിക്കാം.
മാലാഖമാരോടൊത്തു് ദൈവമായ കർത്താവു്
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു പാടി സ്തുതിക്കുകയും ചെയ്യാം.

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മി: അങ്ങയുടെ ആരാധ്യമായ ത്രീത്വത്തെ
എപ്പോഴും എന്നേയ്ക്കും ഞങ്ങൾ സ്തുതിക്കും

സമൂ: ആമ്മേൻ.

കാർമ്മി: നമ്മുടെ രക്ഷക്കായു് കുരിശിന്മേൽ
ആത്മാഹുതി ചെയ്തൊരു നാഥൻ—
തന്നുടെ പീഡാസഹനം, മരണം
എന്നിവയുടെ സ്മൃതി പാലിക്കാൻ
കല്പിച്ചരുളിയ മിശിഹാ നമ്മുടെ
കൈകളിൽ നിന്നീ ബലിവസ്തു
ഉൾകൃപയോടു മനുഗ്രഹമോടും
കൈക്കൊണ്ടിടുമാറാകട്ടെ!

തുടർന്നു ചൊല്ലുന്നു.

കാർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ,
മിശിഹായുടെ മഹത്വമേറിയ
രണ്ടാമത്തെ ആഗമനം വരെ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ ബലി അർപ്പിക്കപ്പെടണമെന്ന
കല്പനയനുസരിച്ചു് വിശുദ്ധ ബലിപീഠത്തിന്മേൽ
ഇവ സജ്ജീകരിക്കപ്പെടുന്നു.
അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

അനന്തരം കാമ്മികൻ പീലാസാ വലത്തു വശത്തും കാസാ ഇടത്തുവശത്തുമായി ബലിപീഠത്തിന്മേൽവച്ചു ശോശപ്പാകൊണ്ടു മൂടുന്നു.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദൈവമാതാവായ കന്യകാമറിയത്തേയും
നീതിമാനായ മാർ യൗസേപ്പിനേയും
ബലിപീഠത്തിങ്കൽ നമുക്കു അനുസ്മരിക്കാം.

സമൂ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
ദൈവപുത്രന്റെ ശ്രീഹന്മാരേ,
ഏകജാതന്റെ സ്നേഹിതരേ,
സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

കാർമ്മി: ജനങ്ങളെല്ലാം "ആമ്മേൻ" എന്നുദ്ഘോഷിക്കട്ടെ.
നമ്മുടെ പിതാവായ മാർ തോമാശ്ലീഹായേയും
മകുടം ചൂടിയ രക്തസാക്ഷികളേയും
വിജയം വരിച്ച നീതിമാന്മാരേയും
ബലിപീഠത്തിങ്കൽ നമുക്കനുസ്മരിക്കാം.

സമൂ: ബലവാനായ കർത്താവു നമ്മോടുകൂടെ.
നമ്മുടെ രാജാവു നമ്മോടുകൂടെ
നമ്മുടെ ദൈവം നമ്മോടുകൂടെ
യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും

കാർമ്മി: ചെറിയവരും വലിയവരും,
അങ്ങേ മഹനീയമായ ഉത്ഥാനംവഴി
അങ്ങു മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന
പ്രതീക്ഷയിൽ
മരിച്ചവരെല്ലാം നിദ്രചെയ്യുന്നു.

സമൂ: തിരുസ്സന്നിധിയിൽ ഹൃദയങ്ങളം തുറക്കുവിൻ.
ഉപവാസത്താലും പ്രാർത്ഥനയാലും
പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും
മിശിഹായേയും അവിടുത്തെ പിതാവിനെയും
പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.

ഒന്നാമത്തെ അനാഫൊറ

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ശിഷ്യന്മാരെന്ന അറിയപ്പെടുന്നവരും പൗരസ്ത്യ സുറിയാനി സഭയുടെ പ്രബോധകരുമായ മാർ അദ്ദായി, മാർ മാറി എന്നിവരുടെ അനാഫൊറ. കാർമ്മികൻ കുനിഞ്ഞുനിന്നു താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങു ഞങ്ങളുടെമേൽ സമൃദ്ധമായി വർഷിച്ച
അനുഗ്രഹങ്ങൾക്കു്
അങ്ങയോടു ഞങ്ങൾ നന്ദിപറയുന്നു.
എളിയവരും പാപികളുമായിരുന്നിട്ടും
അങ്ങേ അഭിഷിക്തന്റെ
ശരീരരക്തങ്ങളുടെ ദിവ്യരഹസ്യങ്ങൾ
പരികർമ്മം ചെയ്യുവാൻ
കാരുണ്യപൂർവ്വം അങ്ങു് ഞങ്ങളെ യോഗ്യരാക്കി
അങ്ങു ഞങ്ങൾക്കു നല്കിയ ഈ ദാനം
തികഞ്ഞ സ്നേഹത്തോടും
ഉറച്ച വിശ്വാസത്തോടും കൂടെ
കൈകാര്യം ചെയ്യുവാൻ
ഞങ്ങളെ ശക്തരാക്കണമെന്നു
അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തു് ഉയർന്ന സ്വരത്തിൽ തുടരുന്നു:

ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

കാർമ്മികൻ ക്രമപ്രകാരം തന്റെമേൽത്തന്നെ കുരിശുവരച്ചു് ജനങ്ങളുടെ നേരേ തിരിഞ്ഞു് ആശീർവ്വദിക്കുന്നു.

കാർമ്മി: നിങ്ങൾക്കു ✠ സമാധാനം.

സമൂ: അങ്ങേയ്ക്കും സമാധാനം.

ബലിപീഠത്തിലേക്ക് തിരിയുമ്പോൾ കാമ്മികൻ ആർച്ചുഡീക്കനും, അനന്തരം ഡീക്കന്മാർക്കും ക്രമപ്രകാരം സമാധാനം നല്കുന്നു. ഒന്നാം ഡീക്കൻ ജനങ്ങൾക്കഭിമുഖമായിനിന്നുകൊണ്ടു പറയുന്നു.

1ാം ഡീ: സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ.

തുടർന്നു ജനങ്ങൾ പരസ്പരം സമാധാനം നല്കുന്നു. ഒന്നാം ഡീക്കൻ ഹൈക്കലായിൽചെന്നു് വിശ്വാസികൾക്കു് സമാധാനം നല്കുന്നു. തുടർന്നു് ഒന്നാം ഡീക്കൻ അനുസ്മരണപ്രാർത്ഥന (ഡിപ്റ്റിക്സു്) ചൊല്ലുന്നു.

ഞായറാഴ്ചകളിലും നമ്മുടെ കർത്താവിന്റെ തിരുനാളുകളിലും മാത്രം

1–ാം ഡീ: സഭാസമൂഹത്തിലെ / വിവിധ ജീവിതാന്തസ്സുകളിൽനിന്നു് / മരണം മൂലം വേർപിരിഞ്ഞുപോയ എല്ലാവരേയും ഇപ്പോൾ നമുക്കു് അനുസ്മരിക്കാം. മാർപ്പാപ്പാമാർ, പാത്രിയാർക്കീസുമാർ, / മെത്രാന്മാർ, പുരോഹിതന്മാർ / മൂശംശാനാമാർ, സന്യാസിനീസന്യാസിമാർ / മിഷനറിമാർ, അത്മായ പ്രേഷിതർ / എന്നിവരുടെ ആത്മാവുകൾക്കു് / നിത്യാനന്ദം ലഭിക്കുമാറാകട്ടെ. സാർവ്വത്രിക സഭയുടെ നാനാ തുറകളിൽ / ഇപ്പോൾ സേവനംചെയ്തുകൊണ്ടിരിക്കുന്ന / എല്ലാവരേയും പ്രാർത്ഥനാപൂർവ്വം / നമുക്കു് അനുസ്മരിക്കാം. ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും / നമ്മൾ പ്രത്യേകം അനുസ്മരിക്കേണ്ടവരേയും / ഈ കുർബ്ബാനയിൽ / നമുക്കു ദൈവസമക്ഷം സമർപ്പിക്കാം.

2–ാം ഡീ: നമുക്കെല്ലാവർക്കും അനുതാപപൂർണ്ണവും നിർമ്മലവുമായ ഹൃദയത്തോടെ കർത്താവിനെ സ്തുതിച്ചുകൊണ്ടു പ്രാർത്ഥിക്കാം. ദൈവജനമേ, നിങ്ങൾ ആദരപൂർവ്വംനിന്നു് കൃദാശചെയ്യപ്പെടുന്ന ദിവ്യരഹസ്യങ്ങളിൽ ശ്രദ്ധാപൂർവ്വം പങ്കുകൊള്ളുവിൻ.

പുരോഹിതൻ (പുരോഹിതശ്രേഷ്ഠൻ)
തന്റെ മാദ്ധ്യസ്ഥംവഴി
നിങ്ങൾക്കു സമാധാനം സമൃദ്ധമാകാൻവേണ്ടി
അർപ്പണ പ്രാർത്ഥന ആരംഭിക്കുന്നു.
ചിന്തകൾ സ്വർഗ്ഗത്തിലേക്കുയർത്തി
ഏകാഗ്രതയോടും, ഭക്തിയോടുംകൂടെ
പ്രാർത്ഥിക്കുവിൻ.
നമുക്കു സമാധാനം.

കാർമ്മി: കർത്താവേ; ശക്തനായ ദൈവമേ,
ബലഹീനനായ എന്നെ കാരുണ്യപൂർവ്വം
സഹായിക്കണമേ.
ആരാധ്യമായ ത്രീത്വത്തിന്റെ സ്തുതിക്കും
സാർവ്വത്രിക സഭയുടെ നന്മയ്ക്കും വേണ്ടി
സജീവവും വിശുദ്ധവുമായ ഈ ബലിയർപ്പിക്കുവാൻ
എളിയവനായ എന്നെ യോഗ്യനാക്കണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ, എന്നേയ്ക്കും

കാർമ്മികൻ ശോശപ്പാ മടക്കി ബലിവസ്തുക്കൾക്കു ചുറ്റുമായി വയ്ക്കുന്നു.

കാർമ്മി: കാരുണ്യവാനായ കർത്താവേ,
അങ്ങയുടെ ശരീരരക്തങ്ങളുടെ പരികർമ്മത്തിനു
സ്നേഹപൂർവ്വം അങ്ങ് എന്നെ യോഗ്യനാക്കി.
അപ്രകാരം തന്നെ വിധിദിവസത്തിൽ
അങ്ങയുടെ സംപ്രീതിക്കും
എന്നെ അർഹനാക്കണമേ. ആമ്മേൻ.

ശുശ്രൂഷകർ ധൂപകലശം കൊണ്ടുവരുന്നു. കാർമ്മികൻ അതു ക്രമപ്രകാരം വാഴ്ത്തി അവിടെത്തന്നെ നിന്നുകൊണ്ട് ബലിവസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

ദിവ്യരഹസ്യങ്ങളുടെ മേൽ രൂശ്മാ ചെയ്യുന്നു.

സമൂ: ആമ്മേൻ.

കാർമ്മി: നിങ്ങളുടെ ചിന്തകളും ഉന്നതത്തിലേക്കുയരട്ടെ.

സമൂ: അബ്രാഹത്തിന്റേയും ഇസഹാക്കിന്റേയും
യാക്കോബിന്റേയും ദൈവമേ,
സ്തുത്യർഹനായ രാജാവേ,
അങ്ങയുടെ സന്നിധിയിലേയ്ക്ക്.

കാർമ്മി: സകലത്തിന്റേയും നാഥനായ ദൈവത്തിനു
കൃതജ്ഞതാബലി അർപ്പിക്കപ്പെടട്ടെ.

സമൂ: അതു തികച്ചും ഉചിതമാകുന്നു.

കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു

കാർമ്മി: കർത്താവേ, ഞങ്ങളുടെ മനസ്സിനെ
എല്ലാ അശ്രദ്ധതയിലും ദുഷ്ടതയിലും
അസൂയയിലും വഞ്ചനയിലും നിന്നു
വിമുക്തമാക്കണമേ.
പരസ്പരസ്നേഹവും ഐക്യവും
ഞങ്ങളിൽ ഉളവാക്കണമേ.
വിശ്രദ്ധവും സജീവവുമായ ഈ തിരുക്കർമ്മം
പ്രത്യാശാപൂർവ്വം അനുഷ്ഠിക്കുവാൻ
ഞങ്ങൾക്കു ആത്മധൈര്യം നൽകുകയും ചെയ്യണമേ

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവുമായ
സർവ്വേശ്വരാ,
അങ്ങയുടെ മഹത്വമേറിയ ത്രിത്വത്തിന്റെ
ആരാധ്യവും മഹനീയവുമായ നാമം
മനുഷ്യവർഗ്ഗം മുഴുവന്റെയും സ്തുതിക്കും
കൃതജ്ഞതയ്ക്കും അർഹമാകുന്നു.
സർവ്വ സൃഷ്ടിജാലങ്ങളിൽ നിന്നുള്ള
ആരാധനയ്ക്കും പുകഴ്ചയ്ക്കും യോഗ്യവുമാകുന്നു.
എന്തുകൊണ്ടെന്നാൽ അവിടുന്നു ലോകത്തെയും
അതിൽ വസിക്കുന്നവയെയും
കനിവോടെ സൃഷ്ടിക്കുകയും
മനുഷ്യവംശത്തോട് അളവറ്റ
കരുണ കാണിക്കുകയും ചെയ്തു.
എന്റെ കർത്താവേ,
സ്വർഗ്ഗവാസികളുടെ ആയിരങ്ങളും
മാലാഖാമാരുടെ പതിനായിരങ്ങളും
മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു,

അങ്ങയെ ശുശ്രൂഷിക്കുന്ന അഗ്നിമയന്മാരും
അരൂപികളുമായ സ്വർഗ്ഗീയ സൈന്യങ്ങളും
അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു.
പരിശുദ്ധരായ ക്രോവേന്മാരോടും
അരൂപികളുമായ സ്രാപ്പേന്മാരോടും ചേർന്നു്
നാഥനായ അങ്ങേയ്ക്കു്
അവർ ആരാധന സമർപ്പിക്കുന്നു.

കൈകൊം ഉയർത്തി

ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ടു്
അവർ ഒന്നുചേർന്നു് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

സമൂ: ബലവാനും കർത്താവുമായ ദൈവം
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.
അവിടുത്തെ മഹത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
ഉന്നതങ്ങളിൽ ഓശാന,
ദാവീദിന്റെ പുത്രനു ഓശാന,
കർത്താവിന്റെ നാമത്തിൽ വന്നവനും
വീണ്ടും വരുവാനിരിക്കുന്നവനുമായവൻ
അനുഗ്രഹീതനാകുന്നു.
ഉന്നതങ്ങളിൽ ഓശാന.

ഈ സമയത്തു കാന്തികൻ താഴ്ന്നസ്വരത്തിൽ
ചൊല്ലുന്നു.

കാർമ്മി: ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു.
അങ്ങു മാത്രമാകുന്നു യഥാർത്ഥ പിതാവു്.
സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും
അങ്ങിൽ നിന്നാകുന്നു.
നിത്യനായ പുത്രാ, അങ്ങു പരിശുദ്ധനാകുന്നു.
സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു.
രൂഹാദക്കുദശായേ, അങ്ങു പരിശുദ്ധനാകുന്നു.
സകലവും അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു.

താഴ്ന്ന സ്വരത്തിൽ

കാർമ്മി: എന്റെ സ്ഥിതി എത്ര ദുർഭഗം!
ഞാൻ അസ്വസ്ഥനായിരിക്കുന്നു.
കാരണം, എന്റെ അധരങ്ങൾ അശുദ്ധമാകുന്നു.
അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ
ഞാൻ വസിക്കുകയും ചെയ്യുന്നു.

ബലവാനും കർത്താവുമായ രാജാവിനെ
എന്റെ നയനങ്ങൾ ദർശിച്ചു.
കർത്താവിനെ ഇന്നു ഞാൻ അഭിമുഖമായിക്കണ്ട
ഈ സ്ഥലം
എത്രയോ ഭീതിജനകം!
ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറെറാന്നുമല്ല.
കർത്താവേ, ഞങ്ങളുടെമേൽ കനിയണമേ.
അശുദ്ധരായ ഞങ്ങളെ വിശുദ്ധീകരിക്കുകയും
ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും
ചെയ്യണമേ.
നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ
സ്രാപ്പേന്മാരുടേയും, മുഖ്യഭൂതന്മാരുടെയും
സ്തോത്രങ്ങളോടു ചേർക്കണമേ.
ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച
അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

കാർമ്മി: കർത്താവേ, എളിയവരും ബലഹീനരുമായ ഈ
ദാസരും സ്വർഗ്ഗീയ ഗണങ്ങളോടുചേർന്നു
അങ്ങയെ സ്തുതിക്കുന്നു
എന്തുകൊണ്ടെന്നാൽ,
നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്തവിധം
അത്ര വലിയ അനുഗ്രഹമാണല്ലൊ
അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്നതു്.
ഞങ്ങളുടെ ദൈവമായ കർത്താവേ,
അങ്ങയുടെ ദൈവിക ജീവനിൽ
ഞങ്ങളെ പങ്കുകാരാക്കുവാൻ
അങ്ങു ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു.
അധ:പതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും
എളിയവരായ ഞങ്ങളെ ഉയർത്തുകയും
മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു.
കടങ്ങൾ പൊറുത്തു്
പാപികളായ ഞങ്ങളെ വിശുദ്ധീകരിച്ചു:
ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി.
ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി.
ബലഹീനരും നിസ്സാരരുമായ ഞങ്ങളെ
അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്താൽ
മഹത്വമണിയിക്കുകയും ചെയ്തു!!

കാർമ്മി: പിതാവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ
ഞങ്ങളെ പഠിപ്പിച്ചതുപോലെ
പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ
ആചരിക്കുന്നു.
താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ
ഈശോ നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു്
സ്വർഗ്ഗത്തിലേയ്ക്കു്,
ആരാധ്യനായ അങ്ങയുടെ പക്കലേയ്ക്കു
കണ്ണുകളുയർത്തി
വാഴ്ത്തി, ✠ വിഭജിച്ചു്,
ശിഷ്യന്മാർക്കു നല്കികൊണ്ടു അരുളിച്ചെയ്തു.
ഇതു പാപമോചനത്തിനായി
നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന
എന്റെ ശരീരമാകുന്നു.
നിങ്ങളെല്ലാവരും
ഇതിൽനിന്നുവാങ്ങി ഭക്ഷിക്കുവിൻ.

സമൂ: ആമ്മേൻ.

കാസയെടുക്കുന്നു

കാർമ്മി: അപ്രകാരംതന്നെ കാസയുമെടുത്തു്
കൃതജ്ഞതാ സ്തോത്രം ചെയ്തു്, വാഴ്ത്തി ✠
അവർക്കു നല്കികൊണ്ടു അരുളിച്ചെയ്തു:
ഇതു പാപമോചനത്തിനായി
അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന
പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു.
നിങ്ങളെല്ലാവരും
ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.

സമൂ: ആമ്മേൻ.

കാർമ്മികൻ കൈകളിൽ കാസായും പീലാസായും ഒരുമിച്ചെടുത്തു ഉയർത്തികൊണ്ടു്.

കാർമ്മി: ഞാൻ ഈ ചെയ്തതു്
നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ
എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

കാസായും പീലാസായും ബലിപീഠത്തിൽ വച്ചിട്ടു കുനിഞ്ഞു ആചാരം ചെയ്യുന്നു. കാർമ്മികൻ ഗ്രഹിച്ചു ചൊല്ലുന്നതുപോലെ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: ദൈവമായ കർത്താവേ,
എളിയവരും ബലഹീനരുമായ ഈ ദാസരും
ഈ മാതൃക പരമ്പരാഗതമായി സ്വീകരിച്ച്
അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി
ഇപ്പോഴും തിരുസ്സന്നിധിയിൽ നില്ക്കുന്നു.
ഞങ്ങളുടെ കർത്താവും രക്ഷകനുമായ
ഈശോമിശിഹായുടെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
മഹനീയവും പരിശുദ്ധവും
ജീവദായകവുമായ ഈ ദിവ്യരഹസ്യങ്ങളെ
സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും
സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു.
ഞങ്ങളുടെ നേർക്കുള്ള
മഹനീയവും വിസ്മയാവഹവുമായ
ദിവ്യപരിപാലനയെക്കുറിച്ച്
അങ്ങയുടെ അഭിഷിക്തന്റെ
അമൂല്യമായ രക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ
സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ
അങ്ങയെ ഞങ്ങൾ പരസ്യമായി
വാഴ്ത്തുകയും ചെയ്യുന്നു.
സജീവവും പരിശുദ്ധവും ജീവദായകവുമായ
അങ്ങയുടെ നാമത്തിനു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

1-ാം ഡീ: അത്യുന്നതങ്ങളിലേയ്ക്കു കണ്ണുകളുയർത്തി
ഈ സമയത്തു അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ച്
ഹൃദയപൂർവ്വം നിങ്ങൾ ധ്യാനിക്കുവിൻ
മിശിഹായുടെ മഹനീയ
സിംഹാസനത്തിനു മുമ്പിൽ
സ്രാപ്പേന്മാർ ഭയഭക്തിയോടെ നില്ക്കുന്നു.
അവരെല്ലാവരും ഉയർന്ന സ്വരത്തിൽ
തിരുശരീരരക്തങ്ങളെ പാടിപുകഴ്ത്തുന്നു.
ദൈവജനം പ്രാർത്ഥനയിൽ വ്യാപരിക്കുന്നു.
പുരോഹിതൻ ലോകം മുഴുവനും വേണ്ടി
വിനയപൂർവ്വം കരുണയാചിക്കുകയും ചെയ്യുന്നു.

കാർമ്മികൻ കൈകളം വിരിച്ചു പിടിച്ചു കൊണ്ട് പൊല്ലുന്നു.

കാർമ്മി: കർത്താവേ, ശക്തനായ ദൈവമേ,
പ്രധാനാചാര്യനും സാവ്ത്രികസഭയുടെ തലവനും
ഭരണാധികാരിയുമായ മാർ ..... പാപ്പായ്ക്കും
ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ
മാർ ..... മെത്രാനും (മെത്രാപ്പോലീത്തായ്ക്കും)
പുരോഹിതന്മാർ, സന്യാസിനീ സന്യാസിമാർ
മിഷനറിമാർ, അത്മായപ്രേഷിതർ,
ഭരണകർത്താക്കൾക്കും, മേലധികാരികൾക്കും എന്നിവർക്കും
വിശുദ്ധ കത്തോലിക്കാ സഭ മുഴുവനും വേണ്ടിയും
ഈ കുർബ്ബാന അങ്ങു സ്വീകരിക്കണമേ.
എല്ലാ പ്രവാചകന്മാരുടേയും ശ്രീഹന്മാരുടേയും
രക്തസാക്ഷികളുടേയും വന്ദകരുടേയും
ബഹുമാനത്തിനും
അങ്ങയുടെ സന്നിധിയിൽ
പ്രീതിജനകമാം വിധം വർത്തിച്ച
നീതിമാന്മാരും വിശുദ്ധരുമായ
എല്ലാ പിതാക്കന്മാരുടെ സ്മരണയ്ക്കും വേണ്ടി
ഈ കുർബ്ബാന അങ്ങു സ്വീകരിക്കണമേ.
ക്ലേശിതരും ദു:ഖിതരും ദരിദ്രരും പീഡിതരും
രോഗികളും മരണാസന്നരുമായ എല്ലാവർക്കും
ഞങ്ങളുടെ ഇടയിൽ നിന്നു അങ്ങയുടെ നാമത്തിൽ
വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കും
അങ്ങയുടെ കാരുണ്യത്തെ
പ്രത്യാശാപൂർവ്വം പ്രതീക്ഷിക്കുന്ന
ഈ ജനത്തിനും ..... അയോഗ്യനായ
എനിയ്ക്കും വേണ്ടി
ഈ കുർബ്ബാന അങ്ങു സ്വീകരിക്കണമേ.

(താഴെ വരുന്ന പ്രാർത്ഥന ഉപേക്ഷിക്കാവുന്നതാണ്) കാർമ്മികൻ തുടരുന്നു.

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തിനും
കൃപാധിക്യത്തിനും യോജിച്ച വിധം
അങ്ങയുടെ ജനത്തോടും അയോഗ്യനായ എന്നോടും
അങ്ങു ദയാപൂർവ്വം വർത്തിക്കണമേ.
എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും ചേർന്നവിധം
ഞങ്ങളോട് അങ്ങു പ്രവർത്തിക്കരുതേ.

പ്രത്യുത, അങ്ങയുടെ കൃപയാൽ
യഥാർത്ഥ വിശ്വാസത്തോടെ
ഞങ്ങൾ സ്വീകരിക്കുന്ന
തിരുശരീര രക്തങ്ങൾ വഴി ഞാനും ഈ സമൂഹവും
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
യോഗ്യരായി ഭവിക്കട്ടെ: ആമ്മേൻ.

കാർമ്മി: കർത്താവേ, ആശീർവ്വദിക്കണമേ

ജനങ്ങളുടെ നേരേ തിരിഞ്ഞു് കൈകൾ വിടർത്തിക്കൊണ്ടു്

സഹോദരരേ, നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

കൈകൾ കൂപ്പിക്കൊണ്ടു ബലിപീഠത്തിലേയ്ക്കു തിരിയുന്നു.

സമൂ: മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും
ഈ കുർബ്ബാന സ്വീകരിക്കുകയും ചെയ്യട്ടെ.
അവിടുന്നു അങ്ങയുടെ പൗരോഹിത്യത്തെ
സ്വർഗ്ഗത്തിൽ മഹത്വപ്പെടുത്തട്ടെ.
അങ്ങേയ്ക്കും ഞങ്ങൾക്കും വേണ്ടിയും
മിശിഹായുടെ കൃപയും
അനുഗ്രഹവും പ്രതീക്ഷിക്കുന്ന
ലോകം മുഴുവനും വേണ്ടിയും അർപ്പിക്കപ്പെടുന്ന
ഈ ബലിയിൽ അവിടുന്നു
സംപ്രീതനാകുകയും ചെയ്യട്ടെ.

ഗീഹന്താ

കാർമ്മി: പിതാവായ ദൈവമേ,
അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ
നിർമ്മലവും വിശുദ്ധവുമായ ഈ ബലിപീഠത്തിൽ
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങൾ
ഞങ്ങൾ സമർപ്പിക്കുന്നു.
ദൈവമാതാവായ കന്യകാ മറിയത്തിന്റെയും
അങ്ങയെ പ്രസാദിപ്പിച്ച
നീതിമാന്മാരും വിശുദ്ധരുമായ
എല്ലാ പിതാക്കന്മാരുടെയും

പ്രീതിജനകമായ പാവനസ്മരണ
ഈ സമർപ്പണം വഴി
അങ്ങയുടെ തിരുസന്നിധിയിൽ ഉണ്ടാകുമാറാകട്ടെ.
ജീവിതകാലം മുഴവനും
അങ്ങയുടെ ശാന്തിയും സമാധാനവും
ഞങ്ങൾക്കു നല്കണമേ.
അങ്ങു മാത്രമാകുന്ന യഥാർത്ഥ
പിതാവായ ദൈവമെന്നും
അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായെ
അങ്ങു അയച്ചുവെന്നും
ഭൂവാസികളെല്ലാവരും അറിയട്ടെ
ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാവഴി
ജീവദായകമായ സുവിശേഷം വഴി
പ്രവാചകന്മാർ, ശ്ലീഹന്മാർ, പുരോഹിതന്മാർ,
രക്തസാക്ഷികൾ, വന്ദകർ, വേദപാരംഗതർ,
മെത്രാന്മാർ, മ്ശംശാനമാർ എന്നിവർക്കും
വിശുദ്ധ മാമ്മോദീസായുടെ
പരിശുദ്ധവും ജീവദായകവുമായ
അടയാളത്താൽ ✠ മുദ്രിതരായ

ബലിപീഠത്തിന്മേൽ കുരിശുവരയ്ക്കുന്നു.

സഭാതനയരെല്ലാവർക്കും ആവശ്യകമായ
വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചു തന്നുവെന്നും
എല്ലാ മനുഷ്യരും അറിയുവാനിടയാകട്ടെ.

കാമ്മികൻ ദിവ്യരഹസ്യങ്ങളിന്മേൽ കൈകളയത്തി ഇടത്തുകൈ അടിയിലും വലത്തുകൈ മുകളിലുമായി കുരിശാകൃതിയിൽ പിടിച്ചു കൊണ്ടു ചൊല്ലുന്നു.

ശ്ലൂശ്ലൂ: നിങ്ങൾ ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ:
നമുക്കു സമാധാനം.

കാർമ്മി: കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവു്
എഴുന്നള്ളിവരട്ടെ. (തുടരുന്നു)
അങ്ങയുടെ ദാസരുടെ ഈ കുർബ്ബാനയിൽ
അവിടുന്നു ആവസിച്ചു്
ഇതിനെ ആശീർവ്വദിക്കുകയും
പവിത്രീകരിക്കുകയും ചെയ്യട്ടെ.

ഇതു് ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും
അങ്ങയുടെ സന്നിധിയിൽ
പ്രീതിജനകമാംവിധം വർത്തിച്ച
എല്ലാവരോടുമൊന്നിച്ചു് സ്വർഗ്ഗരാജ്യത്തിൽ
നവമായ ജീവനും കാരണമാകട്ടെ.

കൈ കൂപ്പിപ്പിടിയ്ക്കുന്നു

കാർമ്മി: അങ്ങു ഞങ്ങൾക്കു നൽകിയ എല്ലാസഹായങ്ങൾക്കും
അനുഗ്രഹങ്ങൾക്കുമായി
ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു.
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും

സമൂ: ആമ്മേൻ.

അൽപം കുനിഞ്ഞു് താഴ്ന്ന സ്വരത്തിൽ
ചൊല്ലുന്നു.

കാർമ്മി: സ്വർഗ്ഗവാസികളുടെ ആനന്ദവും
ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ,
ലോകത്തിന്റെ നാനാഭാഗങ്ങളിലും
വിശിഷ്യ, പരിശുദ്ധ കത്തോലിക്കാസഭയിലും
അങ്ങയുടെ ശാന്തിയും സമാധാനവും പുലർത്തണമേ.
സഭയേയും രാഷ്ട്രത്തേയും
ഐക്യത്തിൽ സംരക്ഷിക്കണമേ,
യുദ്ധങ്ങൾ ഒഴിവാക്കണമേ.
കലഹപ്രിയരായ ജനങ്ങളെ അകറ്റിനിറുത്തണമേ.
വിനയത്തിലും ദൈവഭയത്തിലും
സമാധാനപൂർവ്വകവും ശാന്തവുമായ
ജീവിതം നയിക്കുവാൻ
ഞങ്ങൾക്കു് ഇടയാകട്ടെ.
ഞങ്ങൾക്കല്ലോ കർത്താവേ, ഞങ്ങൾക്കല്ല:
അങ്ങയുടെ നാമത്തിനുമാത്രം മഹത്വമുണ്ടാകട്ടെ.

നിവർന്നു നിന്നുകൊണ്ടു തുടരുന്നു.

സങ്കീർത്തനം 51

കാർമ്മി: ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തു്
എന്നോടു ദയ തോന്നണമേ,
അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതം
എന്റെ പാപങ്ങളെ മായിച്ചുകളയുകയും ചെയ്യണമേ

സമൂ: എന്റെ അപരാധങ്ങളെ നിശ്ശേഷം
കഴുകിക്കളയണമേ,
എന്റെ പാപങ്ങളിൽ നിന്നു്
എന്നെ ശുദ്ധീകരിക്കണമേ.

കാർമ്മി: എന്തുകൊണ്ടെന്നാൽ എന്റെ പാപങ്ങളെ
ഞാനറിയുന്നു
ഞാൻ അവയെല്ലാം എപ്പോഴുംകണ്ടുകൊണ്ടിരിക്കുന്നു

സമൂ: അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തുപോയി:
അങ്ങയുടെ സന്നിധിയിൽ ഞാൻ
തിന്മകളെ പ്രവർത്തിച്ചു.

കാർമ്മി: അങ്ങയുടെ വചനങ്ങളെ നീതിയുക്തമാകുന്നു.
അങ്ങയുടെ വിധികളെ കുറ്റമറ്റതുമാകുന്നു.

സമൂ: പാപത്തോടെയാണു ഞാൻ പിറന്നതു്;
എന്റെ ഉത്ഭവം മുതലേ ഞാൻ പാപിയാകുന്നു.

കാർമ്മി: ഹൃദയശുദ്ധി അങ്ങു ആഗ്രഹിച്ചു.
അങ്ങയുടെ ജ്ഞാനത്തിന്റെ രഹസ്യങ്ങളെ
വെളിപ്പെടുത്തി

സമൂ: ഹിസോപ്പുകൊണ്ടു എന്നെ തളിക്കുക:
അപ്പോൾ ഞാൻ നിർമ്മലനാകും.

അല്ലെങ്കിൽ

സങ്കീർത്തനം 123

കാർമ്മി: സ്വർഗ്ഗത്തിൽ വസിക്കുന്നവനേ,
അങ്ങയുടെ പക്കലേയ്ക്കു ഞാൻ കണ്ണുകളുയർത്തി

സമൂ: ദാസന്മാരുടെ കണ്ണുകൾ
നാഥന്റെ പക്കലേക്കെന്നതുപോലെയും;
ദാസിയുടെ കണ്ണുകൾ
നാഥയുടെ പക്കലേക്കെന്നതുപോലെയും

കാർമ്മി: ദൈവമായ കർത്താവേ,
ഞങ്ങളുടെ മേൽ കരുണതോന്നുവോളം
ഞങ്ങളുടെ കണ്ണുകൾ അങ്ങയെത്തന്നെ
നോക്കിയിരിക്കും.

സമൂ: ഞങ്ങളോട് കരുണതോന്നണമേ:
കർത്താവേ, ഞങ്ങളോട് കരുണതോന്നണമേ.

ശുശ്രൂഷകൻ ധൂപകലശം കൊണ്ടുവരുന്നു. കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥനചൊല്ലിക്കൊണ്ട് ധൂപം ആശീർവ്വദിക്കുന്നു.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
ശ്രേഷ്ഠപുരോഹിതനായ അഹറോൻ
വാഗ്ദാനപേടകത്തിന്റെ കൂടാരത്തിൽ
അർപ്പിച്ച ധൂപംപോലെ
ഞങ്ങളുടെ പ്രാർത്ഥനകളും ധൂപവും
അങ്ങയെ പ്രസാദിപ്പിക്കട്ടെ,
പരിമള സസ്യങ്ങളുടേയും സുഗന്ധദ്രവ്യങ്ങളുടേയും
നാഥാ, എന്നേയ്ക്കും

കാർമ്മികൻ കൈകൾ വിടർത്തി ശുശ്രൂഷിയുടെ നേരെ നീട്ടുന്നു. ശുശ്രൂഷി അവയെ ധൂപിക്കുമ്പോൾ കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ
പാപമാലിന്യമകറ്റി
എന്നെ സുഗന്ധപൂരിതനാക്കണമേ.
വഴിതെറ്റിപ്പോയ ഞങ്ങളെ
അന്വേഷിച്ചു കണ്ടെത്തിയ നല്ല ഇടയാ,
ഓർക്കുന്നതും അല്ലാത്തതുമായ
എന്റെ കടങ്ങളും പാപങ്ങളും
എന്നോട് ക്ഷമിക്കണമേ.

വലതുകരം സഹായിയുടെ മേൽ ഉയർത്തിക്കൊണ്ട്

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ ബലിപീഠത്തിനു മുമ്പിൽ നില്ക്കുന്ന
ഈ ശുശ്രൂഷകനെ സുഗന്ധപൂരിതനാക്കണമേ.

വലതുകരം ജനങ്ങളുടെമേൽ നീട്ടിക്കൊണ്ട്

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ കാരുണ്യത്തെ
പ്രത്യാശാപൂർവ്വം കാത്തുനിൽക്കുന്ന
ഈ ജനത്തെ സുഗന്ധപൂരിതമാക്കണമേ.

ബലിപീഠത്തിലേയ്ക്കു കൈകളും നീട്ടിക്കൊണ്ട്

ഞങ്ങളുടെ കർത്താവായ ദൈവമേ,
മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യവും
അവിടുത്തെ സിംഹാസനവുമായ
ഈ ബലിപീഠത്തെയും സുഗന്ധപൂരിതമാക്കണമേ.

കൈകളും ഉയർത്തിക്കൊണ്ട്

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങളും അയോഗ്യരാകുന്നു.
ഞങ്ങളും തീർത്തും അയോഗ്യരാകുന്നു.
എങ്കിലും സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവീകവുമായ
ഈ രഹസ്യങ്ങളിലേയ്ക്ക്
അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

സമൂ: ഞങ്ങളെ അനുഗ്രഹിക്കണമേ:
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ആചാരം ചെയ്തശേഷം കാസായുടെ മൂടി മാറ്റുന്നു. പീലാസായിൽനിന്നു തിരുവോസ്തി കരങ്ങളിലെടുത്ത് അല്പം ഉയർത്തുന്നു. അതിന്മേൽ നോക്കിക്കൊണ്ട് ചൊല്ലുന്നു:

കാർമ്മി: ഞങ്ങളുടെ കർത്താവീശോമിശിഹായേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതിയും
നാഥനായ അങ്ങേയ്ക്കു ആരാധനയും
എപ്പോഴും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ
സജീവവും ജീവദായകവുമായ ഈ അപ്പം
സ്വർഗ്ഗത്തിൽനിന്നിറങ്ങിയതും
ലോകത്തിനു മുഴുവനും ജീവൻ നൽകുന്നതുമാകുന്നു.

ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല.
പ്രത്യുത പാപമോചനവും രക്ഷയും പ്രാപിക്കുകയും
നിത്യം ജീവിക്കുകയും ചെയ്യും

സമൂ: ''ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിയ
ജീവനുള്ള അപ്പമാകുന്നു:
ഉന്നതങ്ങളിൽനിന്നിറങ്ങിയ അപ്പം ഞാനാകുന്നു.
സ്നേഹപൂർവ്വം സമീപിച്ച്
എന്നെ സ്വീകരിക്കുന്ന എല്ലാവരും
എന്നിൽ നിത്യം ജീവിക്കുകയും
സ്വർഗ്ഗരാജ്യം അവകാശമാക്കുകയും ചെയ്യും''.
എന്നു രക്ഷകൻ ശിഷ്യരെ അറിയിച്ചു.
അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്ന
ശുശ്രൂഷകരായ
കോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും
ബലിപീഠത്തിനു മുമ്പിൽ ഭക്ത്യാദരപൂർവ്വംനിന്ന്
കടങ്ങളുടെ പൊറുതിക്കായി
മിശിഹായുടെ ശരീരം വിഭജിക്കുന്ന വൈദികനെ
(മെത്രാനെങ്കിൽ) വൈദികശ്രേഷ്ഠനെ
സൂക്ഷിച്ചു വീക്ഷിക്കുന്നു.
അനുതാപികരംക്കായി
വാതിൽ തുറന്നിട്ടിരിക്കുകയും
പാപികളെ തന്റെ പക്കലേയ്ക്കു
വിളിക്കുകയും ചെയ്തിരിക്കുന്ന
കാരുണ്യവാനായ കർത്താവേ,
നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കേണമേ.
ഞങ്ങൾ അങ്ങേ സന്നിധിയിൽ പ്രവേശിച്ച്
രാപകൽ അങ്ങേയ്ക്കു സ്തുതി പാടട്ടെ.

ഈ സമയം കാർമ്മികൻ തിരുവോസ്തി മുകളിൽ നിന്നു താഴേയ്ക്കും വലത്തുനിന്ന് ഇടത്തേയ്ക്കും ചൂണ്ടുവിരൽകൊണ്ട് സ്പർശിക്കാതെ ആംഗ്യത്തിൽ മാത്രം കുരിശാകൃതിയിൽ ചുംബിക്കുന്നു. തൽസമയം ചൊല്ലുന്നു:

കാർമ്മി: അവർണ്ണനീയമായ അങ്ങയുടെ ദാനത്തെക്കുറിച്ച്
കർത്താവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.

കാർമ്മികൻ തുടരുന്നു.

എന്റെ കർത്താവേ, അങ്ങയുടെ നാമത്തിൽ
യഥാർത്ഥമായി വിശ്വസിച്ചുകൊണ്ട്
ഈ വിശുദ്ധ രഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു.
അങ്ങേ പ്രിയപുത്രനായ ഞങ്ങളുടെ
കർത്താവീശോമിശിഹായുടെ
തിരുശരീരരക്തങ്ങളെ
അങ്ങയുടെ അനുഗ്രഹത്താൽ വിഭജിക്കുകയും
അങ്ങയുടെ കാരുണ്യത്താൽ
മുദ്രിതമാക്കുകയും ചെയ്യുന്നു.
പിതാവിന്റെയും പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

തിരുവോസ്തി രണ്ടായി മുറിക്കുന്നു. മുറിച്ചവശം കാസായുടെ നേരെ വരത്തക്കവിധം ഇടതുകൈയിലുള്ള ഭാഗം പീലാസായിൽ വയ്ക്കുന്നു. അനന്തരം വലതുകൈയിലുള്ള ഭാഗംകൊണ്ടു തിരുരക്തത്തെ കുരിശാകൃതിയിൽ അടയാളപ്പെടുത്തുന്നു.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം
അവിടുത്തെ ജീവദായക ശരീരംകൊണ്ട്
ദിവ്യകാ ചെയ്യപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. എന്നേയ്ക്കും

പീലാസായിലിരിക്കുന്ന ഭാഗത്തെ കൈയിലിരിക്കുന്ന ഭാഗംകൊണ്ട് കുരിശാകൃതിയിൽ അടയാളപ്പെടുത്തുന്നു. അപ്പോൾ ചൊല്ലുന്നു:

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം
അവിടുത്തെ പാപവിമോചകമായ രക്തംകൊണ്ട്
ദിവ്യകാചെയ്യപ്പെടുന്നു.
പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. എന്നേയ്ക്കും

രണ്ടു ഭാഗങ്ങളും കൂട്ടിച്ചേർത്തു കാസായുടെ മുകളിൽ പിടിച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി: സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ ഈ രഹസ്യങ്ങൾ
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ
മഹത്വമേറിയ ത്രിത്വത്തിന്റെ
ആരാധ്യവും മഹനീയവുമായ നാമത്തിൽ
വേർതിരിക്കപ്പെട്ടകയും
പവിത്രീകരിച്ച് പൂർണ്ണമാക്കപ്പെട്ടകയും
പരസ്പരം യോജിപ്പിച്ച്
മുദ്രിതമാക്കുകയും ചെയ്തിരിക്കുന്നു.
കർത്താവേ, ഇവിടെയും
മറെറല്ലാ സ്ഥലങ്ങളിലുമുള്ള
വിശുദ്ധ സഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും
ഈ രഹസ്യങ്ങൾ വഴി കടങ്ങളുടെ പൊറുതിയും
പാപങ്ങളുടെ മോചനവും ഉയർപ്പിലുള്ള പ്രത്യാശയും
സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതവും
ലഭിക്കുമാറാകട്ടെ.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും

തിരുവോസ്തിയുടെ രണ്ടു ഭാഗങ്ങളും ഒന്നിനു മീതെ ഒന്നായി കുരിശാകൃതിയിൽ വയ്ക്കുന്നു.

അടിയിലെ ഭാഗം കാസായിലേയ്ക്കും മുകളിലത്തെ ഭാഗം കാർമ്മികനു നേരെയും തിരിഞ്ഞിരിക്കണം. ആചാരം ചെയ്തതിനുശേഷം കാർമ്മികൻ പെരുവിരൽകൊണ്ട് നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു.

താഴെ വരുന്ന ആശംസ ഉപേക്ഷിക്കാവുന്നതാണ്. തുടർന്ന് കാർമ്മികൻ ഡീക്കന്മാരുടെ നെറ്റിയിൽ കുരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നു.

കാർമ്മി: മിശിഹാ നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കുകയും
മുഖം പ്രകാശിപ്പിക്കുകയും
ജീവനെ രക്ഷിക്കുകയും
നിങ്ങൾക്കു നവചൈതന്യം ✠ നല്കുകയും ചെയ്യട്ടെ.

ഡീക്കന്മാർ: മിശിഹാ അങ്ങയുടെ കുർബ്ബാന സ്വീകരിക്കട്ടെ.

കാർമ്മികൻ ദിവ്യ രഹസ്യങ്ങൾക്കു ചുറ്റും വച്ചിരിക്കുന്ന ശോശപ്പാ വിടർത്തി വയ്ക്കുന്നു.

കാർമ്മി: ഞങ്ങളുടെ കർത്താവായ ഈശോമിശിഹായേ,
അങ്ങേക്കു സ്തുതി.
എന്തുകൊണ്ടെന്നാൽ സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ രഹസ്യങ്ങളുടെ
ശുശ്രൂഷകനും മദ്ധ്യസ്ഥനുമായി
അയോഗ്യനായ എന്നെ
കാരുണ്യപൂർവ്വം അങ്ങു നിയോഗിച്ചിരിക്കുന്നു.
അങ്ങയുടെ കൃപാവരത്താൽ
കുടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
എന്നെ യോഗ്യനാക്കണമേ: ആമ്മേൻ.

കാർമ്മികൻ ആചാരം ചെയ്തിട്ട് താഴെവരുന്ന പ്രാർത്ഥന ചൊല്ലുകയും തലസ്ഥമീതെ കൈകളെയുത്തി തന്റെമേൽ കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും
പിതാവായ ദൈവത്തിന്റെ സ്നേഹവും
പരിശുദ്ധാത്മാവിന്റെ സഹവാസവും
നമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

ഒന്നാം ഡീക്കൻ ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ടു ചൊല്ലുന്നു:

1—ാം ഡീ: നമുക്കെല്ലാവർക്കും നമ്മുടെ രക്ഷകന്റെ
അമൂല്യമായ ശരീര രക്തങ്ങളുടെ രഹസ്യങ്ങളെ
ഭക്ത്യാദരങ്ങളോടെ സമീപിക്കാം.
നിർമ്മലഹൃദയത്തോടും
സത്യവിശ്വാസത്തോടുംകൂടെ
അവിടുത്തെ പീഡാനുഭവത്തെ സ്മരിക്കുകയും
ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യാം.

(താഴെവരുന്നഭാഗം ഉപേക്ഷിക്കാവുന്നതാണ്.)

[എന്തെന്നാൽ നമുക്കുവേണ്ടി
ദൈവത്തിന്റെ ഏകപുത്രൻ
മനുഷ്യരിൽനിന്നു മരണമുള്ള ശരീരവും
മരണമില്ലാത്തതും ധിഷണാശക്തിയുള്ളതുമായ
ആത്മാവും സ്വീകരിച്ചു.
അവിടുത്തെ ജീവദായകമായ നിയമങ്ങളും
പരിശുദ്ധമായ കല്പനകളും വഴി
ഞങ്ങളെ തിന്മയിൽ നിന്നും അകറ്റി
സത്യത്തെപ്പറ്റിയുള്ള അറിവിലേയ്ക്ക് ആനയിച്ചു.
മനുഷ്യവംശത്തിന്റെ ആദ്യഫലമായ അവിടുന്നു
നമുക്കുവേണ്ടിയുള്ള
രക്ഷാകരപദ്ധതി മുഴുവനെറയും അന്ത്യത്തിൽ
കുരിശിന്മേൽ ഉയർത്തപ്പെട്ടു.
അവിടുന്നു മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റു.
സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തു.
നമ്മോടുള്ള അവിടുത്തെ കൃപ
നാമേവരും അനുസ്മരിക്കുവാൻവേണ്ടി
വിശുദ്ധ രഹസ്യങ്ങളും അവിടുന്നു നമുക്കു നല്കി.
അകയാൽ പരിപൂർണ്ണ സ്നേഹത്തോടും
എളിയ മനസ്സോടും കൂടെ
നമുക്കു നിത്യജീവനെറ ദാനം സ്വീകരിക്കാം.
നിർമ്മലമായ പ്രാർത്ഥനയും പൂർണ്ണമനസ്താപവും വഴി
സഭയുടെ ദിവ്യരഹസ്യങ്ങളിൽ
പങ്കുകൊള്ളുകയും ചെയ്യാം.]

അനുതാപത്തിൽ നിന്നുളവാകുന്ന ശരണത്തോടെ
അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞുകൊണ്ടും
നമ്മുടെ പാപങ്ങളെക്കുറിച്ചു
പശ്ചാത്തപിച്ചുകൊണ്ടും
സകലത്തിന്റെയും നാഥനായ ദൈവത്തോടു
കൃപയും പാപമോചനവും യാചിക്കുകയും
നമ്മുടെ സഹോദരരുടെ തെറ്റുകളും
ക്ഷമിക്കുകയും ചെയ്യാം.

സമൂ: കർത്താവേ, അങ്ങയുടെ ദാസരുടെ
പാപങ്ങളും അപരാധങ്ങളും ക്ഷമിക്കേണമേ.

ഡീ: ഭിന്നതകളും കലഹങ്ങളും വെടിഞ്ഞു
നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.

സമൂ: കർത്താവേ.....

ഡീ: ശത്രുതയിലും വിദ്വേഷത്തിലും നിന്നു്
നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

സമൂ: കർത്താവേ.....

ഡീ: ഒരുക്കത്തോടെ വിശ്രുദ്ധ കുർബ്ബാന സ്വീകരിച്ചു്
പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാം.

സമൂ: കർത്താവേ.....

ഡീ: യോജിപ്പോടും ഐകമത്യത്തോടുംകൂടെ
ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

സമൂ: കർത്താവേ.....

ഡീ: കർത്താവേ, ഇവ ഞങ്ങളുടെ
ശരീരങ്ങളുടെ ഉയിർപ്പിനും
ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

സമൂ: നിത്യജീവനും കാരണമാകട്ടെ
എന്നേയ്ക്കും ആമ്മേൻ.

താഴെ വരുന്ന പ്രാർത്ഥന ഉപയോഗിക്കാവുന്നതാണു്.
കാർമ്മികൻ കൈകളും വിരിച്ചുപിടിച്ചു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

[**കാർമ്മി:** ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ,
അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു.
അങ്ങയുടെ നാമം എന്നും സ്തുത്യർഹമാകുന്നു
എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ
പാപങ്ങൾക്കനുസൃതമായല്ല,
അങ്ങു ഞങ്ങളോടു പ്രവർത്തിച്ചതു്.
പ്രത്യുത, അങ്ങയുടെ ദയാധിക്യത്താൽ
ഞങ്ങളെ അന്ധകാരത്തിന്റെ
ശക്തികളിൽനിന്നു രക്ഷിച്ചു.
അങ്ങയുടെ വത്സലസുതനായ
ഞങ്ങളുടെ കർത്താവീശോമിശിഹായുടെ
രാജ്യത്തിലേയ്ക്കു് ഞങ്ങളെ ക്ഷണിച്ചു.
മിശിഹാവഴി അങ്ങു മരണത്തിന്റെ ശക്തിയെ
ദുർബ്ബലമാക്കുകയും നശിപ്പിക്കുകയും,
അക്ഷയമായ ജീവൻ ഞങ്ങൾക്കു നല്കുകയും ചെയ്തു.

നിർമ്മലവും പരിശുദ്ധവുമായ
അങ്ങയുടെ ബലിപീഠത്തിങ്കൽ നിന്നുകൊണ്ട്,
ജീവദായകവും പരിശുദ്ധവുമായ ഈ ബലി
അങ്ങേക്കു് അർപ്പിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കിയ കർത്താവേ,
പരിപൂർണ്ണമായ നൈർമ്മല്യത്തോടും
വിശുദ്ധിയോടുംകൂടെ
ഈ ദാനം സ്വീകരിക്കുവാൻ
അങ്ങയുടെ കരുണയാൽ
ഞങ്ങളെ യോഗ്യരാക്കണമേ.
ഇതു ഞങ്ങൾക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ
കാരുണ്യാനുഗ്രഹത്തിനും പാപമോചനത്തിനും
ശരീരത്തിന്റെ ഉത്ഥാനത്തിനും
നിത്യജീവനും നിദാനമാകട്ടെ.
ഞങ്ങളെല്ലാവരും അങ്ങയുടെ മഹത്വത്തിനു
പരിപൂർണ്ണരായി സാക്ഷ്യം വഹിക്കുന്നവരും
അങ്ങയുടെ അധിവാസത്തിനു യോജിച്ച
വിശുദ്ധാലയങ്ങളുമാകട്ടെ.
മിശിഹായുടെ ശരീരരക്തങ്ങളോടു്
ഏകീഭവിക്കുന്ന ഞങ്ങൾ
അവിടുത്തെ മഹത്വമേറിയ പ്രത്യാഗമനത്തിൽ
സകല വിശുദ്ധരോടുംകൂടി പ്രശോഭിക്കുമാറാകട്ടെ.
അങ്ങേക്കും തിരുക്കുമാരനും പരിശുദ്ധാത്മാവിനും
സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയുമുണ്ടായിരിക്കട്ടെ.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.]

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മികൻ കുനിഞ്ഞുനിന്നു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: കർത്താവേ, അങ്ങയുടെ ദാസരുടെ
പാപങ്ങളും അപരാധങ്ങളും
കാരുണ്യപൂർവ്വം ക്ഷമിക്കണമേ.
അത്യുന്നതനായ ദൈവമേ,
സ്വർഗ്ഗരാജ്യത്തിൽ സകല വിശുദ്ധരോടുമൊത്തു്
അങ്ങേയ്ക്കു സ്തുതിയുടെ ഫലങ്ങൾ
പുറപ്പെടുവിക്കുവാൻ
ഞങ്ങളുടെ അധരങ്ങളെ
കാരുണ്യപൂർവ്വം പവിത്രീകരിക്കണമേ.

കാർമ്മികൻ നിവർന്നുനിന്നു് കൈകളും വിരിച്ചുപിടിച്ചു ഉയർന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ തിരുനാളുകളിൽ

കാർമ്മി: കർത്താവേ,
ഞങ്ങളുടെയിടയിൽ അങ്ങയുടെ സമാധാനവും
ഞങ്ങളുടെ ഹൃദയങ്ങളിൽ
അങ്ങയുടെ ശാന്തിയും പുലർത്തണമേ.
ഞങ്ങളുടെ നാവു്
അങ്ങയുടെ സത്യം പ്രഘോഷിക്കട്ടെ.
ഞങ്ങളുടെ അധരങ്ങൾ പുതിയ വീണകളാകട്ടെ.
അഗ്നിമയങ്ങളായ അധരങ്ങൾകൊണ്ടു്
ഞങ്ങൾ സ്തോത്രം ആലപിക്കുമ്പോൾ
അങ്ങയുടെ കുരിശു്
ഞങ്ങളുടെ ആത്മാക്കൾക്കു രക്ഷയായിത്തീരട്ടെ.
''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ
ഇപ്രകാരം പ്രാർത്ഥിക്കുവിൻ.''
എന്നു് ഉപദേശിച്ചുകൊണ്ടു്
അങ്ങയുടെ ശിഷ്യന്മാരെ പഠിപ്പിച്ച
വിശിഷ്ടമായ ഈ പ്രാർത്ഥന
മനോവിശ്വാസത്തോടെ ആവർത്തിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കണമേ.

മറ്റു ദിവസങ്ങളിൽ

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ,
നിർമ്മലമായ ഹൃദയത്തോടും
പ്രസന്നമായ വദനത്തോടുംകൂടെ
അങ്ങയുടെ സന്നിധിയിൽ നിഷ്ക്കളങ്കരായി
എപ്പോഴും വ്യാപരിക്കുവാൻ
ഞങ്ങളെ യോഗ്യരാക്കണമേ,
കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നല്കിയ
മനോവിശ്വാസത്തോടെ
ഞങ്ങളെല്ലാവരും ഒന്നുചേർന്നു്
അങ്ങയെ വിളിച്ചു ഇപ്രകാരം അപേക്ഷിക്കുന്നു:

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ
അങ്ങയുടെ രാജ്യം വരണമേ
അങ്ങയുടെ തിരുമനസ്സ്
സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.
അന്നന്നുവേണ്ട ആഹാരം
ഇന്നു ഞങ്ങൾക്കു നല്കണമേ
ഞങ്ങളോട് തെറ്റുചെയ്യുന്നവരോട്
ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ
തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ
എന്തുകൊണ്ടെന്നാൽ,
രാജ്യവും ശക്തിയും മഹത്വവും
എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

ഉയർന്ന സ്വരത്തിൽ തുടർന്നു ചൊല്ലുന്നു

കാർമ്മി: കർത്താവേ, ബലവാനായ സർവ്വേശ്വരാ,
നല്ലവനായ ദൈവമേ,
കൃപാപൂർണ്ണനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ
ദുഷ്ടാത്മാവിയിൽനിന്നും
അവന്റെ സൈന്യങ്ങളിൽനിന്നും
ഞങ്ങളെ രക്ഷിക്കണമേ.
എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലും ഭൂമിയിലും
രാജ്യവും ശക്തിയും മഹത്വവും അങ്ങയുടേതാകുന്നു.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

ഇപ്പോഴും എന്നു പറയുമ്പോൾ കാർമ്മികൻ തന്റെനേരെമുമ്പിലുള്ള കുരിശടയാളം വരയ്ക്കുന്നു. അനന്തരം ജനങ്ങളുടെ നേരേതിരിഞ്ഞു ആശീർവ്വദിക്കുന്നു.

കാർമ്മി: നിങ്ങൾക്കു ✠ സമാധാനം.

സമൂ: അങ്ങേയ്ക്കും സമാധാനം.

കാർമ്മികൻ വലതുകരം കുർബ്ബാനയുടെ നേരെ നീട്ടിക്കൊണ്ട് ബലിപീഠത്തിലേയ്ക്ക് തിരിയുന്നു. അപ്പോഴം പറയുന്നു:

കാർമ്മി: വിശുദ്ധ കുർബ്ബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

സമൂ: ഏകനായ പിതാവു പരിശുദ്ധൻ;
ഏകനായ പുത്രൻ പരിശുദ്ധൻ;
ഏകനായ റൂഹാ പരിശുദ്ധൻ;
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
എന്നേയ്ക്കും സ്തുതി. ആമ്മേൻ.

നമ്മുടെ കർത്താവിന്റെ തിരുനാളുകളിൽ മദ്ബഹായുടെ വിരിയിടുന്നു. അനന്തരം മദ്ബഹായിലുള്ളവരും കെസ്രോമയിലുള്ളവരും രണ്ടു ഗണങ്ങളായി 'ദ്ഹീലത്തു്' എന്ന കാനോന ചൊല്ലുന്നു. തുടർന്നു മദ്ബഹായുടെ വിരി തുറക്കുന്നു. ഒന്നാം ഡീക്കൻ മദ്ബഹായുടെ ഇടതു വശത്തു നിന്നുകൊണ്ട് പറയുന്നു:

1ാം ഡീ: ദൈവജനമേ,
സജീവനായ ദൈവത്തെ പ്രകീർത്തിക്കുവിൻ.

സമൂഹം ദിവസത്തിന്റെ ''ഊനായദ് വേമാ'' ചൊല്ലുന്നു. ഇതിനിടെ കാമ്മികൻ കുനിഞ്ഞു് ആചാരം ചെയ്തതിനുശേഷം തിരുശരീരം കരങ്ങളിലെടുത്തു് തഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: കർത്താവേ, അങ്ങയുടെ തിരുശരീരം
എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
കാരണമാകട്ടെ.

അല്ലെങ്കിൽ

കാർമ്മി: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയും
സകലത്തിന്റെയും നാഥനുമായ മിശിഹായെ,
അങ്ങയുടെ ദിവ്യശരീരത്താൽ
ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ.

അങ്ങയുടെ അമൂല്യമായ രക്തത്താൽ
ഞങ്ങളുടെ കടങ്ങൾ പൊറുക്കണമേ.
അങ്ങയുടെ കൃപാതിരേകത്താൽ
ഞങ്ങളുടെ മനസ്സാക്ഷിയെ
നിർമ്മലമാക്കുകയും ചെയ്യണമേ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

അല്ലെങ്കിൽ

കാർമ്മി: കർത്താവായ മിശിഹായെ,

ഞാൻ അയോഗ്യനെങ്കിലും
അങ്ങയുടെ അനുഗ്രഹങ്ങളുടെ നിക്ഷേപം
ഇതാ ! എന്റെ കരങ്ങളിൽ.
അങ്ങയുടെ അനുഗ്രഹത്താൽ,
ദാനമായി ഞാൻ സ്വീകരിക്കുന്ന
ഈ ദിവ്യകൂദാശയുടെ
ശക്തിവിശേഷം എന്നിൽ പ്രകടമാക്കണമേ.

കാർമ്മികൻ തിരുശരീരം ഉയർത്തിക്കൊള്ളുന്നു. അനന്തരം ആചാരം ചെയ്തശേഷം കാസ കരങ്ങളിലെടുത്തുകൊണ്ട് ചൊല്ലുന്നു:

കാർമ്മി: സ്വർഗ്ഗീയ മണവാളാ,

അങ്ങയുടെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്കു
അങ്ങയുടെ അമൂല്യരക്തത്തിന്റെ
കാസ സജ്ജമാക്കി.

തിരുരക്തം ഉയർത്തിക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു.

അതിൽ നിന്നു പാനം ചെയ്യുവാൻ
പാപിയായ എന്നെയും അനുവദിച്ചു.
അങ്ങയുടെ അവർണ്ണനീയമായ സ്നേഹത്തിനു
എന്നേയ്ക്കും സ്തുതി: ആമ്മേൻ.

വിശുദ്ധ കുർബ്ബാന ഇരുസാദൃശ്യങ്ങളിൽ വെവ്വേറെ കൊടുക്കുന്ന ക്രമം: കാർമ്മികൻ കുർബ്ബാന സ്വീകരിച്ചതിനുശേഷം ഡീക്കനൊക്കെ നൽകുന്നു. കുർബ്ബാന നൽകുമ്പോഴും ചൊല്ലുന്നു:

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം

മ്ശംശാനസ്സ് പാപങ്ങളുടെ മോചനത്തിനു
കാരണമായി ഭവിക്കട്ടെ.

തിരുരക്തം നൽകുമ്പോൾ

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുരക്തം
മ്ശംശാനസ്സ് പാപങ്ങളുടെ മോചനത്തിനു
കാണമായി ഭവിക്കട്ടെ.

അല്ലെങ്കിൽ

ആത്മീയവിരുന്നു നിത്യജീവനു
കാരണമായി ഭവിക്കട്ടെ.

അനന്തരം ഒന്നാം ഡീക്കൻ കാർമ്മികനെ സമീപിച്ചു ചൊല്ലുന്നു.

1–ാം ഡീ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മികൻ ശോശപ്പായും അതിന്മേൽ തിരുവോസ്തിയോടുകൂടെ പീലാസായും ഒന്നാം ഡീക്കന്റെ കരങ്ങളിൽ വച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി: ദൈവകൃപ നിന്നോടും
വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നവരോടും കൂടെ
ഉണ്ടായിരിക്കട്ടെ.

അനന്തരം രണ്ടാം ഡീക്കൻ കാർമ്മികനെ സമീപിച്ചു ചൊല്ലുന്നു.

1–ാം ഡീ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം

കാർമ്മികൻ കാസ രണ്ടാം ഡീക്കന്റെ കരങ്ങളിൽ വച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി: പരിശുദ്ധാത്മാവിന്റെ കൃപ നിന്നോടും
നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

''ഊനായ ദ്പേമാ'' അവസാനിക്കുമ്പോൾ കാസ വഹിക്കുന്ന ഡീക്കൻ പറയുന്നു:

2–ാം ഡീ: ഗ്രോ, ആശീർവ്വദിച്ചാലും.

കാർമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് ആശീർവ്വദിച്ചുകൊണ്ടു ചൊല്ലുന്നു

കാർമ്മി: ജീവദായകനായ നമ്മുടെ
കർത്താവീശോമിശിഹായുടെ കൃപാവരം
കാരുണ്യപൂർവ്വം നാമെല്ലാവരിലും
സമ്പൂർണ്ണമായിത്തീരട്ടെ.

സമൂ: എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

ഗായകസംഘം ദിവസത്തിന്റെ ''ഊനായ''
പാടുന്നു,
വിശ്വാസികൾക്കു വി. കുർബ്ബാന നല്കുമ്പോൾ
(സാധാരണ ദിവസങ്ങളിൽ)

1-ാം ഡീ: സഹോദരീ സഹോദരന്മാരെ,
നിങ്ങൾ വിശ്വാസത്തോടെ
മിശിഹായുടെ ശരീരം സ്വീകരിക്കുവാനും
കാസ പാനം ചെയ്യുവാനും
സജ്ജരാകുന്നു.

കാസായും പീലാസായും സംവഹിക്കുന്ന ഡീക്കന്മാരോട് കൂടെ കാർമ്മികൻ മദ്ബഹായുടെ വലതിലേക്കൽ നിൽക്കുന്നു. അദ്ദേഹം പീലാസാ ഡീക്കന്റെ കൈയിൽനിന്നു വാങ്ങുകയോ അല്ലെങ്കിൽ ഡീക്കൻ അതു പിടിച്ചുകൊണ്ടു നില്ക്കുകയോ ചെയ്യുന്നു.
കാർമ്മികൻ തിരുശരീരം നല്കുമ്പോൾ

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം
കടങ്ങളുടെ പൊറുതിക്കു കാരണമായി ഭവിക്കട്ടെ.

തിരുരക്തം നല്കുമ്പോൾ

നമ്മുടെ കർത്താവീശോമിശിഹായുടെ
തിരുശരീരവും തിരുരക്തവും
കടങ്ങളുടെ പൊറുതിക്കു നിത്യജീവനു
കാരണമായി ഭവിക്കട്ടെ.

അല്ലെങ്കിൽ

ആത്മീയവിരുന്നു നിത്യജീവനു കാരണമായി
ഭവിക്കട്ടെ.

വിശുദ്ധ കുർബ്ബാന ഇരുസാദൃശ്യങ്ങളിൽ ഒരുമിച്ചോ, അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമോ, നല്കുമ്പോൾ കാർമ്മികൻ ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ടു ചൊല്ലുന്നു.

കാർമ്മി: ജീവദായകനായ നമ്മുടെ
കർത്താവീശോമിശിഹായുടെ കൃപാവരം
നാമെല്ലാവരിലും സമ്പൂർണ്ണമാകട്ടെ.

സമൂ: എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

സാധാരണ ദിവസങ്ങളിൽ

ഡീക്കൻ: സഹോദരീ സഹോദരന്മാരെ, വിശ്വാസത്തോടെ
മിശിഹായുടെ തിരുശരീരം സ്വീകരിക്കുവാനും
അവിടുത്തെ കാസ പാനം ചെയ്യുവാനും
സഭ ഉദ്ബോധിപ്പിക്കുന്നു.

കാർമ്മികൻ, കാസാ എടുത്തിരിക്കുന്ന ഡീക്കനോടുകൂടി, ആചാരം ചെയ്തശേഷം കൻകെയുടെ കവാടത്തിങ്കൽചെന്ന് തിരുവോസ്തി തിരുരക്തത്തിൽ മുക്കി വിശുദ്ധകുർബ്ബാന നല്കുന്നു. നല്കുമ്പോഴും ചൊല്ലുന്നു:

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ
തിരുശരീരവും തിരുരക്തവും
കടങ്ങളുടെ പൊറുതിക്കും നിത്യജീവനും
കാരണമാകട്ടെ.

ജനങ്ങളും വിശുദ്ധകുർബ്ബാന സ്വീകരിച്ചു കഴിയുമ്പോഴും കാസായും പീലാസായും യഥാസ്ഥാനത്തു തിരികെ വയ്ക്കുന്നു. വിശുദ്ധ രഹസ്യങ്ങളും അവശേഷിച്ചിട്ടുണ്ടെങ്കിൽ കുനിഞ്ഞു ആചാരം ചെയ്തശേഷം അവ ഉൾക്കൊള്ളുന്നു. തുടർന്ന് ചൊല്ലുന്നു:

കാർമ്മി: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയും
സകലത്തിന്റെയും നാഥനുമായ മിശിഹായേ,
ഞങ്ങളും ഭക്ഷിച്ച തിരുശരീരവും
ഞങ്ങളും പാനംചെയ്ത തിരുരക്തവും
ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
അങ്ങയുടെ സന്നിധിയിൽ സന്തുഷ്ടിക്കും
നിദാനമാകട്ടെ. ആമ്മേൻ.

(അവശേഷിച്ചിട്ടുള്ള തിരുവോസ്തി സക്രാരിയിൽ സൂക്ഷിക്കുകയാണെങ്കിൽ മുകളിൽകൊടുത്തിട്ടുള്ള പ്രാർത്ഥന ചൊല്ലേണ്ടതില്ല.)

ഒന്നാം ഡീക്കൻ ബേസ്ഗസായിലേക്കു പോകുന്നു: ശുശ്രൂഷി കാസായിൽ വെള്ളം ഒഴിച്ചുകൊടുക്കുന്നു.

ഡീക്കൻ: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ,
അങ്ങയുടെ ശരീരം സ്വീകരിച്ച ഞങ്ങളിൽ
അങ്ങയുടെ ശക്തി ആന്തരികമായി വസിക്കട്ടെ
ഞങ്ങളും ആനന്ദത്തോടെ അങ്ങയെ എതിരേല്ക്കുകയും
അങ്ങയുടെ അഭീഷ്ടം നിറവേറുന്ന
നീതിമാന്മാരോടൊന്നിച്ച്
അങ്ങേയ്ക്കു സ്തോത്രമാലപിക്കുകയും ചെയ്യട്ടെ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും. ആമ്മേൻ.

അല്ലെങ്കിൽ

ഡീക്കൻ: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ,
അങ്ങേ ശരീരം ഭക്ഷിക്കുകയും
രക്തം പാനം ചെയ്യുകയും ചെയ്ത ഞങ്ങളെ
നല്ല കള്ളനോടും അങ്ങേ അഭീഷ്ടം നിറവേറുന്ന
നീതിമാന്മാരോടുമൊരുമിച്ച്
പറുദീസായിൽ അങ്ങയെ സ്തുതിക്കുവാൻ
യോഗ്യരാക്കണമേ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും. ആമ്മേൻ.

ഡീക്കൻ കാസാ ഉയർത്തിക്കൊള്ളുന്നു. കാസായും പീലാസായും തുടയ്ക്കുന്നു.

ഈ സമയത്ത് സമൂഹം തെശ്ബോഹ്ത്ത (കർത്താവിന്റെ തിരുനാളുകളിൽ)

സമൂ: ഞങ്ങളുടെ കർത്താവേ,
കടങ്ങളുടെ പൊറുതിക്കായി
വി. കുർബ്ബാന സ്വീകരിച്ച
ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ.
ദൈവമായ അങ്ങേയ്ക്കു എല്ലാ ദിവസവും
സൽഫലങ്ങൾ സമർപ്പിക്കുവാൻ
അവയെ യോഗ്യരാക്കണമേ.
വിശുദ്ധസ്ഥലത്തു കീർത്തനം പാടിയ
ഞങ്ങളുടെ അധരങ്ങളെ

സ്വർഗ്ഗത്തിൽ അങ്ങയെ
സ്തുതിക്കുവാൻ അർഹരാക്കണമേ.
അങ്ങേ സ്തുതിയുടെ ശബ്ദം ശ്രവിച്ച കാതുകൾ
ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ.
അങ്ങയുടെ മഹത്തായ
അനുഗ്രഹം ദർശിച്ച നയനങ്ങൾ
അങ്ങയുടെ അനുഗ്രഹീതമായ
പ്രത്യാഗമനം ദർശിക്കട്ടെ.
അങ്ങയെ പരിശുദ്ധൻ എന്നു
ഉൽഘോഷിച്ച നാവുകളെ
സത്യം പറയുവാൻ സന്നദ്ധമാക്കണമേ.
ദേവാലയത്തിൽ ചരിച്ച പാദങ്ങൾ
പ്രകാശത്തിന്റെ സ്ഥലത്തു
സഞ്ചരിക്കുവാൻ ഇടയാകട്ടെ.
അങ്ങയുടെ സജീവമായ ശരീരം ഉൾക്കൊണ്ട
ഞങ്ങളുടെ ശരീരങ്ങളെ
നവജീവൻകൊണ്ട നവീകരിക്കണമേ.
ദൈവമായ അങ്ങയെ ആരാധിക്കുന്ന
ഞങ്ങളുടെ സമൂഹത്തെ
അനുഗ്രഹങ്ങൾകൊണ്ടു സമൃദ്ധമാക്കണമേ.
അങ്ങയുടെ അനന്തമായ സ്നേഹം
ഞങ്ങളോടുകൂടെ എന്നും വസിക്കട്ടെ.
ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും ചെയ്യട്ടെ.
ഞങ്ങളുടെ ഏവരുടേയും യാചനകൾക്കു
അങ്ങു് വാതിൽ തുറക്കണമേ.
ഞങ്ങളുടെ ഈ ശുശ്രൂഷ
അങ്ങയുടെ സന്നിധിയിൽ
സ്വീകാര്യമാകുകയും ചെയ്യട്ടെ.

ഞായറാഴ്ചകളിലും തിരുനാളുകളിലും

സമൂ: ഞങ്ങളുടെ കർത്താവായ ഈശോയെ,
പീഡാസഹനംവഴി മരണത്തെ ജയിച്ച
ആരാധ്യനായ രാജാവേ,
സ്വർഗ്ഗരാജ്യത്തിൽ അങ്ങു്
നവമായ ജീവൻ ഞങ്ങൾക്കു
വാഗ്ദാനം ചെയ്യുവല്ലോ.
ദൈവപുത്രാ, എല്ലാ ഉപദ്രവങ്ങളും
ഞങ്ങളിൽ നിന്നകറ്റി

ഈ ദേശത്തു് സമാധാനവും കൃപയും
വർദ്ധിപ്പിക്കണമേ.
അങ്ങയുടെ മഹത്വമേറിയ പ്രത്യക്ഷീകരണത്തിൽ
ദൈവികജീവൻ പ്രാപിച്ചവരായി
അങ്ങയെ എതിരേല്ക്കുവാൻ
ഞങ്ങളും പുറപ്പെടുകയും ചെയ്യട്ടെ.
ഞങ്ങളുടെ വംശത്തിനു നല്കിയ കൃപയെക്കുറിച്ചു്
ഓശാനപാടി അങ്ങയുടെ നാമത്തെ
ഞങ്ങളും സ്തുതിക്കും.
എന്തുകൊണ്ടെന്നാൽ, ഞങ്ങളോടു
അങ്ങു കാണിച്ച കാരുണ്യം വലുതാകുന്നു.
ഞങ്ങളുടെമേൽ അങ്ങയുടെ സ്നേഹം ഉദയം ചെയ്തു.
അങ്ങയുടെ പരിഹാരബലിവഴി
ഞങ്ങളുടെ പാപങ്ങളും അങ്ങു് ഉന്മൂലനം ചെയ്തു.
അങ്ങയുടെ ഈ ദാനത്തെക്കുറിച്ചു് അങ്ങേയ്ക്കു സ്തുതി.
കനിവോടെ കടങ്ങളും പൊറുക്കുന്നവനേ,
അങ്ങയുടെ സ്വർഗ്ഗീയ ദാനം വാഴ്ത്തപ്പെട്ടതാകുന്നു.
ദൈവമായ അങ്ങേ സ്തുതിച്ചാരാധിക്കുന്നതിനും
എപ്പോഴും സ്തോത്രമാലപിക്കുന്നതിനും
ഞങ്ങളെയെല്ലാവരേയും കരുണാപൂർവ്വം
യോഗ്യരാക്കുകയും ചെയ്യണമേ.

മറ്റു ദിവസങ്ങളിൽ

സമൂ: ഞങ്ങളുടെ കർത്താവേ,
വിശ്വാസപൂർവ്വം ഞങ്ങളും
സ്വീകരിച്ച ദിവ്യരഹസ്യങ്ങളും
ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.
യുഗങ്ങളുടെ രാജാവായ മിശിഹായെ,
അങ്ങു ദാസന്റെയും സ്രഷ്ടാവിന്റെയും
സാദൃശ്യമാകുന്നു.
അങ്ങിൽ വിശ്വസിച്ച സകലരുടെയും
കുറകളും കടങ്ങളും
അങ്ങയുടെ ശരീരരക്തങ്ങളാൽ
നിർമ്മാജ്ജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തു.
അങ്ങയുടെ മഹത്വമേറിയ പ്രത്യാഗമനത്തിൽ
മനോവിശ്വാസത്തോടെ
അങ്ങയെ എതിരേല്ക്കുവാനും
സ്വർഗ്ഗീയ ഗണങ്ങളോടുകൂടെ

അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ.

ശ്രുശ്രൂ: പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ
നാമെല്ലാവരും ഒരുമിച്ചു കൂടുകയും
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ രഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ
യോഗ്യരാവുകയും ചെയ്തു.
നമുക്കെല്ലാവർക്കും അവയുടെ
ദാതാവായ ദൈവത്തിനു
സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂ: അവർണ്ണനീയമായ ദാനത്തെക്കുറിച്ച്
കർത്താവേ, അങ്ങേയ്ക്കു സ്തുതി.

ശ്രുശ്രൂ: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

കാർമ്മികൻ ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: പിതാവും പുത്രനും
പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ
അങ്ങയുടെ മഹനീയമായ നാമത്തെ
സ്തുതിക്കുകയും ആരാധിക്കുകയും
മഹത്വപ്പെടുത്തുകയും ചെയ്യുക
എല്ലാ ദിവസവും ഉചിതവും
എല്ലാ സമയത്തും യുക്തവും
എല്ലാ നാഴികകളിലും യോഗ്യവുമാകുന്നു.
എന്തുകൊണ്ടെന്നാൽ,
ജീവദായകവും ദൈവികവുമായ
അങ്ങയുടെ വചനങ്ങളുടെ
മാധുര്യം ആസ്വദിക്കുവാനും
മാലാഖമാരോടു കൂടെ
തിരുനാമത്തെ സ്തുതിക്കുവാനും
അങ്ങയുടെ ദിവ്യരഹസ്യങ്ങളിൽ
പങ്കുകൊള്ളുവാനും
അത്യന്നതനായ അങ്ങേയ്ക്കു
സ്തുതിയുടെയും കൃതജ്ഞതയുടെയും സ്തോത്രങ്ങളും

ഇടവിടാതെ ആലപിക്കുവാനും
ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവ്വം
അങ്ങു യോഗ്യരാക്കി.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ: കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: നമ്മുടെ കർത്താവും ദൈവവും, രാജാവും രക്ഷകനും
ജീവദായകനുമായ മിശിഹാ,
സകലത്തെയും പവിത്രീകരിക്കുന്ന
അമൂല്യമായ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ
കൃപാപൂർവ്വം നമ്മെ യോഗ്യരാക്കി.
വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുംവഴി
തന്നെ പ്രസാദിപ്പിക്കുവാൻ അവിടുന്നു നമ്മെ
അനുഗ്രഹിക്കയും ചെയ്യട്ടെ.
കർത്താവേ, നിത്യജീവന്റെ അച്ചാരമായി
അങ്ങു ഞങ്ങൾക്കു നല്കിയ ഈ ദിവ്യദാനം
ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും
ഉയർപ്പിന്റെ പ്രത്യാശയ്ക്കും
അങ്ങയുടെ സന്നിധിയിൽ
പ്രീതിജനകമായ വിധം വർത്തിച്ചു
എല്ലാവരോടുമൊന്നിച്ച്
സ്വർഗ്ഗരാജ്യത്തിൽ
നവമായ ജീവനും കാരണമാകട്ടെ.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

സമൂ: ആമ്മേൻ.

മറ്റു ദിവസങ്ങളിൽ

കാർമ്മി: പിതാവും പുത്രനും
പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ
കടങ്ങളുടെ മോചനത്തിനായി
അങ്ങു കാരുണ്യപൂർവ്വം നല്കിയ
സ്വത്യഹ്വും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ ഈ ദാനത്തെക്കുറിച്ച്
അങ്ങയുടെ മഹനീയമായ ത്രിത്വത്തിനു
സ്തുതിയും ബഹുമാനവും കൃതജ്ഞതയും
ആരാധനയും നിരന്തരം സമർപ്പിക്കുവാൻ
ഞങ്ങൾ കടപ്പെട്ടവരാകുന്നു.
സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

സമൂ: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ,
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ ഈ കുർബ്ബാനവഴി
അങ്ങു ഞങ്ങളുടെ കടങ്ങളും
പാപങ്ങളും മോചിക്കുകയും
അപരാധങ്ങളും ക്ഷമിക്കുകയും ചെയ്തു.
അങ്ങയുടെ ആരാധ്യമായ
ഈ ദാനം വാഴ്ത്തപ്പെട്ടതാകുന്നു.
സകലത്തിന്റെയും നാഥാ എന്നേയ്ക്കും

സമൂ: ആമ്മേൻ.

എല്ലാവരും: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ഇതു് ഉപേക്ഷിക്കാവുന്നതാണു്. കുർബ്ബാന
യുടെ ആരംഭത്തിലേതുപോലെ.
കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ
ചെന്നു് ജനങ്ങളുടെ നേരെ തിരിഞ്ഞു് താഴെ
വരുന്ന സമാപനാശീർവ്വാദം (ഹുത്താമാ) നല്കുന്നു

ഞായറാഴ്ചകളിലും തിരുനാളുകളിലും

കാർമ്മി: പിതാവായ ദൈവം
നമ്മുടെ കർത്താവീശോമിശിഹാ വഴി
അരുപിയുടെ എല്ലാ ദാനങ്ങളും
നൽകി നമ്മെ അനുഗ്രഹിച്ചു.
തന്റെ മഹത്വപൂർണ്ണമായ സ്വർഗ്ഗരാജ്യത്തിലേയ്ക്കു്
നമ്മെ ക്ഷണിക്കുകയും
അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേയ്ക്കു
നമ്മെ ആനയിക്കുകയും ചെയ്തു.
മിശിഹാ തന്റെ ജീവദായകമായ സുവിശേഷംവഴി
ശിഷ്യഗണത്തോടു ഇപ്രകാരം വാഗ്ദാനം ചെയ്തു.
''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു:
എന്റെ ശരീരം ഭക്ഷിക്കുകയും
എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ
എന്നിലും ഞാൻ അവനിലും വസിക്കും.
അവസാനദിവസം ഞാൻ അവനെ ഉയിർപ്പിയ്ക്കും
അവൻ ശിക്ഷാവിധിക്കു വിധേയനാവുകയുമില്ല,
പ്രത്യുത, മരണത്തിൽ നിന്നു
നിത്യായുസ്സിലേക്കു പ്രവേശിക്കും''
ഈ വാഗ്ദാനമനുസരിച്ചു്

ഈ കുർബ്ബാനയിൽ പങ്കുകൊണ്ട
നമ്മുടെ സമൂഹത്തെ
ദൈവം കനിഞ്ഞനുഗ്രഹിക്കട്ടെ.
നമ്മുടെ ഓരോരുത്തരുടേയും ജീവിതാവസ്ഥയ്ക്ക്
ആവശ്യമായ അനുഗ്രഹങ്ങൾ
അവിടുന്നു കാരുണ്യപൂർവ്വം വർഷിക്കട്ടെ.
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ രഹസ്യങ്ങളിൽ
സംബന്ധിക്കുകയും
അവയെ അനുഭവിക്കുകയും ചെയ്ത നമ്മെ
അവിടുന്നു ദയാപൂർവ്വം ധന്യരാക്കട്ടെ.
കർത്താവിന്റെ കുരിശിന്റെ
സജീവമായ അടയാളത്താൽ
നാമെല്ലാവരും മുദ്രിതരാകട്ടെ.
രഹസ്യവും പരസ്യവുമായ
എല്ലാ വിപത്തുകളിലും നിന്നു
സംരക്ഷിതരുമാകട്ടെ,
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

മറ്റു ദിവസങ്ങളിൽ

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹാ
വാഴ്ത്തപ്പെട്ടവനാകട്ടെ.
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ രഹസ്യങ്ങളാൽ
നാം അവിടുത്തെ ശുശ്രൂഷിക്കുകയും സ്തുതിക്കുകയും
ബഹുമാനിക്കുകയും ചെയ്യ.
തന്റെ രാജ്യത്തിന്റെ മഹത്വത്തിനും
പരിശുദ്ധ മാലാഖമാരോടൊത്തുള്ള ആനന്ദത്തിനും
തിരുസ്സന്നിധിയിലുള്ള സന്തുഷ്ടിക്കും
സ്വർഗ്ഗീയ ജറുസലേമിൽ
തന്റെ വലതുഭാഗത്തുള്ള സ്ഥാനത്തിനും
അവിടുന്നു നമ്മെ യോഗ്യരാക്കട്ടെ.
നമ്മുടെയും ലോകം മുഴുവന്റെയും
തിരുസ്സഭയുടെയും അവളുടെ മക്കളുടെയും മേൽ
അവിടുത്തെ കൃപയും അനുഗ്രഹവും വഷ്ിക്കപ്പെടട്ടെ
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

(വേറൊന്ന്)

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹാ
വാഴ്ത്തപ്പെട്ടവനാകട്ടെ.
അവിടുന്നു തന്റെ ശരീരരക്തങ്ങളാൽ
നമുക്കു നവജീവൻ നല്കുകയും
നമ്മുടെ പാപങ്ങളുടെ കറ
മായിച്ചുകളയുകയും ചെയ്തു.
ദൈവത്തിന്റെ ജനമേ, നിങ്ങളുടെ മേൽ
അവിടുന്നു കൃപാവരം ചൊരിയട്ടെ.
തെരഞ്ഞെടുക്കപ്പെട്ട അജഗണമേ,
നിങ്ങളുടെമേൽ കർത്താവു സംപ്രീതനാകട്ടെ.
തന്റെ പരിപാലനയുടെ വലംകൈ
മിശിഹാ നിങ്ങളുടെമേൽ നിഴലിപ്പിക്കുകയും
സമാധാനവും ശാന്തിയും നല്കി
നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.
ഇപ്പോഴും, എപ്പോഴും ✠ എന്നേയ്ക്കും

സമൂ: ആമ്മേൻ.

മരിച്ചവരുടെ അനുസ്മരണാ ദിവസങ്ങളിൽ

കാർമ്മി: കാരുണ്യവാനായ കർത്താവു
നമ്മുടെ പ്രാർത്ഥന കേൾക്കട്ടെ.
നിഷ്കളങ്കനായ ആബേൽ അർപ്പിച്ച
ആദ്യത്തെ ബലിപോലെയും
നീതിമാനും നിർമ്മലനുമായ നോഹിന്റെയും
കർത്താവിൽ വിശ്വസിച്ച അബ്രാഹമിന്റെയും
ക്ഷമാപൂർണ്ണനായ യോബിന്റെയും
സത്യപ്രവാചകനായ ഏലിയായുടെയും
വിരുന്നുശാലയിൽ ശ്രീഹന്മാരുടെയും
ബലികർമ്മംപോലെയും
വിധവയുടെ കൊച്ചുകാശുപോലെയും
ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ചു
കർത്താവേ, ഞങ്ങളുടെ മരിച്ചുപോയവരുടെ
കടങ്ങൾ പൊറുക്കണമേ.

അങ്ങയുടെ ദാസന്നു് (ദാസിക്കു, ദാസർക്കു)
വേണ്ടിയുള്ള ഈ ബലി
കനിവോടെ അങ്ങു സ്വീകരിക്കേണമേ.
അങ്ങയുടെ ഇഷ്ടം നിറവേറിയ
സകല നീതിമാന്മാരോടും കൂടെ
സ്വർഗ്ഗീയ മണവറയ്ക്കു ഈ സഹോദരനെ
(സഹോദരിയെ, സഹോദരരേ)
അർഹൻ (അർഹ–അർഹർ) ആക്കണമെ.
കർത്താവേ, അങ്ങയുടെ ദാസനു(ദാസിക്കു, ദാസക്കു)
ഈ ബലി സ്വീകരിക്കുകയും
ഈ ആളുടെയും മറ്റു മരിച്ച വിശ്വാസികളുടെയും
കടങ്ങളും പാപങ്ങളും പൊറുക്കുകയും ചെയ്യണമേ.
കാരുണ്യവാനായ കർത്താവേ, അങ്ങയുടെ
ഈ എളിയ ദാസനെ (ദാസിയെ, ദാസരെ)
സ്വർഗ്ഗരാജ്യത്തിൽ അങ്ങയുടെ വലത്തു ഭാഗത്തു്
നീതിമാന്മാരോടുകൂടെ വസിക്കുവാൻ
യോഗ്യനാ (യോഗ്യയാ, യോഗ്യരാ) ക്കണമേ
സ്വീകാര്യവും ഭാഗ്യപൂർണ്ണവുമായ സ്ഥലത്തു്
ഇന്നുമുതൽ ഈ സഹോദരനെ
(സഹോദരിയെ, സഹോദരരെ) സ്മരിക്കുകയും
നിത്യാശ്വാസം നൽകി
ആനന്ദിപ്പിക്കുകയും ചെയ്യണമേ.
അവിടെ ഈ ആത്മം (ഇവർ) ത്രിയേകദൈവത്തിനു
സ്തുതിയും സ്തോത്രവും ബഹുമാനവും ആരാധനയും
എന്നേയ്ക്കും സമർപ്പിക്കട്ടെ
ഇന്നത്തെ ഈ ദിവ്യകർമ്മങ്ങളിൽ സംബന്ധിച്ച
നിങ്ങളെ എല്ലാവരെയും
കാരുണ്യവാനായ കർത്താവു്
സമൃദ്ധമായി അനുഗ്രഹിക്കട്ടെ.
ഇപ്പോഴും എപ്പോഴും ✠ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

കാർമ്മികൻ മദ്ബഹായുടെ മധ്യത്തിൽവന്നു് ആചാരം ചെയ്തശേഷം (അൾത്താര ചുംബിച്ചശേഷം) സഹകാർമ്മികരും ശുശ്രൂഷകരോടൊപ്പം സങ്കീർത്തിയിലേയ്ക്കു മടങ്ങുന്നു.

വിടവാങ്ങൽ പ്രാർത്ഥന

കാർമ്മി: വിശ്രുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്വസ്തി
ഞങ്ങളുടെ കർത്താവിന്റെ കബറിടമേ, സ്വസ്തി
നിന്നിൽനിന്നു ഞങ്ങളം സ്വീകരിച്ച കുർബ്ബാന
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.
ഇനി ഒരു ബലി അർപ്പിക്കുവാൻ
ഞങ്ങളം വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

റാസക്രമം സമാപനം

★★

മറെറാരു ഘടന

കാഴ്ചവയ്പിൻെറയും വിശ്വാസപ്രമാണത്തിൻെറയും സ്ഥാനവ്യത്യാസം അവലംബിച്ചുള്ളതു്

രണ്ടാംഡീക്കൻ കാറോസൂസ ചൊല്ലുമ്പോഴും (31–ാം പേജു്) ആർച്ചുഡീക്കൻ പീലാസായും ഒന്നാംഡീക്കൻ കാസായും ബേസ്ഗസാകളിൽ ഒരുക്കി വയ്ക്കുന്നു.

സാഷ്ടാംഗ പ്രണാമത്തിനുശേഷം

ആർച്ചുഡീക്കനും ഡീക്കന്മാരും മദ്ബഹായിലേയ്ക്കു പോകുന്നു. ഒന്നാംഡീക്കൻ അപ്പം ഒരുക്കിവെച്ചിരിക്കുന്ന മേശയിൽനിന്നു് പീലാസാ ഇരുകരങ്ങളുംകൊണ്ടും എടുക്കുന്നു. അതു നെറ്റിവരെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ബലിപീഠത്തിൻെറ മദ്ധ്യത്തിലേയ്ക്കു വരുന്നു. രണ്ടാംഡീക്കൻ ഒരുക്കിവെച്ചിരിക്കുന്ന കാസാ മേൽപറഞ്ഞവിധം എടുത്തു് ബലിപീഠത്തിങ്കലേയ്ക്കു കൊണ്ടുവരുന്നു. കാസായും പീലാസായും അവർ ബലിപീഠത്തിങ്കൽ നില്ക്കുന്ന ആർച്ചുഡീക്കനെ ഏല്പിക്കുന്നു.

ഈ അവസരത്തിൽ കാർമ്മികൻ കൈകഴുകുന്നു.

കാർമ്മി: സകലത്തിൻെറയും നാഥനായ ദൈവം തൻെറ കൃപാസമൃദ്ധിയിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകഴുകൽ തുടയ്ക്കുന്നു

സമൂ: കർത്താവു തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചു നീക്കുകയും ചെയ്യട്ടെ.

ഓനീസാ ദ്റാസേ

ആർച്ചുഡീ: കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.

സമൂ: വിശുദ്ധബലിപീഠത്തിന്മേൽ
മിശിഹായുടെ ശരീരവും
അമൂല്യമായ രക്തവും
നമുക്കെല്ലാവർക്കും ഭയഭക്തികളോടെ
സ്നേഹപൂർവ്വം അവിടുത്തേയ്ക്കു സമർപ്പിക്കാം.
മാലാഖാമാരോടൊത്തു് ദൈവമായ കർത്താവു്
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്നു പാടി സ്തുതിക്കുകയും ചെയ്യാം.

താഴെവരുന്നതു ഉപേക്ഷിക്കാം

ഡീക്കന്മാർ: ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും.

സമൂ: വിശുദ്ധ ബലിപീഠത്തിന്മേൽ (ശേഷവും)

ആർച്ചുഡീക്കൻ വലതുകൈയിൽ കാസായും
ഇടതുകൈയിൽ പിലാസായും പിടിച്ചു് കുരി
ശാകൃതിയിൽ ഉയർത്തുന്നു.

ശ്ലൂശ്മാ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

ആർച്ചുഡീ: അങ്ങയുടെ ആരാധ്യമായ ത്രീത്വത്തെ
എപ്പോഴും എന്നേയ്ക്കും ഞങ്ങൾ സ്തുതിക്കും.

സമൂ: ആമ്മേൻ.

ആർച്ചുഡീ: നമ്മുടെ രക്ഷയ്ക്കുവേണ്ടി

സമൂഹവും ചേർന്നു്

തന്നെത്തന്നെ ബലിയർപ്പിക്കുകയും
തന്റെ പീഡാനുഭവത്തിന്റെയും
മരണത്തിന്റെയും
സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
ഓർമ്മ ആചരിക്കുവാൻ
കല്പിക്കുകയും ചെയ്ത മിശിഹാ
തന്റെ കൃപയാലും അനുഗ്രഹത്താലും
ഈ ബലിവസ്തുക്കൾ നമ്മുടെ കരങ്ങളിൽനിന്നു
സ്വീകരിക്കുമാറാകട്ടെ. എന്നേയ്ക്കും ആമ്മേൻ.

(അല്ലെങ്കിൽ ഗാനം പേജ് 44)

തുടർന്നു ചൊല്ലുന്നു.

ആർച്ചുഡീ: ഞങ്ങളുടെ ദൈവമായ കർത്താവേ,
മിശിഹായുടെ മഹത്വമേറിയ
രണ്ടാമത്തെ ആഗമനംവരെ
സ്തുത്യർഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ ബലി അർപ്പിക്കപ്പെടണമെന്ന
കല്പനയനുസരിച്ച്
വിശുദ്ധ ബലിപീഠത്തിന്മേൽ
ഇവ സജ്ജീകരിക്കപ്പെട്ടുന്നു.
അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും
കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ.
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും

സമൂ: ആമ്മേൻ.

അനന്തരം ആർച്ചുഡീക്കൻ പീലാസാ വലതു വശത്തും കാസാ ഇടത്തുവശത്തുമായി ബലി പീഠത്തിന്മേൽവച്ചു ശോശപ്പാകൊണ്ടു മൂടുന്നു. ആർച്ചുഡീക്കനും ഡീക്കന്മാരും ബേമായിലേയ്ക്കു പോകുന്നു.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദൈവമാതാവായ കന്യകാമറിയത്തേയും
നീതിമാനായ മാർ യൗസേപ്പിനേയും
ബലിപീഠത്തിങ്കൽ നമുക്കു് അനുസ്മരിക്കാം.

സമൂ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
ദൈവപുത്രന്റെ ശ്രീഹന്മാരേ,
ഏകജാതന്റെ സ്നേഹിതരേ,
സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

കാർമ്മി: ജനങ്ങളെല്ലാം "ആമ്മേൻ" എന്നുദ്ഘോഷിക്കട്ടെ.
നമ്മുടെ പിതാവായ മാർ തോമാശ്ലീഹായേയും
മകുടം ചൂടിയ രക്തസാക്ഷികളേയും
വിജയം വരിച്ച നീതിമാന്മാരേയും
ബലിപീഠത്തിന്മേൽ നമുക്കനുസ്മരിക്കാം.

സമൂ: ബലവാനായ കർത്താവു നമ്മോടുകൂടെ.
നമ്മുടെ രാജാവു നമ്മോടുകൂടെ
നമ്മുടെ ദൈവം നമ്മോടുകൂടെ
യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

കാർമ്മി: ചെറിയവരും വലിയവരും,
അങ്ങേ മഹനീയമായ ഉത്ഥാനംവഴി
അങ്ങു മഹത്വത്തോടെ
ഉയർപ്പിക്കുമെന്ന പ്രതീക്ഷയിൽ
മരിച്ചവരെല്ലാം നിദ്രചെയ്യുന്നു.

സമൂ: തിരുസ്സന്നിധിയിൽ ഹൃദയങ്ങൾ തുറക്കുവിൻ.
ഉപവാസത്താലും പ്രാർത്ഥനയാലും
പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും
മിശിഹായേയും അവിടുത്തെ പിതാവിനെയും
പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.

മദ്ബഹായുടെ കവാടത്തിങ്കൽ നന്നായി കുനി
ഞ്ഞു നിന്നു് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

കാർമ്മി: മനസ്സാക്ഷിയെ നിർമ്മലമാക്കിക്കൊണ്ടും
ഹൃദയത്തെ വെടിപ്പാക്കിക്കൊണ്ടും
വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു് ബലിപീഠത്തിനു
മുമ്പിൽ ഭക്തിയോടെ വ്യാപരിക്കുവാൻ
കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ.
ആദ്ധ്യാത്മികവും മനുഷ്യപ്രകൃതിക്കു ചേർന്നതുമായ
ബലികർമ്മം യഥാർത്ഥ വിശ്വാസത്തോടെ
അങ്ങേയ്ക്കർപ്പിക്കുവാൻ ഞങ്ങളെ
യോഗ്യരാക്കുകയും ചെയ്യണമേ.

തുടർന്നു കാർമ്മികൻ വിശ്വാസ പ്രമാണത്തി
ന്റെ ആദ്യപാദം പാടുന്നു.

കാർമ്മി: വിശ്വസിക്കുന്നു ഞങ്ങൾ, വിശ്വസിക്കുന്നു ഞങ്ങൾ
ദൃശ്യാദൃശ്യങ്ങൾ സർവ്വവും സൃഷ്ടിച്ച
താതനാം ദൈവത്തിൽ വിശ്വസിക്കുന്നു ഞങ്ങൾ

ഗായകസംഘം സമൂഹത്തോടു ചേർന്നു തുടർന്നു
പാടുന്നു.

താതനാം ദൈവത്തിനേകതനയനാം
ഈശോമിശിഹായിൽ വിശ്വസിക്കുന്നു ഞങ്ങളം
സൃഷ്ടിയല്ലാ, സൃഷ്ടികൾക്കുമുമ്പു്
താതനിൽനിന്നവൻ ആദിയിൽ ജാതനായി.
വിശ്വസിക്കുന്നു ഞങ്ങളം (2)

ദൈവത്തിൽനിന്നുള്ള ദൈവമാണീസുതൻ
സത്തയിൽ താതനുമായു്
ഐക്യത്തിൽ വാണിടുന്നു.
ലോകവും, ലോകത്തിലുണ്ടായ വസ്തുക്ക–
ളെല്ലാം തീർത്തതീപുത്രൻമൂലമല്ലോ;
മർത്യകുലത്തിനു രക്ഷയേകീടുവാൻ
സ്വർഗ്ഗത്തിൽ നിന്നവൻ
മർത്യനായു് വന്നുഭൂവിൽ.
വിശ്വസിക്കുന്നു ഞങ്ങളം (2)

പാവനാത്മാവിനാൽ കന്യാസൂനുവായു്
മേരിയിൽ നിന്നവൻ ഭൂമിയിൽ ജാതനായി.
പീലാത്തോസിന്റെ കാലത്തു നിസ്തുല
പീഠകളേറവൻ ക്രൂശിതനായു് മരിച്ചു;
കല്ലറയിൽനിന്നു മൂന്നാംദിനമവൻ
ഉത്ഥാനംചെയ്തു സ്വർഗ്ഗത്തിലേയ്ക്കുയർന്നു.
വിശ്വസിക്കുന്നു ഞങ്ങളം (2)

നിത്യനാംതാതന്റെ വലതുഭാഗത്തവൻ
വിജയപ്രതാപനായു് സിംഹാസനസ്ഥനായു്
ജീവനുള്ളോരെയും മൃതരേയുമന്ത്യത്തിൽ
മുറപോൽ വിധിക്കുവാനായണയും
വിയത്തിൽ വീണ്ടും
ജീവൻ നൽകുന്ന സത്യാത്മാവിലും വിശ്വസിക്കുന്നു ഞങ്ങളം
വിശ്വസിക്കുന്നു ഞങ്ങളം (2)

സാർവ്വജനീനമായു് പരിശുദ്ധമേകമാം
ശ്ലൈഹികസഭയിലും വിശ്വസിക്കുന്നു ഞങ്ങളം
പാപത്തിനെല്ലാം മോചനം നൽകുന്ന
മാമ്മോദീസായിൽ വിശ്വസിക്കുന്നു ഞങ്ങളം;
മർത്യകുലത്തിന്റെ അന്തിമോത്ഥാനവും
നിത്യമാം ജീവനും വിശ്വസിക്കുന്നു ഞങ്ങളം
വിശ്വസിക്കുന്നു.....

കാർമ്മികൻ ഡീക്കനെ ആശീർവ്വദിക്കുന്നു.

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം
അവിടുത്തെ സ്തുതിക്കുന്നതിനും
നിന്നെ ശക്തനാക്കട്ടെ

കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി
ക്കൊണ്ട് മുന്നുപ്രാവശ്യം വന്ദിച്ച് ബലിപീ
ത്തെ സമീപിക്കുന്നു.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ,
സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും
നാഥനായ പിതാവേ,
അങ്ങയെ ഞാൻ സ്തുതിക്കുന്നു
അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ
സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും
ദൈവികവുമായ ഈ ബലി അർപ്പിക്കുവാൻ
പാപിയായ എന്നെ
കാരുണ്യപൂർവ്വം അങ്ങു യോഗ്യനാക്കി
ഇതുവഴി കടങ്ങളുടെ പൊറുതിയും
പാപങ്ങളുടെ മോചനവും ആത്മാക്കളുടെ രക്ഷയും
ലോകം മുഴുവനിലും സമാധാനവും
സകലർക്കെല്ലാം ശാന്തിയും കൈവരട്ടെ.

1-ാം ഡീ: മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ—
നമ്മുടെ പിതാക്കന്മാർക്കുവേണ്ടിയും—
പുരോഹിതന്മാർ മന്ത്രശാസ്ത്രജ്ഞാനമാർ
എന്നിവർക്കു വേണ്ടിയും—
നമ്മുടെ മാതാപിതാക്കന്മാർ,
സഹോദരീ സഹോദരന്മാർ
ബന്ധുക്കൾ, മിത്രങ്ങൾ, ആദിയായവർക്കുവേണ്ടിയും
നമുക്ക് ഇപ്പോൾ ദൈവത്തോടു പ്രാർത്ഥിക്കാം.
പ്രവാചകന്മാരേയും ശ്ലീഹന്മാരേയും
വന്ദകരേയും രക്തസാക്ഷികളേയും
നമുക്ക് അനുസ്മരിക്കാം.
ദൈവം അവസാന നാളിൽ
അവരെ നിത്യകിരീടമണിയിക്കുമ്പോൾ,
അവരോടുകൂടി നമ്മേയും സ്വർഗ്ഗരാജ്യത്തിലേയ്ക്കു
സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

കാർമ്മികൻ അൾത്താരയുടെ മദ്ധ്യത്തിലും
വലത്തുവശത്തും ഇടത്തുവശത്തും ചുംബിക്കുന്നു.
കാർമ്മികൻ മുകളിലേക്ക് കൈകൾ ഉയർത്തി

കാർമ്മി: കർത്താവേ, ആശീർവ്വദിക്കണമേ.

ജനങ്ങളുടെ നേരെ തിരിഞ്ഞ് കൈകൾനീട്ടി
വിടർത്തിക്കൊണ്ട്

സഹോദരരേ, ഈ കുർബ്ബാന എന്റെ കരങ്ങൾവഴി
പൂർത്തിയാകുവാൻവേണ്ടി നിങ്ങൾപ്രാർത്ഥിക്കുവിൻ.

സമൂ: സകലത്തിന്റെയും നാഥനായ ദൈവം
തന്റെ അഭീഷ്ടം നിറവേറ്റുവാൻ
അങ്ങയെ ശക്തനാക്കട്ടെ.
അങ്ങ് അർപ്പിക്കുന്ന കുർബ്ബാന
സ്വീകരിക്കുമാറാകട്ടെ.
ഞങ്ങൾക്കും അങ്ങേയ്ക്കും
ലോകംമുഴുവനും വേണ്ടിയുള്ള
ഈ കുർബ്ബാനയിൽ അവിടുന്നു കരുണാപൂർവ്വം
സംപ്രീതനാവുകയും ചെയ്യട്ടെ.

കാർമ്മി: കർത്താവായ ദൈവമേ,
ഞങ്ങളുടെ പാപങ്ങളുടെ ആധിക്യം
അങ്ങ് പരിഗണിക്കരുതേ.
ഞങ്ങളുടെ തിന്മയുടെ ഭാരം
നാഥനായ അങ്ങയെ വെറുപ്പിക്കാതിരിക്കട്ടെ.
കർത്താവായ മിശിഹായേ,
ഞങ്ങളിൽനിന്നു സ്വീകരിച്ച മനുഷ്യത്വത്തോടെ
സമയത്തിന്റെ സമാപ്തിയിൽ
അവിടുന്നു പ്രത്യക്ഷനാകുമ്പോൾ
തിരുസ്സന്നിധിയിൽ കൃപയും അനുഗ്രഹവും
ഞങ്ങൾ കണ്ടെത്തുവാനും
സ്വർഗ്ഗീയ ഗണങ്ങളോടുകൂടി
അങ്ങയെ സ്തുതിക്കുന്നതിനു
ഞങ്ങൾ യോഗ്യരാകുവാനും
അങ്ങയുടെ അവർണ്ണനീയമായ കൃപയാൽ
ഈ ബലി പവിത്രീകരിക്കണമേ.
ഞങ്ങളുടെ നിരവധിയായ പാപങ്ങൾ
മായിച്ചുകളയുവാൻ
അതിനു കഴിവും ശക്തിയും നല്കുകയും ചെയ്യണമേ.